ജനകീയാസൂത്രണം

വികസന റിപ്പോർട്ട്

പൂയപ്പള്ളി ഗ്രാമ പഞ്ചായത്ത്

19-2

അധികാരം ജനങ്ങളിലേയ്ക്ക്

ഒൻപതാംപദ്ധതി ജനകീയ പദ്ധതി

ജനകീയാസൂത്രണം

വികസനറിപ്പോർട്ട്.

പൂയപ്പള്ളി ഗ്രാമപഞ്ചായത്ത്.

000000 000001



പഞ്ചായത്തുകമ്മിറ്റി

1. ആർ. ജയശ്രീ (പ്രസിഡൻറ്)
2. ആർ. വേണുഗോപാലൻ (വൈസ്ചെയർമാൻ)
3. ഡി. ജോൺ (സ്റ്റാൻഡിംഗ്കമ്മിറ്റി ചെയർമാൻ)
4. എസ്. ബേബിഗിരിജ
5. എൻ. രാധാമണിഅമ്മ
6. വിലാസിനി ശ്രീധരൻ
7. കെ. ഗംഗാധരൻ
8. ആർ. ശിവദാസക്കുറുപ്പ്
9. എസ്. എം. ഹംസാറാവുത്തർ
10. ജി. പ്രശാന്തകുമാർ

സെക്രട്ടറി — കെ. ശിവദാസൻപിള്ള

ജില്ലാ പഞ്ചായത്തുമെമ്പർ — കെ. ആർ. ചന്ദ്രമോഹൻ

ബ്ലോക്കുപഞ്ചായത്തുമെമ്പർമാർ — 1. എം. സി. ജേക്കബ്

— 2. ജെ. ഗീത

000003

ജില്ലാ റിസോഴ്സ് പേഴ്സൺസ്

1. എൻ. ജനാർദ്ദനക്കുറുപ്പ് (കൺവീനർ)
2. എൻ. ശശിധരൻ
3. മൈലോട് നീലാംബരൻ
4. എൻ. വാമദേവൻ
5. വി. ജി. അലക്സാണ്ടർ

കോർഗ്രൂപ്പ് കൺവീനർമാർ

1.	കൃഷിയും ജലസേചനവും	—	ആർ. നാരായണപിള്ള
2.	മൃഗസംരക്ഷണവും, മൽസ്യകൃഷിയും	—	എം.പി. വിശ്വനാഥൻപിള്ള
3.	വ്യവസായം	—	സി. രാഘവൻ
4.	ഊർജ്ജം—ഗതാഗതം	—	പി. സി. തൈനാൻ
5.	പാർപ്പിടം—സാമൂഹ്യക്ഷേമം	—	ജി. ശശിധരൻ
6.	ആരോഗ്യം—കുടിവെള്ളം	—	എൻ. തങ്കപ്പൻ
7.	വിദ്യാഭ്യാസം	—	എം. ഡി. ജോൺ
8.	സംസ്ക്കാരം. യുവജനക്ഷേമം	—	എൻ. ചന്ദ്രശേഖരൻ
9.	വനിത	—	ലളിതാ സദാശിവൻ
10.	സഹകരണം	—	കെ. സി, അലക്സാണ്ടർ
11.	പട്ടികജാതി—പട്ടികവർഗ്ഗക്ഷേമം	—	എൻ. രവീന്ദ്രൻ
12.	വിഭവസമാഹരണം	—	കെ. ആർ. മോഹനൻപിള്ള

മുഖവുര

കേരളത്തിന്റെ ആസൂത്രണപ്രക്രിയയുടെ ചരിത്രത്തിൽ ഒരു പുതിയ അനുഭവമായി മാറാൻപോകുന്ന ജനകീയാസൂത്രണപ്രസ്ഥാനത്തിന് വിജയകരമായി തുടക്കംകുറിച്ചിരിക്കുകയാണ്. ജനങ്ങളുടെ ജീവിതനിലവാരം പടിപടിയായി ഉയർത്താൻ സഹായകമാകേണ്ട പദ്ധതികളും, ഇന്നലെവരെ ഉദ്യോഗസ്ഥതലത്തിൽ, കേന്ദ്രീകൃതമായിട്ടാണ് ആസൂത്രണം ചെയ്തുപോന്നത്. അതിൽനിന്ന് തികച്ചും വിഭിന്നമായി ആസൂത്രണം തന്നെ ജനങ്ങളെകൊണ്ട് നടത്തിക്കുക, പദ്ധതികളും ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുക എന്നതാണ് ജനകീയാസൂത്രണപദ്ധതിയുടെ ലക്ഷ്യം.

ഈ ലക്ഷ്യം പൂയപ്പള്ളി പഞ്ചായത്തിൽ സാധിതപ്രായമാക്കുന്നതിനുവേണ്ടിപ്ലാനിംഗ് ബോർഡിന്റെ നിർദ്ദേശപ്രകാരമുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്. പഞ്ചായത്ത് തലത്തിലുള്ളആസൂത്രണപ്രക്രിയയുടെ കേന്ദ്രബിന്ദുവായ വികസനസെമിനാറിൽ ചർച്ച ചെയ്യപ്പെടാൻവേണ്ടി തയ്യാറാക്കിയിട്ടുള്ളതാണ് ഈ റിപ്പോർട്ട്.

ജനജീവിതത്തെ ബാധിക്കുന്ന മുഴുവൻ പ്രശ്നങ്ങളും പന്ത്രണ്ട് വിഷയങ്ങളായി തിരിച്ച് ഗ്രാമസഭകളിൽ ചർച്ചചെയ്ത് തയ്യാറാക്കിയ റിപ്പോർട്ടുകൾ, വിവിധ സർക്കാർആഫീസുകളിലും സ്ഥാപനങ്ങളിലും നിന്ന് ശേഖരിച്ച സ്ഥിതിവിവരക്കണക്കുകൾ, പഞ്ചായത്തുതലശില്പശാലകളിൽ നടന്ന ചർച്ചയുടെ അടിസ്ഥാനത്തിൽ ക്രോഡീകരിച്ച വിവരങ്ങൾ, സെൻറർ ഫോർ എർത്ത് സയൻസ് സ്റ്റഡീസിന്റെ ആഭിമുഖ്യത്തിൽ തയാറാക്കിയ പഞ്ചായത്തിന്റെ വിഭവഭൂപടം, ഉദ്യോഗസ്ഥൻമാരിൽനിന്നും ശേഖരിച്ച നടപ്പുപദ്ധതികളുടെ അവലോകനം, പഴമക്കാരിൽനിന്നും ശേഖരിച്ച വിവരങ്ങൾ പഞ്ചായത്തിന്റെ തെക്കേ അറ്റത്തുള്ള തണ്ണീർക്കുടിയിൽനിന്നും വടക്കേ അറ്റത്തുള്ള മണ്ടയ്ക്കാട്ട്നട വരെ നടത്തിയ പഠനപര്യടനം ഇവ ഒക്കെയാണ് ഈ റിപ്പോർട്ട് തയ്യാറാക്കുന്നതിനും ആധാരമായത്.

പഞ്ചായത്തുതല റിസോഴ്സ്പേർസൺസിനെ പന്ത്രണ്ട് ഗ്രൂപ്പുകളായി തിരിച്ച്, അവരാണ് ഓരോ വിഷയത്തേയും സംബന്ധിച്ച പ്രാഥമിക റിപ്പോർട്ട് തയ്യാറാക്കിയത്. ഈ റിപ്പോർട്ടുകളും സ്ഥിതിവിവരകണക്കുകളും ഉദ്യോഗസ്ഥൻമാരിൽനിന്നും പഴമക്കാരിൽനിന്നും ശേഖരിച്ച വിവരങ്ങളും, പഠനപര്യടനത്തിൽനിന്നും ശേഖരിച്ച വിവരങ്ങളും സമന്വയിപ്പിച്ച് ജില്ലാ റിസോഴ്സ്പേർസൺസ് കുടിയിരുന്നാണ് ഈ റിപ്പോർട്ടിന് അവസാന രൂപം നൽകിയത്.

റിപ്പോർട്ട് തയ്യാറാക്കുന്നതിന് മേൽവിവരിച്ച പലവിധ പ്രവർത്തനങ്ങൾക്ക്, വിവിധ തലങ്ങളിലായി ഒട്ടേറെ പേർ ആത്മാർത്ഥമായി പരിശ്രമിച്ചിട്ടുണ്ട്. അവരെയെല്ലാം കൃതജ്ഞതാപൂർവ്വം അനുസമ്രിക്കുന്നു.

വിഭവഭൂപടം പൂർത്തിയാക്കുന്ന കാര്യത്തിലും ആമുഖത്തിലെ "ഭൂപ്രകൃതിയും വിഭവങ്ങളും" എന്ന അദ്ധ്യായം തയ്യാറാക്കുന്നതിലും റിപ്പോർട്ടിൽ ചേർത്തിട്ടുള്ള ഗ്രാഫുകൾ തയ്യാറാക്കിയതിന് സഹായിച്ച സെൻറർ ഫോർ എർത്ത് സയൻസ് സ്റ്റഡീസിലെ (CESS) ശാസ്ത്രജ്ഞൻ ശ്രീ. എസ്, കുമരേശന്റെ സേവനം ഈ റിപ്പോർട്ട് തയ്യാറാക്കുന്നകാര്യത്തിൽ വിലപ്പെട്ടതാണ്.

വിശദമായ പരിശോധനയ്ക്കും ചർച്ചയ്ക്കും കൂടുതൽ നിർദ്ദേശങ്ങൾക്കും വേണ്ടി ഈ റിപ്പോർട്ട് വികസനസെമിനാർ മുമ്പാകെ സമർപ്പിക്കുന്നു.

ആർ. ജയശ്രീ
(പഞ്ചായത്ത് പ്രസിഡൻറ്)

എൻ. ജനാർദ്ദനക്കുറുപ്പ്
(പഞ്ചായത്ത് ജനകീയ ആസൂത്രണസമിതി കൺവീനർ)

പൂയപ്പള്ളി,
10-12-1996.

900000

ചിത്രം - I


72°
88°
ഇൻഡ്യാ
28°
12°
0 600 കി.മീ.


75°
76°
77°
കേരളം
0 80 കി.മീ.
12°
11°
10°
9°


കൊല്ലം
ബ്ലോക്കുകൾ
0 10 കി.മീ.
പത്തനാപുരം
പുനലൂർ
ഗാന്ധിക്കോട്
കുന്നത്തൂർ
കുന്നത്തുമല
ചിറ്റുമല
ചവറ
കൊട്ടാരക്കര
അഞ്ചൽ
ചടയമംഗലം
ഇത്തിക്കര

000007

കൊല്ലം ജില്ല ചിത്രം - II

പഞ്ചായത്തുകൾ

പൂയപ്പള്ളി പഞ്ചായത്ത്

Source : PRM Programme, CESS

600000

000010

ചിത്രം - VII

പൂയപ്പള്ളി പഞ്ചായത്ത്



① വില്ലേജ് ഓഫീസ്
② പഞ്ചായത്ത് ഓഫീസ്
③ ഗവൺമെന്റ് ഹൈസ്കൂൾ
④ എസ്. സി. ടി.
⑤ സബ് രജിസ്ട്രാർ ഓഫീസ്
⑥ ഇ. എസ്. ഐ. ആശുപത്രി.
⑦ പ്രാഥമിക ആരോഗ്യ കേന്ദ്രം.
⑧ എസ്. എം. ഹൈസ്കൂൾ തിരിത്തടം.
⑨ ടി. ഇ. എം. ഹൈസ്കൂൾ, നെടുവേലിക്കോട്
⑩ പോലീസ് സ്റ്റേഷൻ.
⑪ സെന്റ് നോബസ് ഹൈസ്കൂൾ, പൂന്തോട്ടം
⑫ കുടിവെള്ളം.

അവലംബം : വിവരശേഖരണം

000011

000012

I. ആമുഖം

ഇന്ത്യയുടെ ആസൂത്രണ ചരിത്രത്തിൽ ഒരു പൊളിച്ചെഴുത്തിന് വഴിതുറക്കുന്ന ഒരു നൂതന സംരംഭമാണ് ജനകീയാസൂത്രണപ്രസ്ഥാനം. ഓരോ പ്രദേശത്തിന്റേയും ഭൂപ്രകൃതിക്കും ജനകീയാവശ്യങ്ങൾക്കും അനുസൃതമായി താഴെത്തട്ടിൽനിന്ന്, ജനപങ്കാളിത്തത്തോടെ, പദ്ധതികൾ ആസൂത്രണംചെയ്യുക എന്നതാണിതിന്റെ ലക്ഷ്യം. കക്ഷിരാഷ്ട്രീയഭേദമെന്യേ, എല്ലാ വിഭാഗം ജനങ്ങളേയും പങ്കെടുപ്പിച്ചുകൊണ്ട് ഒരുപുതിയ വികസനസംസ്കാരം രൂപപ്പെടുത്തുന്നതിനാണ് സംസ്ഥാനസർക്കാരും ആസൂത്രണബോർഡുംചേർന്ന് ഈ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ജനങ്ങൾക്ക് വേണ്ടത് അവർതന്നെപറയുക, അതിനുള്ള പദ്ധതികൾഅവർതന്നെ തയ്യാറാക്കുക,അത് പ്രാവർത്തികമാക്കാനുള്ള ചുമതല അവർതന്നെ ഏറെടുക്കുക എന്നതാണ് അധികാരം ജനങ്ങളിലേക്ക് എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്.

ആസൂത്രണപദ്ധതികൾ രൂപപ്പെടുത്തുന്നതിനുവേണ്ടി ഒട്ടേറെ ആളുകൾക്ക് ഇതിനകം പരിശീലനം നൽകി കഴിഞ്ഞിട്ടുണ്ട്. പഞ്ചായത്തുതലത്തിൽ രണ്ടു ഘട്ടങ്ങളിലായി നടന്ന ശിൽപ്പശാലകളിൽ തെരഞ്ഞെടുക്കപ്പെട്ട 50 ഓളംപേർക്ക് പരിശീലനം നൽകിയിട്ടുണ്ട്. ഒന്നാംഘട്ടത്തിൽ 10 വാർഡുകളിലും വിശേഷാൽ ഗ്രാമസഭകൾ കൂടി, 12 ഗ്രൂപ്പുകളായി തിരിഞ്ഞ് ചർച്ചകൾ നടത്തി റിപ്പോർട്ടുകൾ തയ്യാറാക്കിയിട്ടുണ്ട്. ഓരോ ഗ്രാമസഭയിലും 75 മുതൽ 175 വരെ ആളുകൾ പങ്കെടുത്തിരുന്നു. സാമാന്യം സ്ത്രീപങ്കാളിത്തവുമുണ്ടായിരുന്നു. പഞ്ചായത്തിന്റെ തെക്ക് തണ്ണീർക്കുടിയിൽനിന്നും തുടങ്ങി വടക്ക് മണ്ടയ്ക്കാട് വരെ നടന്നുള്ള പഠനപര്യടനവും വിവരശേഖരണത്തിനായി നടത്തിയിട്ടുണ്ട്.

പൊതുവിവരങ്ങളും ഭരണപരമായ ചരിത്രവും

പഞ്ചായത്തിന്റെ പേര്	—	പൂയപ്പള്ളി ഗ്രാമപഞ്ചായത്ത്
ഉൾപ്പെടുന്ന വില്ലേജ്	—	പൂയപ്പള്ളി വില്ലേജ്
ബ്ലോക്ക് പഞ്ചായത്ത്	—	കൊട്ടാരക്കര
ബ്ലോക്ക്പഞ്ചായത്ത്ഡിവിഷനുകൾ	—	പൂയപ്പള്ളി 'എ' പൂയപ്പള്ളി 'ബി' (ഭാഗികം)
ജില്ലാപഞ്ചായത്ത്	—	കൊല്ലം
ജില്ലാപഞ്ചായത്ത് ഡിവിഷൻ	—	വെളിയം
താലൂക്ക്	—	കൊട്ടാരക്കര
അസംബ്ലിമണ്ഡലം	—	നെടുവത്തൂർ (എസ്. സി)
വിസ്തീർണ്ണം	—	22.28 ച. കി. മീ.
അതിരുകൾ:- വടക്ക്	—	വെളിയം, കരീപ്ര പഞ്ചായത്തുകൾ
കിഴക്ക്	—	ഇളമാട്, വെളിനല്ലൂർ പഞ്ചായത്തുകൾ
തെക്ക്	—	കല്ലുവാതുക്കൽ പഞ്ചായത്ത് (ഇത്തിക്കരയാറ്)
പടിഞ്ഞാറ്	—	ആദിച്ചനല്ലൂർ, നെടുമ്പന പഞ്ചായത്തുകൾ
ജനസംഖ്യ	—	21807. (1991 സെൻസസ്)
വാർഡുകളുടെ എണ്ണം	—	10.
വാർഡുകളുടെ പേര്	—	1. കൊട്ടറ 2. നാൽക്കവലയ്ക്കൽ 3. പൂയപ്പള്ളി പടിഞ്ഞാറ് 4. പൂയപ്പള്ളി കിഴക്ക് 5. മൈലോട് 6. കോഴിക്കോട് 7. പയ്യക്കോട് 8. ചെങ്കുളം 9. മരുതമൺപള്ളി 10. പുന്നക്കോട്.

പ്രസിഡൻറിന്റെ പേര് — ആർ. ജയശ്രീ.
വൈസ്പ്രസിഡൻറിന്റെ പേര് — ആർ. വേണുഗോപാലൻ
സ്റ്റാൻറിംഗ്കമ്മറ്റി ചെയർമാൻ — ഡി. ജോൺ.

1953 ആഗസ്റ്റ് 15—ാം തീയതിയാണ് ഇന്നത്തെനിലയിലുള്ള പഞ്ചായത്ത് നിലവിൽ വന്നത്. പൂയപ്പള്ളി പഞ്ചായത്ത് പൂയപ്പള്ളി വില്ലേജ് മാത്രം ഉൾക്കൊള്ളുന്നതാണ്. പഞ്ചായത്ത് നിലവിൽ വരുന്നതിനുമുമ്പ് പൂയപ്പള്ളി, വെളിയം വില്ലേജുകളും ചേർന്ന വെളിയം വില്ലേജായിരുന്നു. 1948 മുതൽ ഇന്നത്തെ പഞ്ചായത്ത് നിലവിൽവരുന്നതുവരെ പൂയപ്പള്ളി ആസ്ഥാനമായി ''വെളിയം ഗ്രാമോദ്ധാരണസഭ'' എന്നപേരിൽ ഒരു പഞ്ചായത്ത് ഭരണ സംവിധാനം ഇവിടെ പ്രവർത്തിച്ചിരുന്നു. ഉദിയന്നൂർ ശ്രീ. ജി. ഗോവിന്ദപ്പിള്ളയായിരുന്നു അതിന്റെ പ്രസിഡൻറ്. ശ്രീമാൻമാർ കർഷകൻ ജി. കൃഷ്ണപിള്ള, ടി. കെ. കോശി വൈദ്യൻ, തോട്ടുവാ നാരായണൻ, വടക്കേവീട്ടിൽ ജോർജ്ജ്, പി.പരമേശ്വരൻപിള്ള(കൊട്ടറ) എന്നിവർ സഭയിലെ അംഗങ്ങളായിരുന്നു. ഗ്രാമോദ്ധാരണസഭയുടെ നേതൃത്വത്തിൽ പലവികസനപ്രവർത്തനങ്ങളും ഇവിടെ നടന്നിട്ടുണ്ട്. പൂയപ്പള്ളി പഞ്ചായത്തിന്റെ പഴയ ആഫീസ് കെട്ടിടം, ഗ്രന്ഥശാലാകെട്ടിടം എന്നിവ ഗ്രാമോദ്ധാരണസഭ പണികഴിപ്പിച്ചതാണ്.

1953-ൽ പഞ്ചായത്ത് നിലവിൽവന്നതിനുശേഷം ആദ്യത്തെ പഞ്ചായത്ത് കമ്മറ്റി 10 വർഷവും രണ്ടാമത്തെ പഞ്ചായത്ത് കമ്മറ്റി 16 വർഷവും മൂന്നാമത്തെ പഞ്ചായത്ത് കമ്മറ്റി 5 വർഷവും നാലാമത്തെ പഞ്ചായത്ത് കമ്മറ്റി ഏഴരവർഷവും അധികാരത്തിലിരുന്നു. ഇടയ്ക്ക് മൂന്നുവർഷം തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതി നിലവിലില്ലായിരുന്നു. ശ്രീ. പി. ജനാർദ്ദനൻ, ശ്രീ. കെ. ജെ. ജോൺ, ശ്രീ. എൻ. ഗോപാലൻ, ശ്രീ. കെ. കുഞ്ഞപ്പി, ശ്രീ. എൻ. ജനാർദ്ദനക്കുറുപ്പ് എന്നിവർ ഈ പഞ്ചായത്തിന്റെ മുൻകാല പ്രസിഡൻറുമാരായിരുന്നു.

II സാമൂഹിക സാംസ്കാരിക ചരിത്ര പശ്ചാത്തലം

ചരിത്രം ഉറങ്ങിക്കിടക്കുന്ന മണ്ണാണ് പൂയപ്പള്ളി. കേരളത്തിന്റെ തെക്കൻപ്രദേശങ്ങളായ കൊട്ടാരക്കര, ചിറയിൻകീഴ് താലൂക്കുകളിൽ ഒരു കാലത്ത് ബുദ്ധമതം പ്രചാരത്തിലിരുന്നതായി ''കേരള വിജ്ഞാന കോശത്തിലും'' ശ്രീമാൻ ഇളംകുളം കുഞ്ഞൻപിള്ളയുടെ ''അന്നത്തെകേരളം, സംസ്കാരത്തിന്റെനാഴികക്കല്ലുകൾ'' എന്ന ഗ്രന്ഥങ്ങളിലും പ്രതിപാദിച്ചു കാണുന്നു. ബുദ്ധമതം പ്രചാരത്തിലിരുന്ന കാലത്ത് അതിന്റെ ഭാഗമായി പ്രചാരത്തിൽ വന്നതാണ് കേരളത്തിലെ ക്ഷേത്രങ്ങളിലെ എടുപ്പുകുതിരക്കെട്ട് എന്നും പ്രതിപാദിച്ചു കാണുന്നു. ബുദ്ധമതം വിദ്യാഭ്യാസത്തിനും ആയൂർവേദത്തിനും പ്രമുഖ സ്ഥാനം നൽകിയിട്ടുള്ളതുമാണ്. മേൽപ്പറഞ്ഞ വസ്തുതകളുടെ അടിസ്ഥാനത്തിൽ പൂയപ്പള്ളി പഞ്ചായത്തിലും ഒരു കാലത്ത് ബുദ്ധമതം പ്രചാരത്തിലിരുന്നതായി അനുമാനിക്കേണ്ടിയിരിക്കുന്നു. ഈപഞ്ചായത്തിലെ മിക്കക്ഷേത്രങ്ങളിലും അടുത്ത കാലം വരെ എടുപ്പുകുതിരക്കെട്ട് ഉണ്ടായിരുന്നു. അത് ബുദ്ധമതം ഇവിടെ പ്രചാരത്തിലിരുന്നതിന്റെ തെളിവായി എടുക്കാവുന്നതാണ്. പള്ളി എന്ന പദത്തിന് ബുദ്ധവിഹാരം, എഴുത്തുകളരി, പള്ളിക്കൂടം എന്നീ അർത്ഥങ്ങളാണുള്ളത്. പൂയപ്പള്ളി, മരുതമൺപള്ളി എന്നീ പേരുകളും ബുദ്ധമതവുമായി ബന്ധപ്പെട്ടു വന്ന പേരുകളാവണം. പൂയം നക്ഷത്ര ദിവസങ്ങളിൽ ബുദ്ധമതാനുയായികൾ ആളുകളെ കൂട്ടി വിദ്യ അഭ്യസിച്ചിരുന്നുവെന്നും അതിൽ നിന്നാണ് പൂയപ്പള്ളി എന്ന പേര് ഈ പ്രദേശത്തിന് ലഭിച്ചതെന്നും പഴമക്കാർ പറയുന്നു. 'മരുതം' എന്ന പദത്തിന് നിരന്ന കൃഷിസ്ഥലം എന്നാണർത്ഥം. ഈ നിരന്ന കൃഷി സ്ഥലത്ത് ബുദ്ധമതവിഹാരങ്ങളോ പള്ളിക്കൂടങ്ങളോ നിലനിന്നിരുന്നതിന്റെ അടിസ്ഥാനത്തിലായിരിക്കണം മരുതമൺപള്ളി എന്ന പേര് വന്നിട്ടുള്ളത്. ജനകീയാസൂത്രണത്തിന്റെ ഭാഗമായി നടത്തിയ പഠനപര്യടനത്തിലും ഈ പഞ്ചായത്തിലെ നിരന്ന പ്രദേശം മരുതമൺപള്ളിയാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

ഓയൂരിന് സമീപമുള്ള ചുങ്കത്തറ തെക്കേയതിർത്തിയായും ഓടനാവട്ടത്തിനുവടക്കുള്ള ചുങ്കത്തറ വടക്കേയതിർത്തിയായും വെളിയം എന്നൊരു നാട്ടുരാജ്യം നിലനിന്നിരുന്നു. ഇവിടം ഭരിച്ചിരുന്ന നാടുവാഴിയുടെ പേര് 'വെളിയൻ' എന്നായിരുന്നുവെന്ന് ശ്രീമാൻ ഇളംകുളം കുഞ്ഞൻപിള്ള രേഖപ്പെടുത്തിയിട്ടുണ്ട്. ഈപേരിൽനിന്നാണ് 'വെളിയം' എന്ന സ്ഥലപ്പേരുണ്ടായത്. പൂയപ്പള്ളി ഈ വെളിയം നാട്ടുരാജ്യത്തിൽ ഉൾപ്പെട്ടതായിരുന്നു.

മാർത്താണ്ഡവർമ്മമഹാരാജാവ് ശത്രുക്കളെ ഭയന്ന് ഒളിവിൽ നടന്നിരുന്ന കാലത്ത് കൊട്ടാരക്കരയിലുള്ള ഒരുകുടുംബക്കാർ അഭയം നൽകിയിരുന്നു. അതിനുള്ള പ്രതിഫലമായി മാർത്താണ്ഡവർമ്മയുടെ കാലം മുതൽ തന്നെ ആ കുടുംബക്കാർക്ക് അടുത്തൂൺ (പെൻഷൻ) ലഭിച്ചുവരുന്നുണ്ട്. ആ കുടുംബത്തിൽ നിന്നും രണ്ടു തലമുറയ്ക്ക് മുമ്പ് മൈലോട്ട് താമസമാക്കിയ ചാത്തകുന്നത്ത് കുടുംബത്തിൽപ്പെട്ട ഏതാനും പേർക്ക് ദിവസം ഒരു പൈസാ കണക്കിൽ ഇപ്പോഴും അടുത്തൂൺ ലഭിക്കുന്നുണ്ട്.

ബ്രിട്ടീഷുകാർക്കെതിരെ പടനയിച്ച ധീരനായ വേലുത്തമ്പിദളവയുടെ ജഡം മണ്ണടിയിൽനിന്നും തിരുവനന്തപുരത്തേയ്ക്ക് കൊണ്ടുപോകുംവഴി ഇന്നത്തെ പൂയപ്പള്ളി പോലീസ് സ്റ്റേഷൻ സ്ഥിതിചെയ്യുന്ന സ്ഥലത്ത് ഇറക്കിവച്ച് കിങ്കരൻമാർ വിശ്രമിച്ചതായും കാഴ്ചക്കാരായി എത്തിയ നാട്ടുകാരെ, വേലുത്തമ്പിയുടെ ശിരസ് ശൂലത്തിൽകുത്തി ഉയർത്തികാണിച്ചതായും പഴമക്കാർപറയുന്നു.

പൂയപ്പള്ളി പഞ്ചായത്തിലെ മരുതമൺപള്ളിയിലുള്ള 'മാക്രിയില്ലാകുളം' ഐതിഹ്യത്തിന്റെ പട്ടികയിൽപെടുന്നതാണ്. ഈ കുളത്തിൽ 'മാക്രികൾ' ജീവിക്കുന്നില്ല. സന്ധ്യാവന്ദനത്തിനായി കുളപ്പടിയിൽ ധ്യാനനിരതനായിരുന്ന നമ്പൂതിരിക്ക് മാക്രിയുടെ കരച്ചിൽ അലോരസം സൃഷ്ടിച്ചതായും, 'മേലിൽ ഈ കുളത്തിൽ മാക്രികൾ ഇല്ലാതെ പോകട്ടെ' യെന്ന് നമ്പൂതിരി ശപിച്ചതായും അന്നുമുതൽ ഈ കുളത്തിൽ മാക്രികൾ വാഴുന്നില്ലായെന്നുമാണ് ഐതിഹ്യം. ഈ കുളത്തിൽ മാക്രി വാഴാത്തതിന് എന്തെങ്കിലും ശാസ്ത്രീയാടിസ്ഥാനമുണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്.

ദേശീയ സ്വാതന്ത്ര്യസമരത്തിലും ഉത്തരവാദഭരണപ്രക്ഷോഭണത്തിലും ജന്മിത്വത്തിനെതിരായുള്ള സമരത്തിലും ഈ പഞ്ചായത്ത് പ്രദേശത്തെ ജനങ്ങൾ അവരുടേതായ സജീവമായ പങ്ക് വഹിച്ചിട്ടുണ്ട്. പൂയപ്പള്ളി തോട്ടത്തിൽ വൈദ്യരുടെ മകൻ കുഞ്ഞുകുഞ്ഞ് എന്ന് വിളിച്ചിരുന്ന ഇടിക്കുള എന്ന ആളുടെ നേതൃത്വത്തിൽ പൂയപ്പള്ളിയിൽ നിന്നും

T.K. കോശി വൈദ്യൻ, മൈലോട് ചക്കൻറഴി കത്ത് ഗോപാലൻ, പരമു, മൈലോട് തോട്ട ത്തിൽവീട്ടിൽ രാമൻ, ഗോപാലൻ, മൈലോട് കുഴിവിളയിൽ നീലകണ്ഠൻ, പൂയപ്പള്ളി പ്ലാവിളവീട്ടിൽ ചാക്കോ, കല്ലുവിളവീട്ടിൽ ചാക്കോ തുടങ്ങിയ പന്ത്രണ്ട് പേർ തിരുവന ന്തപുരത്ത് അക്കാമ്മ ചെറിയാന്റെ നേതൃത്വ ത്തിൽ നടന്ന സ്വാതന്ത്ര്യ സമരപ്രക്ഷോഭണ ത്തിൽ പങ്കെടുക്കുകയും അതിൽ ഇടിക്കുള എന്നയാൾക്ക് കുതിര പട്ടാളത്തിന്റെ ചവി ട്ടേൽക്കുകയും അതിനുശേഷം രോഗം ബാധി ച്ച് മരിക്കുകയും ചെയ്തു.

ജന്മിത്വത്തിനെതിരായി ഈ പഞ്ചായ ത്തിൽ നടന്ന സമരം ശ്രദ്ധേയമാണ്. ഈ പഞ്ചായത്തിലെ കൊട്ടറ,മരുതമൺപള്ളി എന്നീ പ്രദേശങ്ങളെ (ഇപ്പോഴത്തെ ഒന്ന്, രണ്ട്, എട്ട്, ഒൻപത്, പത്ത് വാർഡുകളെ) തിരുവിതാം കൂറിലെ ഒന്നാമത്തെ ജന്മിയായിരുന്ന അക വൂർമന നമ്പൂതിരിയുടെ തനത് വകയായി രുന്നു. അകവൂർമനക്കാർക്ക് അന്നത്തെ രാജാ വ് കരമൊഴിവായി നൽകിയ 600 ദേശവഴിക ളിൽപ്പെട്ട രണ്ട് ദേശവഴികളായിരുന്നു കൊട്ട റയും മരുതമൺപള്ളിയും ഈ പ്രദേശത്തെ ഭൂമി, കുടിയാൻമാരെന്ന നിലയിൽ കൃഷി ക്കാർ കൈവശം വയ്ക്കുകയും അകവൂർ മന യ്ക്ക് കരം കൊടുക്കുകയും ചെയ്തുവരിക യായിരുന്നു. യഥാർത്ഥ കൈവശക്കാരായ കുടിയാൻമാരുടെ അദ്ധ്വാനഫലം പാട്ടവും വാരവുമായി ചൂഷണം ചെയ്യപ്പെട്ടിരുന്നു. ജന്മിക്ക് തോന്നുമ്പോഴും കുടിയാൻമാരെ ഭൂ മിയിൽനിന്നും ഇറക്കിവിടാനുള്ള സ്വാതന്ത്ര്യ വുമുണ്ടായിരുന്നു. വസ്തുക്കളിൽനിന്ന് വൃ ക്ഷങ്ങളും മുറിക്കുന്നതിനോ ചുള്ളി ഒടിക്കുന്ന തിനുപോലുമോ കൈവശക്കാർക്കവകാശമു ണ്ടായിരുന്നില്ല. ഇതിനെതിരായി സ്വാതന്ത്ര്യ ലബ്ധിക്കുമുമ്പ് തന്നെ ഈ പഞ്ചായത്തിൽ കുടിയാൻ പ്രക്ഷോഭം ആരംഭിച്ചിരുന്നു. ഈ പ്രക്ഷോഭത്തിന് നേതൃത്വം നൽകിയത് ''കർഷകൻ'' എന്ന അപരനാമധേയത്തിൽ പിൽക്കാലത്തറിയപ്പെട്ട വെളിയം ശ്രീ ജി. കൃഷ്ണപിള്ള ആയിരുന്നു ജന്മിത്വത്തി നെതിരായി കൊട്ടറ, മരുതമൺപള്ളി പ്രദേശ ങ്ങളിൽ ശ്രീമാൻ വെളിയം കൃഷ്ണപിള്ളയു ടെ നേതൃത്വത്തിൽപലതവണ ജാഥകളും പ്രക ടനങ്ങളും നടത്തിയിട്ടുണ്ട്. ഈ പഞ്ചായ ത്തിലെ ആദ്യ പ്രസിഡന്റായിരുന്ന ശ്രീ പി. ജനാർദ്ദനൻ ശ്രീ കൃഷ്ണപിള്ളയ്ക്ക് സഹായിയായി മുൻപന്തിയിലുണ്ടായിരുന്നു. കുടിയാൻമാരുടെ അവകാശപോരാട്ടങ്ങൾക്ക് നേതൃത്വം കൊടുക്കാൻ ശ്രീ ജി കൃഷ്ണപി ള്ളയുടെ നേതൃത്വത്തിൽ 'കുടിയാൻ' എന്ന പേരിൽ ആദ്യം ഒരു ദ്വൈമാസികയും പിന്നീ ടത് 'കർഷകൻ' എന്ന പേരിൽ ഒരു മാസിക യായും പ്രസിദ്ധീകരിച്ചിരുന്നു. ഈ സമ രത്തിന്റെ ഭാഗമായി രൂപീകരിച്ച സമരസംഘ ടനയുടെ പേര് 'കുടിയാൻസംഘം' എന്നായി രുന്നു. അന്നത്തെ ജന്മിമാർ ഇതിനെ 'മുടി യാൻസംഘം' എന്ന് വിളിച്ചാക്ഷേപിച്ചിരുന്നു. ശ്രീ. കൃഷ്ണപിള്ള രചിച്ച് 1968 ൽ പ്രസി ദ്ധീകരിച്ച ''മാക്രിയില്ലാക്കുളം'' എന്ന പുസ്ത കം കുടിയാൻ പ്രക്ഷോഭത്തിന്റെ സമര ചരിത്രമാണ്. ശ്രീ. കർഷകൻ കൃഷ്ണപിള്ള യിൽനിന്നും പ്രചോദനം ഉൾക്കൊണ്ടുകൊണ്ട് ജന്മിത്വത്തിനെതിരായുള്ള സമരം കർഷക സംഘങ്ങളുടെ നേതൃത്വത്തിൽ തുടർന്ന് മുന്നോട്ടുപോകുകയും ഇതിന്റെ പരിണിത ഫലമായി 1957 ൽ അധികാരത്തിൽവന്ന ശ്രീ. ഇ എം. എസിന്റെ നേതൃത്വത്തിലുള്ള ഗവൺ മെന്റ് ജൻമിക്കരം നിരോധന ബില്ല് പാസാ ക്കി നടപ്പാക്കുകയും തൽഫലമായി കൈവശ കൃഷിക്കാർക്കെല്ലാം അവരുടെ വസ്തുക്കൾക്ക് പൂർണ്ണ ഉടമാവകാശം ലഭിക്കുകയും ചെയ്തു.

ആയുർവേദചികിത്സാരംഗത്ത് പ്രഗ ൽഭരായ പലരും ഈ പഞ്ചായത്തിൽ മുൻകാല ത്ത് ജീവിച്ചിരുന്നു. അതിൽ കൊട്ടാരം വൈദ്യ ൻമാരായ ചാവർകോട് വൈദ്യൻമാരുമായി ബന്ധമുള്ള നെല്ലിപ്പറമ്പ് വലിയവീട്ടിൽ ശ്രീ. കൊച്ചുകുഞ്ഞ് വൈദ്യൻ ഇപ്പോഴും ജീവി ച്ചിരിക്കുന്നു. ഇപ്പോൾ അദ്ദേഹത്തിന് 102 വയസ്സ് പ്രായമുണ്ട്. പന്തളം കൊട്ടാരത്തിലെ വൈദ്യൻമാരായിരുന്ന നാല്ക്കവല ചിറക്കൽ വൈദ്യൻമാരും, അടുത്തകാലത്ത് അന്തരിച്ച ശ്രീ മാണിവൈദ്യൻ വരെയുള്ള കൈപ്പള്ളിയ ഴികത്ത് വൈദ്യൻമാരും ഈ പഞ്ചായത്തിലെ വൈദ്യൻമാരുടെ പരമ്പരയിൽപ്പെടുന്നവരാ ണ്. കന്നുകാലി ചികിൽസയിൽ പ്രഗത്ഭനാ യിരുന്ന പാണയത്ത് പുത്തൻവീട്ടിൽ ശ്രീ. ഗോപാലക്കുറുപ്പ് വൈദ്യൻ അടുത്തകാലത്താ ണന്തരിച്ചത്.

ശ്രദ്ധേയമായ മറെറാരു സംഗതി ഈ പഞ്ചായത്തിൽ നടന്നിട്ടുണ്ട്. കൊട്ടറ അച്ചൻ എന്നപേരിൽ അറിയപ്പെട്ടിരുന്ന കൊട്ടറ, ചെറു കരകുന്നിൻ കുടുംബാംഗമായ റവ: കെ. എം. ജേക്കബ് അവർകളുടെ പേര്, ലോകത്ത് ഏറ റവും കൂടുതൽ കാലം പുരോഹിതനായി സേ വനമനുഷ്ഠിച്ചതിന്റെ പേരിൽ ഗിന്നസ്ബു ക്കിന്റെ 1989ലെ പതിപ്പിൽ വന്നിട്ടുള്ളതാണ്. 1881ൽ ജനിച്ച അദ്ദേഹം 103-മത്തെ വയസി ലാണ് അന്തരിച്ചത്. 86വർഷം മാർത്തോമാസ ഭയിൽ പുരോഹിതനായി ഏററവും കൂടുതൽ കാലം പ്രേഷിത പ്രവർത്തനം നടത്തിയ വൈ ദികൻ എന്ന നിലയിലാണ് അദ്ദേഹം ലോക റിക്കാർഡിനുടമയായത്.

അടുത്തകാലത്ത് അന്തരിച്ച ശ്രീ. റ്റി. കെ. കോശിവൈദ്യൻ സ്വാതന്ത്ര്യസമരപ്രക്ഷോഭണങ്ങളിൽ സജീവപങ്കാളിയായിരുന്നതുപോലെ തന്നെ പൂയപ്പള്ളി പഞ്ചായത്തിന്റെ വികസനത്തിനു പല രംഗങ്ങളിലും ആത്മാർത്ഥമായി പ്രവർത്തിച്ചിരുന്ന ആളും കോൺഗ്രസിന്റെ ഈ പ്രദേശത്തെ അറിയപ്പെടുന്ന നേതാവുമായിരുന്നു. പൂയപ്പള്ളി പോലീസ് സ്റ്റേഷൻ, ഹൈസ്ക്കൂൾ, സബ്രജിസ്ട്രാർആഫീസ് തുടങ്ങിയ പല പൊതുസ്ഥാപനങ്ങളും സ്ഥാപിക്കുന്നതിന് ശ്രീ. കോശിവൈദ്യന്റെ മുൻകൈ ഉണ്ടായിരുന്നു.

തച്ചുശാസ്ത്രത്തിൽ അഗ്രഗണ്യനായിരുന്ന, തടികൊണ്ട് വിമാനം നിർമ്മിച്ച് 50 അടി ഉയരത്തിൽ പറപ്പിച്ച മൈലോട് ഇളവാംകോണത്ത് ശ്രീ. ശങ്കരനാചാരിയുടെ പേര് എടുത്ത് പറയേണ്ടതാണ്. കറങ്ങുന്ന എടുപ്പുകുതിരയും, ചലിക്കുന്ന ശില്പങ്ങളും, പ്രവർത്തിക്കുന്ന യന്ത്രങ്ങളും തടികൊണ്ട് നിർമ്മിക്കുന്നതിനുള്ളഅസാധാരണബുദ്ധിവൈഭവം അദ്ദേഹം കാണിച്ചിരുന്നു. അദ്ദേഹത്തിന്റെ മകൻ ആർട്ടിസ്റ്റ് ശ്രീ. സി. എസ്. വിശ്വം ഇന്ന് ലോക പ്രശസ്തനാണ്. മോസ്കോയിലെ ഗോർക്കി റിക്രിയേഷൻ സെൻറിൽ പ്രദർശിപ്പിച്ചിരിക്കുന്നആനക്കൊമ്പിലുള്ള നെഹ്റു

ഗാന്ധിപ്രതിമകൂടാതെ വത്തിക്കാൻ മ്യൂസിയത്തിൽ പ്രദർശിപ്പിച്ചിരിക്കുന്ന 'വിശുദ്ധ കർമ്മലമാതാവും ഉണ്ണി മിശിഹായും' ദന്തപ്രതിമ, ലണ്ടൻ മ്യൂസിയത്തിൽ വച്ചിട്ടുള്ള ദന്തവിഗ്രഹമായ മഹാലക്ഷ്മി, ലണ്ടൻ ടെമ്പിൾ സ്റ്റാർ മ്യൂസിയത്തിലെ ''കോർട്ട് ഓഫ് ആം'', യു. എൻ. ഒ. യിലെ ബുദ്ധപ്രതിമ, ന്യൂയോർക്കിലെ റീഡേഴ്സ് ഡൈജസ്റ്റ് മാഗസിൻ ഓഫീസിൽ പ്രദർശിപ്പിച്ചിട്ടുള്ള 'ന്യൂസ്പേപ്പർബോയ്' തുടങ്ങിയ ശിൽപ്പങ്ങളും ശ്രീ. വിശ്വത്തിന്റെ ലോകപ്രശസ്ത നിർമ്മിതികളാണ്.

വിദ്യാഭ്യാസം, ആരോഗ്യം, ഗതാഗതം, പാർപ്പിടം, വസ്ത്രം തുടങ്ങിയ മേഖലകളിൽ കാലാനുസൃതമായ പുരോഗതി ഈ പഞ്ചായത്തിൽ ഉണ്ടായിട്ടുണ്ട്. എന്നാൽ അഭ്യസ്തവിദ്യരുടെ ഇടയിലുള്ള തൊഴിലില്ലായ്മ, ഉൽപ്പാദനമേഖലകളിലെ മുരടിപ്പ്, സാങ്കേതികവിദ്യാഭ്യാസരംഗത്തെ കുറവുകൂടം ഇവയെല്ലാം പരിഹരിക്കപ്പെടേണ്ട പ്രശ്നങ്ങളായി അവശേഷിക്കുന്നു. അധികാരം ജനങ്ങളിലേക്ക് എത്തിക്കുന്നതിനുള്ള കേരളാ ഗവൺമെൻറിന്റെ ജനകീയാസൂത്രണപ്രസ്ഥാനം ഈ പ്രശ്നങ്ങൾക്കൊക്കെ പരിഹാരം കണ്ടെത്തുമെന്ന് പ്രത്യാശിക്കാം.

000017

000018

ചിത്രം - IV

പൂയപ്പള്ളി പഞ്ചായത്ത്.

ഭൂരൂപങ്ങൾ



- താഴ്വര.
- ഇടത്തരം ചെരിവുകൾ.
- ചെരിവുകൾ.
- കന്നിൻപുറങ്ങൾ.

ആവലംബം : വിദൂര ഉപഗ്രഹ ചിത്രം, സെന്റ്

000019

000020

നിമ്നോന്നതി ചിത്രം - V

ചൂരച്ചാമി ചങ്ങാവത്ത്



ആധാരം : വിവര ഭൂപടം, സെന്റ്.

000021

000022

III ഭൂപ്രകൃതിയും വിഭവങ്ങളും.

1. ഭൂപ്രകൃതി

കൊല്ലം ജില്ലയുടെ തെക്കുപടിഞ്ഞാറ് ഭാഗത്തായി സ്ഥിതിചെയ്യുന്ന പൂയപ്പള്ളി പഞ്ചായത്ത് അക്ഷാംശം 8°, 51' 10'' നും 8°, 55 '' 30'' N നും ഇടയ്ക്കും രേഖാംശം 76°, 44' 20'' നും 76°, 48' E നും ഇടയ്ക്കായി സ്ഥിതിചെയ്യുന്നു. കേരളത്തെ പതിമൂന്ന് കാർഷികമേഖലകളായി തരം തിരിച്ചിട്ടുള്ളതിൽ ''തെക്കൻഇടനാട്'' മേഖലയിൽപ്പെട്ടതാണ് പൂയപ്പള്ളി പഞ്ചായത്ത്. ഭൂപ്രകൃതി അനുസരിച്ച് ഈ പഞ്ചായത്തിനെ മുഖ്യമായും നാല് മേഖലകളായി തിരിക്കാം.

1.	താഴ്വര	:	770 ഹെക്ടർ	(34.56%)
2	ഇടത്തരം ചരിവുകൂം	:	1090 ഹെക്ടർ	(48.92%)
3.	ചരിവുകൂം	:	48 ''	(2.15%)
4.	കുന്നിൻപുറങ്ങൂം	:	320 ''	(14.37%)
	ആകെ	:	2228 ഹെക്ടർ	100-00

പഞ്ചായത്തിന്റെ കിഴക്കുഭാഗത്തായി 134 മീറ്റർ ഉയരത്തിൽ സ്ഥിതിചെയ്യുന്ന മൈലോട് ആയിരവില്ലിക്കുന്നും തെക്കുഭാഗത്തായി 116 മീറ്റർ ഉയരത്തിൽ സ്ഥിതിചെയ്യുന്ന മുടിയൂർക്കോണം കുന്നുമാണ് ഈ പഞ്ചായത്തിലെ ഏറ്റവും ഉയരം കൂടിയ പ്രദേശങ്ങൂം.

(ചിത്രം IV നോക്കുക)

നിമ്നോന്നതിയുടെ അടിസ്ഥാനത്തിൽ പഞ്ചായത്തിനെ നാലു മേഖലകളായി തിരിക്കാം.

	വിസ്തീർണ്ണം	ശതമാനം
1. 20 മീറ്ററിൽ താഴെ	763 ഹെക്ടർ	34.25
2. 20 മീറ്ററിനും 60 മീറ്ററിനും മദ്ധ്യേ	1157 ''	51.93
3. 60 മീറ്ററിനും 100 മീറ്ററിനും മദ്ധ്യേ	289 ''	12.97
4. 100 മീറ്ററിനു മുകളിൽ	19 ''	0.85
ആകെ	2228 ഹെക്ടർ	100

ഇതിൽ താഴ്വര ഭാഗത്തായി നിലങ്ങൂം സ്ഥിതിചെയ്യുന്നു. പൊതുവിൽ പഞ്ചായത്തിന്റെ തെക്ക് കിഴക്ക് ഭാഗം ഉയർന്നതും വടക്കുപടിഞ്ഞാറുഭാഗം താഴ്ന്നതുമാണ്.

(ചിത്രം V നോക്കുക)

2. മൺതരങ്ങൾ

പൂയപ്പള്ളി പഞ്ചായത്തിലെ ഉപരിതല മൺതരങ്ങളുടെ ഇനവും വിസ്തൃതിയും താഴെ കൊടുക്കുന്നു.

നമ്പർ	മൺതരങ്ങൂം	ഹെക്ടർ
1	കരിമണ്ണ്	320
2	ചരൽമണ്ണ്	148
3	പശിമരാശിമണ്ണ്	1090
4	ചെളിമണ്ണ്	770

ഏറ്റവും ഉയർന്ന കുന്നിൻപ്രദേശങ്ങളും വളക്കൂറുള്ള കരിമൺ പ്രദേശങ്ങളാണ്. ഈ ഭാഗങ്ങളിൽ പ്രധാനമായും റബ്ബർകൃഷിയാണ്. റബ്ബറിന്റെ ശാസ്ത്രീയമായപരിചരണംമൂലം മണ്ണൊലിപ്പ് തടയുകയും മണ്ണിന്റെ ഫലപുഷ്ടി നിലനിർത്തുകയും ചെയ്യുന്നു. കുന്നിൻപ്രദേശങ്ങളിൽ, മനുഷ്യവാസമുള്ളിടത്ത്, വീടുകളുടെ സമീപ ഭാഗങ്ങളിൽ, തെങ്ങ്, മരച്ചീനി, വാഴ, കുരുമുളക്, ചേന, കാച്ചിൽ, ചേമ്പ്, ഇഞ്ചി, മഞ്ഞൾ തുടങ്ങിയവ കൃഷിചെയ്യുന്നു.

ചരിവുപ്രദേശങ്ങളിൽ പൊതുവേ ചരൽകലർന്ന മണ്ണാണ്. മണ്ണൊലിപ്പും നീർവാർച്ചയും മൂലം ഫലഭൂയിഷ്ടി നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. മുൻകാലങ്ങളിൽ പറങ്കിമാവ്, മരച്ചീനി പയർവർഗ്ഗങ്ങൾ എന്നിവ കൃഷിചെയ്തിരുന്ന ഈ ഭാഗങ്ങളിൽ ഇപ്പോൾ റബ്ബർകൃഷി വ്യാപകമായി വന്നിട്ടുണ്ട്. ഈ ഭാഗങ്ങളിൽ റബ്ബർകൃഷി ഇല്ലാത്തഇടങ്ങളിൽ മണ്ണൊലിപ്പും, നീർവാർച്ചയും തടയുകയും മണ്ണിനെ കൃഷിക്ക് ഉപയുക്തമാക്കുകയും ചെയ്യേണ്ടതാണ്. ഇത്തരം ഇടങ്ങളിൽ ക്രമാതീതമായി മണ്ണൊലിപ്പു സംഭവിച്ചതുമൂലം പല സ്ഥലങ്ങളിലും പാറകൾ തെളിഞ്ഞു വരുകയും, കിണറുകളിലെ ജലനിരപ്പ് വളരെ താഴ്ന്ന് വേനൽക്കാലത്ത് വെള്ളം തീരെ ഇല്ലാതെ വരികയും ചെയ്യുന്നുണ്ട്.

ഇടത്തരം ചരിവുഭാഗങ്ങൾ മണലും ചെളിയും ചരൽമണ്ണും കലർന്നതാണ്. മണ്ണിന്റെ ഈ സ്വഭാവം മൂലം ഫലഭൂയിഷ്ടി താരതമ്യേന കൂടുതലാണ്. ഈ ഭാഗങ്ങളിൽ പൊതുവേ സമ്മിശ്ര കൃഷിയാണ്. പ്രധാനമായും തെങ്ങുകൃഷിയും കൂടാതെ വാഴ, കമുക്, കുരുമുളക് എന്നിവയും കൃഷിചെയ്തുവരുന്നു. ആംപാർപ്പുള്ള ഇടങ്ങളിൽ പ്ലാവ്, മാവ്, പുളി തുടങ്ങിയ ഫലവൃക്ഷങ്ങളും പ്രധാനമായി കണ്ടുവരുന്നു. ഈ ഭാഗങ്ങളിലെ ജലവിതാനം ഉയർന്നതാണ്. കിണറുകളിൽ വെള്ളം വറ്റാറില്ല. ഇടത്തരം ചരിവുഭാഗങ്ങളിൽ പ്രധാനമായും മരുതംപള്ളി മുതൽ കിഴക്കോട്ട് കോഴിക്കോട് വരെയും രണ്ടാം വാർഡിലെ ക്ഷേത്രക്കര മുതൽ വടക്കോട്ട് ഹരിജൻ കൈത്തറി സംഘം വരെയും, കൊട്ടറയുടെ കിഴക്കുഭാഗം മുതൽ കിഴക്കോട്ട് പൂയപ്പള്ളി ജംഗ്ഷന്റെ പടിഞ്ഞാറുഭാഗം വരെയും വിസ്തൃതമായ സമതലപ്രദേശങ്ങളാണ്.

താഴ്വര പ്രദേശങ്ങളുടെ 80% നെൽകൃഷിയാണ്. ഇവിടെ ഫലഭൂയിഷ്ടി കൂടുതലുള്ള ചെളിമണ്ണാണ്. ഇതിൽ 25% ഭാഗങ്ങൾ മണൽ കൂടുതലുള്ള ചെളിപ്രദേശമാണ്. നെൽകൃഷിക്ക് ഉപയുക്തമല്ലാത്ത ഭാഗങ്ങളിൽ തെങ്ങും, വാഴയും, പച്ചക്കറിയും കൃഷിചെയ്തുവരുന്നു. നെൽകൃഷിക്ക് ഉപയുക്തമായ സ്ഥലങ്ങളിൽത്തന്നെ നെൽകൃഷി ലാഭകരമല്ലാത്തതിനാൽ ഏത്തവാഴ, മരച്ചീനി, ചേമ്പ്, ഇഞ്ചി തുടങ്ങിയ കൃഷികൾ ചെയ്യാൻ തുടങ്ങിയിട്ടുണ്ട്. ജലലഭ്യത കുറഞ്ഞുവരുന്നതുമൂലം ഈ ഭാഗങ്ങളിലെ മണ്ണിന്റെ ഫലഭൂയിഷ്ടിയും കുറഞ്ഞുവരുന്നുണ്ട്.

3. ജലലഭ്യത

ഈ പഞ്ചായത്ത് പ്രദേശത്ത് 1993 ലെ കണക്ക് പ്രകാരം ഒരു വർഷം 2554 മി. മീ. മഴ ലഭിക്കുന്നു. കേരളം മൊത്തത്തിൽ 2819 മി. മീ. മഴയാണ് ലഭിക്കുന്നത്. ഇതിൽ നിന്നും നമുക്ക് കിട്ടുന്നത് കുറവാണെന്ന് കാണാം. ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത് ജൂൺ–ജൂലൈ മാസങ്ങളിലാണ്. അതിന്റെ അളവ് 458 മി. മീ. ആണ്. ഏറ്റവും കുറവ് മഴ 24 മി. മീ. ജനുവരി, ഫെബ്രുവരി മാസങ്ങളിലാണ്. തെക്ക് പടിഞ്ഞാറൻ മൺസൂണിന്റെ ഭാഗമായി ഇടവപ്പാതി മഴയും, തെക്ക് കിഴക്കൻ മൺസൂണിന്റെ ഫലമായി തുലാവർഷവും ലഭിക്കുന്നു. കൂടുതൽ മഴ ലഭിക്കുന്നത് ഇടവപ്പാതിക്കാലത്താണ്. തുലാവർഷം വേണ്ടത്ര ലഭിക്കാത്ത വർഷങ്ങളിൽ തുടർന്നു വരുന്ന മാർച്ച് ഏപ്രിൽ മാസങ്ങളിൽ വരൾച്ച രൂക്ഷമാവുകയും ജലസ്രോതസുകൾ വറ്റിവരളുകയും കുടിവെള്ളക്ഷാമം അനുഭവപ്പെടുകയും ചെയ്യുന്നുണ്ട്. ലഭ്യമായ പുഴകൾ, തോടുകൾ, കുളങ്ങൾ ഇവചേർന്നതാണ് ഉപരിതലസ്രോതസ്. ഉപരിതലസ്രോതസായി ഈ പഞ്ചായത്തിന് ലഭ്യമായിട്ടുള്ളത് പഞ്ചായത്തിന്റെ തെക്കേഅതിർത്തിയിൽ കൂടി ഒഴുകുന്ന ഇത്തിക്കരയാറിന്റെ 5.2 കി. മീ. വരുന്ന ഭാഗവും, ശരാശരി 2 മീറ്റർ വീതിയിലുള്ള 17.64 കി. നീളമുള്ള പ്രധാനതോടുകളും 1 മീ. വീതിയിൽ 7 കി. മീ. നീളം വരുന്ന ചെറു തോടുകളും 14 വലിയ കുളങ്ങളുമാണ്.

പുഴകളിൽ നിന്ന് അനിയന്ത്രിതമായി കുഴിച്ച് മണൽവാരുന്നതും, നിലങ്ങൾകുഴിച്ച് ചെളിഎടുക്കുന്നതും പരിസ്ഥിതി പ്രശ്ന

ങ്ങളം സൃഷ്ടിക്കുന്നു. മേൽപറഞ്ഞ പ്രവർത്തിമൂലം ഉപരിതല ജലവിതാനം താഴുകയും തൻമൂലം കിണറുകളം വറ്റുകയും, നെൽകൃഷി നടത്തുന്ന ഭാഗങ്ങളിൽ നീർവാർച്ച കൂടുതൽ സംഭവിക്കുന്നത് മൂലം കൃഷിക്കുള്ള ജലലഭ്യത കുറയുകയും ചെയ്യുന്നു. മണൽ വാരൽമൂലം പുഴയുടെ ആഴം വർദ്ധിക്കുകയും തൻമൂലം അതിനെറ കരപ്രദേശങ്ങളം ഇടിഞ്ഞ് പോവുകയും ചെയ്യുന്നുണ്ട്.

ഭിന്ന ഭൂപ്രകൃതി മേഖലകളിൽ ജല വിഭവ സാദ്ധ്യതകളം ഇനി പറയുംപ്രകാരമാണ്. കുന്നിൻ പ്രദേശങ്ങളിൽ മല ഇടുക്കുകളിൽ ചെക്ക്ഡാമുകളം കെട്ടി വെള്ളം സംഭരിക്കാവുന്നതാണ്. പ്രകൃതിദത്തമായ ജല സ്രോതസുകളം ലഭ്യമായ ഇടങ്ങളിൽ അവയും ഉപയോഗിക്കാവുന്നതാണ്. ചരിവുപ്രദേശങ്ങളിൽ കോണ്ടൂർ ബണ്ടുകളം സ്ഥാപിച്ച് ജല ലഭ്യത ഉറപ്പാക്കാവുന്നതാണ്. മല മടക്കുകളിൽ ചെക്ക് ഡാം സ്ഥാപിച്ച് ശേഖരിക്കുന്ന വെള്ളം ഉയർന്ന പ്രദേശങ്ങളിൽ വാട്ടർ ടാങ്കുകളിൽ ശേഖരിച്ച് ചരിഞ്ഞ പ്രദേശങ്ങളിലേയ്ക്ക് ഒഴുക്കി വിടാവുന്നതാണ്. ആറളം ഫാം ഇതിനുദാഹരണമാണ്.

പഞ്ചായത്തിലെ പ്രധാന കുളങ്ങൾ

ക്രമ നമ്പർ	പേര്	വാർഡ്
1	കക്കാട്ടുചിറ	കൊട്ടറ
2	മ്ണാക്കോട്ട് ചിറ	കൊട്ടറ
3	മഠത്തിൽവാതുക്കൽചിറ	കൊട്ടറ
4	കുളക്കോട്ട് ചിറ	നാൽക്കവലയ്ക്കൽ
5	പാലൂക്കോണം ചിറ	നാൽക്കവലയ്ക്കൽ
6	പൂയപ്പള്ളി ചിറ	പൂയപ്പള്ളി കിഴക്ക്
7	വെളുത്തേടത്തുവാതുക്കൽ ചിറ	മൈലോട്
8	ഏണിയൂർമഠം ചിറ	കോഴിക്കോട്
9	ചെങ്കുളം ചിറ	ചെങ്കുളം
10	മുല്ലശ്ശേരിക്കുളം	ചെങ്കുളം
11	മാക്രിയില്ലാക്കുളം	മരുതമൺപള്ളി
12	ചിറയ്ക്കൽക്കോണം ചിറ	പുന്നക്കോട്
13	നെടുങ്ങോട്ട് ചിറ	പുന്നക്കോട്
14	ചെറിയകോണം ചിറ	പുന്നക്കോട്

പഞ്ചായത്തിലെ പ്രധാന തോടുകളം:

1) നെയ്തോട് – കോളമത്ത് – ആലുംമൂട് – മൂഴിയിൽകടവ് തോട്.
2) മൈലോട് – എളാംകോണം – താഴെമൂഴി – വെളിയം തോട്.
3) നെല്ലിപ്പുറമ്പ് - വേങ്കോട്–മരുതമൺപള്ളി– ചെങ്കുളം തോട്.
4) ഓട്ടുമല – കോഴിക്കോട് – കുറുമൺമൂല – ചെങ്കുളം തോട് എന്നിവയാണ്.

4. കാലാവസ്ഥ

ഈ പഞ്ചായത്ത് പ്രദേശം ഈർപ്പാംശമുള്ള സമശീതോഷ്ണമേഖലയിൽപ്പെടുന്നു. കാറിനുമുള്ള വേനൽക്കാലവും, സീസണലായുള്ള മഴക്കാലവും ആണുള്ളത്. ജനുവരി മാസത്തിൽ ഊഷ്മാവ് 19° വരെ താഴുകയും മാർച്ച് മാസത്തിൽ 36° വരെ ഉയരുകയും ചെയ്യുന്നുണ്ട്. ശരാശരി ലഭിക്കുന്ന മഴ 2554 മി. മീറ്റർ ആണ്. ജൂൺ–ജൂലൈ മാസങ്ങളിൽ പടിഞ്ഞാറ് നിന്നും കിഴക്കോട്ടും, ഒക്ടോബർ–നവംബർ മാസങ്ങളിൽ കിഴക്കുനിന്ന് പടിഞ്ഞാറോട്ടും ശക്തിയായി കാറ്റടിക്കുന്നു. നവംബർ–ഡിസംബർ മാസങ്ങളിൽ ആരുവാമൊഴിചുരം കടന്നുവരുന്ന ശക്തമായ വരണ്ടകാറ്റ് ഈ പ്രദേശങ്ങളിൽ അടിക്കുന്നു. ഇതിന് വൃശ്ചികക്കാറ്റ് എന്നാണ് പറയുന്നത്. വൃക്ഷലതാദികൾ പൂവിടുന്നതിനും കൂടുതൽ ഫലങ്ങൾ ലഭിക്കുന്നതിനും സഹായകമാവുന്ന ഈ കാറ്റ് മനുഷ്യരെ സംബന്ധിച്ചിടത്തോളം അസഹ്യമാണ്.

5. ഭൂവിനിയോഗം.

പഞ്ചായത്തിന്റെ മൊത്തം ഭൂവിസ്തൃതി 2228 ഹെക്ടർ ആണ്. അതിൽ കാർഷികഭൂമി 2005 ഹെക്ടർ ആണ്. കാർഷികേതരഭൂമി 223 ഹെക്ടറും അതിൽ 10 ഹെക്ടർ തരിശുഭൂമിയുമാണ്.

ഈ പഞ്ചായത്തിൽ പഞ്ചായത്ത് വകയായി ഒരു മൈതാനമുണ്ട്. കൊട്ടറ, പുന്നക്കോട് ഹൈസ്ക്കൂളുകളോടുചേർന്ന് വലിയ മൈതാനങ്ങൾക്കുള്ള സ്ഥലം നീക്കിവെച്ചിട്ടുണ്ട്. എന്നാൽ അവ മൈതാനമായി ഉപയോഗിക്കത്തക്കനിലയിൽ രൂപപ്പെടുത്തിയിട്ടില്ല. കളിസ്ഥലമായി ഉപയോഗിക്കത്തക്കരീതിയിൽ കൊട്ടറ വാർഡിലെ മീയ്യണ്ണൂരിലും, ചെങ്കുളത്തും, കട്ടച്ചൽ യു. പി. എസ്., ചിറയ്ക്കൽകോണം യു. പി. എസ്., കോഴിക്കോട് എൽ. പി. എസ്., മൈലോട് എച്ച്. എസ്. എന്നിവിടങ്ങളിൽ സാമാന്യം വലിപ്പമുള്ള കളിസ്ഥലങ്ങളുണ്ട്.

ഈ പഞ്ചായത്തിൽ താഴെപ്പറയുന്ന കാവുകൾ നിലനിൽക്കുന്നുണ്ട്.

ക്രമനമ്പർ	കാവിന്റെ പേര്	വാർഡ്
1	കുളത്തൂർകാവ്	കൊട്ടറ
2	ചിറയ്ക്കൽകാവ്	നാൽക്കവലയ്ക്കൽ
3	ക്ഷേത്രക്കരകാവ്	,,
4	തച്ചർകാവ്	,,
5	പാലൂക്കോണംകാവ്	പൂയപ്പള്ളി പടിഞ്ഞാറ്
6	മാമനാർകാവ്	പൂയപ്പള്ളി കിഴക്ക്
7	മാടൻകാവ്	മൈലോട്
8	മൂർത്തിക്കാവ്	,,
9	വെളുത്തേടത്ത്വാതുക്കൽകാവ്	,,
10	ഏണിയൂർമഠംകാവ്	കോഴിക്കോട്
11	മൂർത്തിക്കാവ്	,,
12	തിരിച്ചൻകാവ്	പയ്യക്കോട്
13	പള്ളത്ത്കാവ്	ചെങ്കുളം
14	മുടിയൂർക്കോണംകാവ്	,,
15	ചുണ്ടേലഴികംകാവ്	മരുതമൺപള്ളി
16	പുത്താറ്റ്കാവ്	,,
17	അയിരൂത്തോട്ടംകാവ്	പുന്നക്കോട്

ഈ കാവുകളെല്ലാം കൂടുതൽ സംരക്ഷണംനടത്തി കാവുകളായിത്തന്നെ നിലനിർത്തേണ്ടതാണ്.

ആയൂർ–കൊല്ലം റോഡും, കൊട്ടാരക്കര–ഓയൂർ റോഡും പഞ്ചായത്തിന്റെ നെടുകയും കുറുകയും ഉള്ള രണ്ട് പ്രധാന റോഡുകളാണ്. മൊത്തം റോഡുകളുടെ നീളം 125.60 കി. മീറ്റർ ആണ്. ഇതിൽ 42.45 കി. മീറ്റർ ടാർ റോഡും 83.15 കി. മീ. മൺറോഡുമാണ്.

പഞ്ചായത്തിലെ മുഖ്യവിളകളും അവയ്ക്കുപയോഗിക്കുന്ന ഭൂമിയുടെ വിസ്തൃതി സംബന്ധിച്ച വിവരവും താഴെ കൊടുക്കുന്നു.

ക്രമ നമ്പർ	വിളകൾ	വിസ്തീർണ്ണം (ഹെക്ടറിൽ)
1	നെല്ല്	315
2	തെങ്ങ്	977
3	റബ്ബർ	188
4	വാഴ	90
5	കുരുമുളക്	55
6	കശുമാവ്	15
7	മരച്ചീനി	215
8	മറ്റു കൃഷികൾ	150

മൊത്തം കൃഷിഭൂമിയിൽ 1711 ഹെക്ടർ പുരയിടവും, 294 ഹെക്ടർ നിലവുമാണ്. നിലങ്ങൾ എല്ലാം തന്നെ ഇരുപ്പൂ കൃഷിയുള്ളതാണ്.

ഈ പഞ്ചായത്തിൽ നെൽകൃഷിയെ സംബന്ധിച്ചിടത്തോളം ഉല്പാദനവും ഉല്പാദനക്ഷമതയും ഒരുപോലെ കുറഞ്ഞിരിക്കയാണ്. നിലങ്ങൾ കുഴിച്ച് മണ്ണെടുക്കുന്നതുമൂലവും, നികത്തി കര ഭൂമിയാക്കുന്നതുമൂലവും, നിലങ്ങളുടെ വിസ്തൃതിയും കുറഞ്ഞുവരുന്നു. തെങ്ങിനെ സംബന്ധിച്ചിടത്തോളവും ഉല്പാദനവും ഉല്പാദനക്ഷമതയും ഒരുപോലെ കുറഞ്ഞിട്ടുണ്ട്. തെങ്ങു രോഗമാണ് ഉല്പാദനം കുറയാനുള്ള മുഖ്യകാരണം. റബ്ബർ കൃഷിയെ സംബന്ധിച്ചിടത്തോളമുള്ള ചിത്രം വ്യത്യസ്തമാണ്. ഉല്പാദനവും ഉല്പാദനക്ഷമതയും ഒരുപോലെ വർദ്ധിച്ചിട്ടുണ്ട്. വാഴയുടേയും, കുരുമുളകിന്റേയും ഉല്പാദനക്ഷമതയും വർദ്ധിച്ചിട്ടുണ്ട്.

6. ജൈവ സമ്പത്ത്

ഈ പഞ്ചായത്തിൽ വന്യമൃഗങ്ങളോ, വന്യമൃഗസങ്കേതങ്ങളോ ഇല്ല. വളർത്തുമൃഗങ്ങളായി കാള, പശു, പോത്ത്, എരുമ, ആട്, പട്ടി എന്നിവയാണുള്ളത്. അവയുടെ നിലവിലുള്ള എണ്ണം ചുവടെ ചേർത്തിരിക്കുന്നു.

ക്രമ നമ്പർ	ഇനം	എണ്ണം
1	കാള	250
2	പശു	2002
3	എരുമ	110
4	പോത്ത്	60
5	ആട്	2282
6	പട്ടി	2684
	ആകെ -	7388

പക്ഷികളുടെ കൂട്ടത്തിൽ കോഴിയും താറാവുമാണ് മുഖ്യമായുള്ളത്, കുറച്ച് പ്രാവുകളും ചുരുക്കം മറ്റു പക്ഷികളുമുണ്ട്.

പക്ഷികളുടെ വിവരം

ക്രമ നമ്പർ	ഇനം	എണ്ണം
1	പൂവൻകോഴി	2026
2	പിടക്കോഴി	5200
3	താറാവ്	190
4	പ്രാവ്	300
5	മറ്റുള്ളവ	75
	ആകെ —	7791

കായിലാ പൂവണംവിളവീട്ടിൽ ശ്രീ എൻ. ബിനോയ് എന്ന ആം അപൂർവ്വങ്ങളും, വൈവിദ്ധ്യമാർന്നതും, അത്യാകർഷകവുമായ ഒരു പ്രാവുവളർത്തൽ കേന്ദ്രം നടത്തുന്നുണ്ട്. ഇവിടെ മുന്നൂറോളം പ്രാവുകൾ ഉണ്ട്. ഒരു ജോഡി പ്രാവിൻകുഞ്ഞുങ്ങൾക്ക് 10000 രൂപ വരെ വില കിട്ടുന്ന ഇനങ്ങളും ഇക്കൂട്ടത്തിലുണ്ട്. കേരളത്തിലെ പ്രസിദ്ധ പ്രാവുവളർത്തൽ വിദഗ്ദ്ധനായ ചങ്ങനാശ്ശേരി ശ്രീ. മാർട്ടിൻജോസഫ് കോയിപ്പള്ളിയുടെ പ്രചോദനത്തിലാണ് ഈ കേന്ദ്രം ആരംഭിച്ചിട്ടുള്ളത്.

പഞ്ചായത്തിൽ പൊതുവായി കാണുന്ന പ്രധാനസസ്യങ്ങൾ തെങ്ങ്,കമുക്,മാവ്,പ്ലാവ്, കശുമാവ്,റബ്ബർ, പുളി,കുരുമുളക് തുടങ്ങിയവയാണ്. ഇതിൽഏറ്റവുംകൂടുതലായി കണപ്പെട്ടിരുന്ന തെങ്ങും, കമുകും കുറഞ്ഞുവരുകയാണ്. റബ്ബർകൃഷി വളരെയേറെ വർദ്ധിച്ചിട്ടുണ്ട്.

അപൂർവ്വ സസ്യങ്ങളുടെ കൂട്ടത്തിൽ ചമത, ചുവന്നകൊടുവേലി, അടപൊതിയൻ, തിപ്പലി, വാതംകൊല്ലി, ചക്കരക്കൊല്ലി, സോമലത, പതിമുകം എന്നിവ ചിലയിടങ്ങളിലുണ്ട്. അപൂർവ്വ മൃഗങ്ങളൊന്നും കാണപ്പെടുന്നില്ല. അപൂർവ്വ പക്ഷികളുടെ കൂട്ടത്തിൽ സന്ധ്യസമയത്ത് പറന്നുനടക്കുന്നതും, കൊക്കിനോട് സാമ്യമുള്ളതും, കറുപ്പുനിറത്തിലുള്ളതും, ഒരു പ്രത്യേകതരം ശബ്ദം പുറപ്പെടുവിക്കുന്നതുമായ ഒരു പക്ഷിയെ ചിലയിടങ്ങളിൽ കാണാറുണ്ട്. ഒരു ബയോഡൈവേഴ്സിറ്റി രജിസ്റ്റർ തയാറാക്കുന്നതിനുള്ള ശ്രമം ആരംഭിച്ചിട്ടുണ്ട്.

7. മനുഷ്യവിഭവം

വികസനത്തിന്റെ മുഖ്യവിഭവമായ മനുഷ്യസമ്പത്തിന് ഈ പഞ്ചായത്തിൽ ഒരു കുറവും ഇല്ല. 1991 ലെ സെൻസസ് പ്രകാരം ഈ പഞ്ചായത്തിലെ ജനസംഖ്യ 21807 ആണ്. പുരുഷന്മാർ 10514, സ്ത്രീകൾ 11293. 779 സ്ത്രീകൾ കൂടുതൽ. 1981 ൽ അത് 20280 ആയിരുന്നു. വർദ്ധനവ് 1527 (7.53%) ജനസംഖ്യാവർദ്ധനവ് ജില്ലയുടേത് 8.27% വും സംസ്ഥാനത്തിന്റേത് 14.32% വും ആണ്. പൂയപ്പള്ളി പഞ്ചായത്തിലെ ജനസാന്ദ്രത ചതുരശ്ര കിലോമീറ്ററിന് 979 ആണ്. ജില്ലയുടേത് 967ഉം, സംസ്ഥാനത്തിന്റേത് 740ഉം ആണ്. ഇതിൽനിന്നും ജനസംഖ്യാവർദ്ധനവ് സംസ്ഥാനത്തിന്റേതിൽനിന്നും, ജില്ലയുടെ പൊതുവിലുള്ളതിൽനിന്നും ഇവിടെ കുറവാണെന്ന് കാണാം. ജനസാന്ദ്രത കൂടുതലുമാണ്. ജനസംഖ്യാവർദ്ധനവിലുള്ള കുറവിനുകാരണം, സാക്ഷരതമൂലം ആളുകളിൽ ഉണ്ടായിട്ടുള്ള ഉയർന്ന ബോധനിലവാരത്തിന്റെ ഫലമായുള്ള സന്താനനിയന്ത്രണം തന്നെയാണ്.

ജനങ്ങളുടെ പൊതുവിദ്യാഭ്യാസനിലവാരം ഈ പഞ്ചായത്തിൽ താരതമ്യേന മെച്ചപ്പെട്ടതാണ്. സാക്ഷരതാനിരക്ക് 92% ആണ്. ഈ പഞ്ചായത്തിലെ സൂക്ഷ്മം വിദ്യാഭ്യാസം ലഭിച്ചവരുടെ ആകെ എണ്ണം 17639 ആണ്. സ്ത്രീകളാണ് കൂടുതൽ.

ആകെയുള്ള ജനസംഖ്യയിൽ 2583 പേർ 6 വയസിൽ താഴെയുള്ള കുട്ടികളാണ്. പട്ടികജാതി ജനസംഖ്യ 2893 ആണ്. അതിലും സ്ത്രീകളാണ് കൂടുതൽ. ഈ പഞ്ചായത്തിൽ ചെങ്കുളം വാർഡിൽ 34 പട്ടികവർഗ്ഗത്തിൽപ്പെട്ടവരുണ്ടെന്ന് 1991 ലെ സെൻസസ് റിപ്പോർട്ടിൽ പറയുന്നു. ഇവർ നാടോടികളാണ്.

ആളുകളുടെ തൊഴിൽ സംബന്ധമായ വിവരങ്ങൾ ഇനിപറയും പ്രകാരമാണ്. കൃഷിക്കാർ 1518, കർഷകത്തൊഴിലാളികൾ — 1497, കാലിവളർത്തൽ, ടാപ്പിംഗ് തുടങ്ങിയ ജോലിക്കാർ — 119, മണൽ, പാറതൊഴിലാളികൾ— 124, വീട്ടുപകരണങ്ങൾ നിർമ്മിക്കുന്നവർ— 70, കശുവണ്ടി, ചുടുകട്ട, നെയ്ത്ത്, തയ്യൽ തുടങ്ങിയ തൊഴിലെടുക്കുന്നവർ — 1098, നിർമ്മാണത്തൊഴിലാളികൾ — 201, വ്യാപാരികളും, വ്യവസായികളും—457, കയറ്റിറക്ക്, ചുമട് തൊഴിലാളികൾ — 216, മറ്റു തൊഴിലാളികൾ — 957. ഈ പഞ്ചായത്തിൽ ഭാഗികമായി തൊഴിലുള്ള 1184 പേരാണുള്ളത്. തൊഴിലില്ലാത്തവരായി 11783 പേരുണ്ട്. ഇതിൽ അഭ്യസ്തവിദ്യരും അല്ലാത്തവരും ഉൾപ്പെടുന്നു. ഇതിൽ നിന്നും തൊഴിലില്ലായ്മ എത്ര രൂക്ഷമെന്ന് കാണാവുന്നതാണ്.

മേൽപ്പറഞ്ഞ വിവരങ്ങൾ 1991—ലെ സെൻസസിനെ ആധാരമാക്കിയുള്ളതാണ്. വാർഡ് തിരിച്ചുള്ള വിവരങ്ങൾക്ക് അനുബന്ധമായി ചേർത്തിട്ടുള്ള പട്ടിക നോക്കുക.

പൂയപ്പള്ളി ഗ്രാമപഞ്ചായത്ത് – വിവിധ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരുടെയും തൊഴിലില്ലാത്തവരുടേയും വിവരം.

(തുടർച്ച)

വാർഡ് നമ്പർ	നിർമ്മാണത്തൊഴിലാളികൾ			വ്യവസായം–വ്യാപാരം നടത്തുന്നവർ			കയറ്റിറക്ക് ചുമട് തുടങ്ങിയജോലികൾ നടത്തുന്നവർ			മറ്റു തൊഴിലുകൾ			ഭാഗികമായി തൊഴിലുള്ളവർ			തൊഴിലില്ലാത്തവർ		
	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
1	15	—	15	38	01	39	17	01	18	57	39	96	69	104	173	359	786	1145
2	88	—	88	34	09	43	20	01	21	138	46	184	32	254	286	455	603	1058
3	07	—	07	25	05	30	29	—	29	39	36	75	25	25	50	450	743	1193
4	07	—	07	48	04	52	29	—	29	57	51	108	52	43	95	399	812	1211
5	10	—	10	41	05	46	21	—	21	56	54	110	73	151	224	368	788	1156
6	07	—	07	34	03	37	20	—	20	45	29	74	23	43	66	416	902	1318
7	18	—	18	91	07	98	24	—	24	33	35	68	09	05	14	378	817	1195
8	05	—	05	34	02	36	17	01	18	47	32	79	87	72	159	369	772	1141
9	26	—	26	36	03	39	20	—	20	54	37	91	08	12	20	356	823	1178
10	18	—	18	35	02	37	14	02	16	44	28	72	50	47	97	437	751	1188
ആകെ	201	—	201	416	41	457	211	05	216	570	387	957	428	756	1184	3987	7796	11783

0000239

പൂയപ്പള്ളി ഗ്രാമപഞ്ചായത്ത് – വിവിധ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരുടെയും തൊഴിലില്ലാത്തവരുടേയും വിവരം.

വാർഡ് നമ്പർ	കൃഷിക്കാർ			കർഷക–തൊഴിലാളികൾ			കാലിവളർത്തൽ ടാപ്പിംഗ്, തുടങ്ങിയ ജോലിക്കാർ			മണൽ, പാറ തൊഴിലാളികൾ			വീട്ടുപകരണങ്ങൾ നിർമ്മിക്കുന്നവർ			കശുവണ്ടി, ചുടുകട്ട, നെയ്ത്ത്, തയ്യൽ തുടങ്ങിയ തൊഴിലിൽ ഏർപ്പെട്ടിട്ടുള്ളവർ		
	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
1	111	04	115	172	14	186	07	—	07	—	—	—	07	—	07	41	109	150
2	194	42	236	91	23	114	07	—	07	06	—	06	02	—	02	42	74	116
3	106	01	107	97	—	97	07	01	08	02	—	02	05	—	05	33	87	120
4	160	—	160	103	04	107	06	03	09	09	01	10	03	01	04	38	94	132
5	148	12	160	160	20	180	14	—	14	03	05	08	19	02	21	26	10	36
6	164	02	166	122	21	143	16	01	17	45	45	90	28	01	29	38	23	61
7	114	05	119	104	07	111	12	02	14	—	—	—	—	—	—	29	26	55
8	180	37	217	147	51	198	14	02	16	—	—	—	—	—	—	30	58	88
9	148	05	153	193	35	228	20	01	21	04	—	04	01	—	01	59	84	143
10	85	—	85	128	05	133	06	—	06	02	02	04	01	—	01	43	54	197
ആകെ	1410	108	1518	1317	180	1497	109	10	119	71	53	124	66	04	70	379	719	1098

000031

പൂയപ്പള്ളി (ഗാമപഞ്ചായത്ത് – ജനസംഖ്യാവിവരം (1991 സെൻസസ്)

വാർഡ് നമ്പർ	കുടുംബങ്ങളുടെ എണ്ണം	ജനസംഖ്യാ വിവരം			ആറ് വയസിൽ താഴെയുള്ള കുട്ടികൾ			പട്ടികജാതി ജനസംഖ്യ			വിദ്യാഭ്യാസനിലവാരം		
		ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
1	476	1039	1174	2213	146	116	262	153	169	322	852	944	1796
2	478	1237	1166	2403	128	114	242	144	128	272	1051	908	1959
3	407	940	1015	1955	115	117	232	41	47	88	800	826	1626
4	468	1048	1146	2194	137	133	270	167	175	342	859	889	1748
5	488	1065	1163	2228	126	116	242	155	157	312	909	964	1873
6	473	1092	1197	2289	134	127	261	176	184	360	923	935	1858
7	376	945	1026	1980	142	122	264	26	22	48	763	795	1558
8	459	1075	1170	2245	145	143	288	233	248	481	872	884	1756
9	480	1076	1120	2196	151	121	272	190	198	388	876	894	1770
10	467	988	1116	2104	125	125	250	120	160	280	822	873	1695
ആകെ	4571	10514	11293	21807	1349	1234	2583	1405	1488	2893	8727	8912	17639

000033

IV വികസന മേഖലകൾ

വികസന മേഖലകളെ മൂന്നായി തരം തിരിച്ചിരിക്കുന്നു. 1) പ്രാഥമിക മേഖല 2) ദ്വിതീയ മേഖല 3) തൃതീയ മേഖല. പ്രാഥമിക മേഖലയിൽ കൃഷി, ജലസേചനം, മൃഗസംരക്ഷണം, മത്സ്യബന്ധനം എന്നിവ ഉൾപ്പെടുന്നു. ഈ പഞ്ചായത്തിൽ കടലോ, കായലോ, മത്സ്യബന്ധനം നിലവിലുള്ള മറ്റു ജലാശയങ്ങളോ ഇല്ലാത്തതിനാൽ, മത്സ്യ ബന്ധനം എന്ന വിഷയം ഇപ്പോൾ പ്രസക്ത മല്ല. ജനകീയാസൂത്രണത്തിന്റെ ഭാഗമായി, ലഭ്യമായ ജലാശയങ്ങളിൽ മത്സ്യകൃഷി ആരംഭിക്കാവുന്നതായതുകൊണ്ട് മത്സ്യ ബന്ധനത്തിന്റെ സ്ഥാനത്ത് മത്സ്യകൃഷി യെപ്പറ്റി ചിന്തിക്കണം.

ദ്വിതീയമേഖലയിൽ വ്യവസായം, ഊർജ്ജം, ഗതാഗതം, പാർപ്പിടം, സാമൂഹ്യക്ഷേമം എന്നിവയാണുൾപ്പെടുന്നത്.

തൃതീയ മേഖലയിൽ ആരോഗ്യം, കുടിവെള്ളം, വ്യദ്യാഭ്യാസം, സംസ്ക്കാരം, പട്ടിക ജാതി പട്ടികവർഗ്ഗക്ഷേമം, വനിത, സഹകരണമേഖല, വിഭവ സമാഹരണം എന്നിവ ഉൾപ്പെടുന്നു.

ഇതിൽ ഓരോ വിഭാഗത്തിലും ഇന്നലെ വരെ എന്തായിരുന്നു, ഇപ്പോൾ എന്തൊക്കെ നടന്നുകൊണ്ടിരിക്കുന്നു, ഇപ്പോൾ നിലനിൽക്കുന്ന പ്രശ്നങ്ങൾ എന്തൊക്കെയാണ്, അതിനുള്ള പരിഹാര മാർഗ്ഗങ്ങൾ എന്താണ് എന്ന നിലയിലാണ് റിപ്പോർട്ടിൽ വിലയിരുത്തുന്നത്.

1. കൃഷിയും ജലസേചനവും

സംസ്ഥാനത്തിലെ മറ്റു പ്രദേശങ്ങളിലെന്നപോലെ ഇവിടെയും ജന്മി കുടിയാൻ വ്യവസ്ഥ നിലനിന്നിരുന്നു. ഈ പഞ്ചായത്തിലെ I, II, VIII, IX, X വാർഡുകൾ ഉൾപ്പെടുന്ന പ്രദേശങ്ങൾ കൊട്ടറ – മരുതമൺപള്ളി ദേശവഴികൾ എന്നപേരിൽ 'അകവൂർ മന' ജന്മിമാരുടെ തനത് സങ്കേതവസ്തുക്കളായിരുന്നു. മറ്റ് വാർഡുകളിലെ മിക്ക പ്രദേശങ്ങളും പല ദേവസ്വങ്ങളുടേയും വകയായിരുന്നു. കുടിയാന്മാർ ദീർഘകാലം നടത്തിയ സമരത്തിന്റെ ഫലമായി 1957–ലെ കേരളാ ഗവൺമെന്റ് ഭൂപരിഷ്ക്കരണ നിയമവും, ജന്മിക്കരം നിരോധനബില്ലും പാസാക്കി നടപ്പാക്കിയതിന്റെ ഫലമായിട്ടാണ്, കുടിയായ്മ വ്യവസ്ഥ അവസാനിച്ചതും, കൃഷിക്കാർക്ക് കൈവശഭൂമിയിൽ സ്ഥിരാവകാശം ലഭിച്ചതും ഇതുസംബന്ധിച്ച് വിശദമായി ഈ റിപ്പോർട്ടിന്റെ ആമുഖത്തിലുള്ള ചരിത്ര പശ്ചാത്തലത്തിൽ വിവരിച്ചിട്ടുണ്ട്.

പഞ്ചവത്സര പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കിയപ്പോൾ, കാർഷികാഭിവൃദ്ധിക്ക് പ്രാമുഖ്യം നൽകിയിരുന്നു. എങ്കിലും ഈ രംഗത്ത് വേണ്ടത്ര പുരോഗതി കൈവരിക്കാൻ കഴിഞ്ഞില്ല. ആസൂത്രണത്തിലെ അപാകതകൾ, പദ്ധതി നടത്തിപ്പിലെ പാളിച്ചകൾ, പദ്ധതി നടത്തിപ്പിൽ കൃഷിക്കാർക്ക് നേരിട്ട് പങ്കാളിത്തം ലഭിക്കാതിരുന്നത് തുടങ്ങി പല ഘടകങ്ങളും ഇതിന് കാരണമായിരുന്നു ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള സൗകര്യക്കുറവ്, ന്യായവില ലഭിക്കാത്തത്. കർഷകത്തൊഴിലാളികളെ വേണ്ടത്ര കിട്ടാനുള്ള വൈഷമ്യം, വളത്തിന്റെയും, കീടനാശിനികളുടേയും, കാർഷികോപകരണങ്ങളുടേയും, അമിതമായ വിലവർദ്ധന കർഷകത്തൊഴിലാളികളുടെ കൂലിയിൽവന്നിട്ടുള്ള വർദ്ധന, കാർഷിക വികസനരംഗത്തെ ഒരേ പദ്ധതി തന്നെ പല ഡിപ്പാർട്ടുമെന്റ് വഴി വരുകയും ഈ ഡിപ്പാർട്ടുമെന്റുകൾ തമ്മിൽ ഏകോപനം ഇല്ലാതിരിക്കുകയും ചെയ്യുക, കാർഷിക വിപണനരംഗത്തെ ഇടത്തട്ടുകാരുടെ ചൂഷണം, നൂതനകൃഷിസമ്പ്രദായങ്ങൾ യഥാസമയം കർഷകരിൽ എത്തിക്കാതിരിക്കുക, ജൈവവളങ്ങളുടെ ലഭ്യതക്കുറവും, രാസവളത്തിന്റെ അമിതപ്രയോഗവും തുടങ്ങിയവ കാർഷികരംഗത്തെ തകർച്ചയ്ക്ക് കാരണമാണ്.

കാർഷിക രംഗവുമായി ബന്ധപ്പെട്ട ഭൂപ്രകൃതി, കാലാവസ്ഥ, ജലലഭ്യത, മൺതരങ്ങൾ, ഭൂവിനിയോഗം, ജൈവസമ്പത്ത് എന്നിവ സംബന്ധിച്ച വിശദവിവരങ്ങൾ ഇതിന് മുൻപ് ഭൂപ്രകൃതിയും വിഭവങ്ങളും എന്ന അദ്ധ്യായത്തിൽ കൊടുത്തിട്ടുണ്ട്.

ചില പൊതു വിവരങ്ങളം താഴെ കൊടുക്കുന്നു.

a) പുറമ്പോക്ക് ഭൂമി

i)	റോഡ് പുറമ്പോക്ക്	—	160.10 ഏക്കർ
ii)	തോട് പുറമ്പോക്ക്	—	186.49 "
iii)	കുളങ്ങളുടെ പുറമ്പോക്ക്	—	1.05 "
iv)	ആറ് പുറമ്പോക്ക്	—	24.10 "
v)	റവന്യൂ പുറമ്പോക്ക്	—	10.05 "
	ആകെ	—	381.70 ഏക്കർ

b) ഭൂഉടമസ്ഥതയുടെ വിവരം

i)	10 സെൻറ് വരെ ഭൂമിയുള്ളവർ —	9765
ii)	11 സെൻറ് മുതൽ 25 സെൻറ് വരെ —	3117
iii)	26 സെൻറുമുതൽ 50 സെൻറ് വരെ —	2110
iv)	51 സെൻറ് മുതൽ 1 ഏക്കർവരെ —	1302
v)	1 ഏക്കറിനുമേൽ 2 ഏക്കർവരെ —	934
vi)	2 ഏക്കറിനുമേൽ 5 ഏക്കർ വരെ —	45
vii)	5 ഏക്കറിനു മുകളിൽ —	34
	ആകെ —	17307

ഈ പഞ്ചായത്തിലെ പ്രധാന കാർഷികവിളകളം നെല്ല്, തെങ്ങ്, വാഴ, കുരുമുളക്, റബ്ബർ കശുമാവ്, പച്ചക്കറി, പയർവർഗ്ഗങ്ങളം, വെറ്റിലക്കൃഷി എന്നിവയാണ്. ഈ കൃഷികളം ഓരോന്നും പ്രത്യേകം പരിശോധിക്കേണ്ടത് ആവശ്യമാണ്.

നെല്ല്:

ഇരുപ്പൂനിലങ്ങളാണ് ഈ പഞ്ചായത്തിലുള്ളത്. കല്വട ജലസേചനപദ്ധതി ശരിക്കും പ്രാവർത്തികമായാൽ മൂന്നാംകൃഷി നടപ്പാക്കാവുന്നതാണ്. എന്നാൽ പരിവർത്തനകൃഷി, നെൽകൃഷിയുടെ ഉൽപാദനം വർദ്ധിപ്പിക്കുന്നതോടൊപ്പം, പരിവർത്തനകൃഷിയായി പയർ, എള്ള്, പച്ചക്കറികളം എന്നിവ കൃഷിചെയ്താൽ കൃഷിക്കാരന് കൂടുതൽ ആദായം ലഭിക്കുകയുംചെയ്യും.

തെങ്ങ്

ഈ പഞ്ചായത്തിൽ 977 ഹെക്ടറിൽ തെങ്ങുകൃഷി നിലവിലുണ്ട്. ഇതിൽ 162436 കായ്ക്കുന്ന തെങ്ങുകളുണ്ട്. ഒരാണ്ടിൽ ലഭിക്കുന്ന നാളീകേരം 1760000 ആണ്. ഉൽപ്പാദനക്ഷമത 180 ആണ്. തെങ്ങുകൃഷിസംബന്ധിച്ച കൂടുതൽ വിവരങ്ങളം താഴെ കൊടുക്കുന്നു.

വാർഡ് നമ്പർ	തെങ്ങുകൃഷി വിസ്തീർണ്ണം	കായ്ക്കാത്ത തെങ്ങുകളം	കായ്ക്കുന്ന തെങ്ങുകളം	ആകെ	റൂട്ട്വിൽറ്റ് രോഗം ബാധിച്ച തെങ്ങുകളം
1	120	10500	19500	30000	54
2	108	10800	16200	27000	46
3	101	9450	13050	22500	73
4	100	10000	15000	25000	44
5	118	7965	21535	29500	65
6	70	4375	13125	17500	70
7	75	6000	12750	18750	32
8	90	5627	16873	22500	100
9	95	7347	16403	29750	70
10	100	7000	18000	25000	44
ആകെ	977	79064	162436	241500	600

വാഴ:-

പഞ്ചായത്തിലെ താഴ്വാര പ്രദേശങ്ങളിൽ നെൽകൃഷിക്കുപയുക്തമല്ലാത്ത ഭൂമിയിൽ വ്യാപകമായി വാഴകൃഷി നടത്താവുന്നതാണ്. ആദായകരമായി നടത്താവുന്നത് ഏത്ത വാഴകൃഷിയാണ്. ഇപ്പോൾ 90 ഹെക്ടർപ്രദേശത്തുമാത്രമാണ് വാഴ കൃഷിയുള്ളത്. മൊത്തം ഉൽപ്പാദനം 675000 കിലോഗ്രാം. ഉൽപ്പാദനക്ഷമത 7500 കിലോഗ്രാം. ഇപ്പോൾ വാഴക്കുല ഭൂരിഭാഗവും തമിഴ്നാട്ടിൽനിന്നും ഇറക്കുമതി ചെയ്യുന്നതാണ്. അതിന് ഇവിടുത്തെ അപേക്ഷിച്ച് ഗുണംകുറവുമാണ്. വാഴ കൃഷി ശരിക്കും പ്രോൽസാഹിപ്പിച്ചാൽ ആ രംഗത്ത് സ്വയംപര്യാപ്തത കൈവരിക്കാൻ കഴിയും.

കുരുമുളക്:-

ഈ പഞ്ചായത്തിൽ ഇപ്പോൾ 55 ഹെക്ടർ സ്ഥലത്തുമാത്രമാണ് കുരുമുളകുകൃഷിയുള്ളത്. ഇതിൽത്തന്നെ കുരുമുളകുതോട്ടങ്ങൾ നാമമാത്രമാണ്. ഏറ്റവും കൂടുതൽ വികസിപ്പിച്ചെടുക്കാവുന്നഒന്നാണ് കുരുമുളകുകൃഷി. കുറഞ്ഞ അദ്ധ്വാനത്തിലും കുറഞ്ഞ ചെലവിലും കൂടുതൽ ആദായം ഉണ്ടാക്കാൻ കഴിയും. ഈ രംഗത്ത് ഇന്നു കൃഷിചെയ്യുന്നത് നാടൻ കൊടികളാണ്. അത്യുൽപ്പാദനശേഷിയുള്ള കരിമുണ്ട,വെളുത്തമുണ്ട,പാലാകൊടി എന്നിവ ഈ പ്രദേശത്തിന് അനുയോജ്യമാണ്.

റബ്ബർ:-

ലഭ്യമായകണക്കുകൾ പ്രകാരം 188 ഹെക്ടറിലാണ് റബ്ബർ കൃഷിയുള്ളത്. ഇത് ഏതാനുംവർഷം മുൻപുള്ളകണക്കാണ്. ഇപ്പോഴത്തെസ്ഥിതി വച്ചാണെങ്കിൽ റബ്ബർകൃഷി എത്താത്ത ഒരു ഭാഗവും പഞ്ചായത്തിൽ ഇല്ല. ഇപ്പോൾ ഈ രംഗത്ത് ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും ഒരുപോലെ മെച്ചമാണ്. ഇത് ഇനിയും മെച്ചപ്പെടുത്താൻ ശ്രമിക്കേണ്ടതാണ്.

കശുമാവ്:-

ലോകകമ്പോളത്തിൽ ഏറ്റവും ഡിമാൻറുള്ള വസ്തുവാണ് കശുവണ്ടി, കശുമാവ് കൃഷിമെച്ചപ്പെടുന്നതുകൊണ്ട് രണ്ടുകാര്യങ്ങൾ സാധിക്കുന്നു. കൃഷിക്കാരന് വർദ്ധിച്ചആദായം, കശുവണ്ടിത്തൊഴിലാളികൾക്ക് കൂടുതൽ ജോലി സാദ്ധ്യത. കശുവണ്ടി വ്യവസായത്തിന്റെ കേന്ദ്രം കൊല്ലം ജില്ലയാണ്. ഒരു കാലത്ത് ഉല്പാദനത്തിന്റെ കുത്തക കൊല്ലം ജില്ലക്കായിരുന്നതുകൊണ്ടാണ് ആ വ്യവസായം ഈ ജില്ലയുടേതായത്. എന്നാൽ ഉല്പാദനരംഗത്തെ ഇപ്പോഴത്തെ സ്ഥിതി പരമ ദയനീയമാണ്. പഞ്ചായത്തിൽ 15 ഹെക്ടർ സ്ഥലത്ത് മാത്രമാണ് ഇപ്പോൾ കശുമാവ് കൃഷിയുള്ളത്. ഈ കൃഷിക്ക് അദ്ധ്വാനവും, ചെലവും നാമമാത്രമായി മാത്രമേ വേണ്ടിവരുന്നുള്ളൂ. ഈ കൃഷി കഴിയുന്നത്ര പ്രോൽസാഹിപ്പിക്കപ്പെടേണ്ടതാണ്.

പച്ചക്കറി:-

നമ്മുടെ സംസ്ഥാനത്ത് ഇന്ന് ആവശ്യമായി വരുന്ന പച്ചക്കറിയുടെ 3/2 ഭാഗവും അന്യസംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുന്നതാണ്. ആവശ്യമുള്ള മുഴുവൻ പച്ചക്കറിയും ഇവിടെത്തന്നെഉല്പാദിപ്പിക്കാനുള്ള ഭൗതികസാഹചര്യങ്ങളും ഇവിടെ നിലവിലുണ്ട്. എന്നാൽ ഈ രംഗം വേണ്ടത്ര ശ്രദ്ധിക്കപ്പെടുന്നില്ല. പാടങ്ങളിൽ രണ്ടാംവിള കഴിഞ്ഞ് ഇടവിളയായും, നെൽകൃഷിക്ക് ഉപയുക്തമല്ലാത്ത കോണുവയലുകളിലും, അടുക്കള കൃഷിയായും ഈ കൃഷി നടത്താവുന്നതാണ്. ഈ കൃഷിക്ക് ജലസേചനം അത്യാവശ്യമാണ്. ഇടവിള പച്ചക്കറി കൃഷിക്ക് നെല്ലിപ്പറമ്പ് വയൽ ഉത്തമ മാതൃകയാണ്.

പയർവർഗ്ഗങ്ങൾ :-

ഇരുപ്പൂനിലങ്ങളിൽ രണ്ടാം വിളയ്ക്ക് ശേഷം ഇടവിളയായി പയർ, ഉഴുന്ന്, എള്ള് എന്നിവയുടെ കൃഷിക്ക് വൻ സാദ്ധ്യതകളാണുള്ളത്. വിപണന സൗകര്യം ഉണ്ടാവണമെന്ന് മാത്രം.

വെറ്റിലകൃഷി:-

സമീപ പഞ്ചായത്തുകളെ അപേക്ഷിച്ച് ഒരു കാലത്ത് ഈ പഞ്ചായത്തിൽ വെറ്റില കൃഷി പേരും പെരുമയും ആർജ്ജിച്ചിരുന്നു. അതിനുള്ള അനുകൂല സാഹചര്യം ഈ പഞ്ചായത്തിൽ ഉണ്ടെന്നാണ് അതിനർത്ഥം. ഇപ്പോൾ സ്ഥിതി മോശമാണ്. ഈ കൃഷി പുനഃസ്ഥാപിക്കേണ്ടതാണ്.

നടപ്പുപദ്ധതികളുടെ അവലോകനം :-

28 കിണറും 20 പമ്പുസെറ്റും നൽകാൻ ഉദ്ദേശിച്ചുകൊണ്ടുള്ള സമഗ്ര നാളികേര വികസന പദ്ധതി, പട്ടികജാതി വിഭാഗത്തിൽപ്പെട്ട വർക്ക് ജലസേചന സൗകര്യം മെച്ചപ്പെടുത്തുന്നതിന് 100% സബ്സിഡിയോടുകൂടി ഒരു കിണർ, കുരുമുളക് ഉല്പാദനവർദ്ധന ലക്ഷ്യമാക്കിക്കൊണ്ട് ഒന്നാം വർഷം 0.5 ഹെക്ടറും രണ്ടാം വർഷം 1.5 ഹെക്ടറും മൂന്നാം വർഷം 0.5 ഹെക്ടറും സ്ഥലത്ത് കൃഷി നടത്താനുള്ള കുരുമുളക് വികസന പദ്ധതി, ഒരു ഹെക്ടർ സ്ഥലത്ത് ഇഞ്ചിയുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള ഇഞ്ചി കൃഷി വികസന പദ്ധതി കൂടാതെ മാതൃകാ ഇഞ്ചി കൃഷി പദ്ധതി, 25 സെൻറിൽ മാതൃകാ കുരുമുളക് വികസനപദ്ധതി, ഒന്നാം വർഷം 25 സെൻറിലും രണ്ടാം വർഷം 25 സെൻറിലും സുഗന്ധവ്യഞ്ജന കൃഷി, 10 ഹെക്ടറിൽ സമഗ്ര കശുമാവ് വികസനപദ്ധതി, മരുന്ന് തളിക്കുന്നതിനുള്ള റോക്കർ സ്പെയർ വിതരണം ചെയ്യൽ, 5 സെൻറ് വീതം പ്ലോട്ടുകളായി എടുത്ത് വെറൈറ്റി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള വെറൈറ്റിക്കൊടി വികസന പദ്ധതി, മാതൃകാവെറൈറ്റിക്കൊടി വികസന പദ്ധതി എന്നിവ നടപ്പുപദ്ധതികളാണ്.

ഈ പദ്ധതികളെല്ലാം, ഇതിൽപ്പെടാത്ത പദ്ധതികളും കൂടിച്ചേർത്ത് ജനകീയാസൂത്രണപദ്ധതിയുടെ ഭാഗമായി കൃഷിയുടെ സമഗ്രവികസനത്തിനുള്ള പദ്ധതികളും രൂപപ്പെടുത്തേണ്ടിയിരിക്കുന്നു.

ജലസേചനം:-

നിലവിലുള്ള ഉപരിതല ജലസ്രോതസുകളിൽനിന്നുള്ള ജലലഭ്യത ഇന്ന് തുലോം കുറവാണ്. കൃഷിക്കാവശ്യമുള്ള പ്രധാന വിഭവം ജലമാണ്. എത്രത്തോളം അത് കൂടുതൽ ലഭ്യമാക്കാൻ കഴിയുന്നുവോ അത്രകണ്ട് കൃഷി മെച്ചപ്പെട്ടുവരും. പൂർത്തീകരിക്കാതെ കിടക്കുന്ന കല്ലട ജലസേചനപദ്ധതി എത്രയും വേഗം പൂർത്തിയാക്കുക, ഈ പഞ്ചായത്തിൻറെ വകയായുള്ള 5.2 കി.മീറ്റർ നീളം വരുന്ന ഇത്തിക്കര ആറിൽ ചെക്ക്ഡാം കെട്ടുക, നിലവിലുള്ള തോടുകളിൽ തടയണകൾ കെട്ടുക, മലമടക്കുകളിൽ വെള്ളം തടഞ്ഞുനിർത്താനുള്ള ചെക്ക്ഡാമുകൾകെട്ടി കുന്നിൻമുകളിൽ ടാങ്കുകൾ സ്ഥാപിച്ച് താഴ്ന്ന പ്രദേശങ്ങളിലേയ്ക്ക് വെള്ളം ഒഴുക്കിവിടുക, കൂടുതൽ കിണറുകൾ കുഴിപ്പിച്ച് പമ്പുസെറ്റുകൾ സ്ഥാപിക്കുക, കല്ലടപദ്ധതി ഉണ്ടെങ്കിൽപ്പോലും എല്ലാ ഏലാ തലയ്ക്കലും ഉള്ള കുളങ്ങൾ സംരക്ഷിക്കുക, കൂടുതൽ കുളങ്ങൾ പണികഴിപ്പിക്കുക എന്നീ കാര്യങ്ങൾ ചെയ്യുന്നതിലൂടെ ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്താവുന്നതാണ്.

നീർമറി പദ്ധതി:-

മുഖ്യമായുംകൃഷിയിലൂന്നിനിന്നുകൊണ്ട് തെരഞ്ഞെടുക്കപ്പെടുന്ന ഒരു പ്രദേശത്തിൻറെ സമഗ്രവികസനം ലക്ഷ്യമാക്കുന്നതാണ് നീർമറി (വാട്ടർഷെഡ്) പദ്ധതി. ഏതെങ്കിലും ഒരു തോടിനേയോ, ഏലായേയോ ആധാരമാക്കി മഴപെയ്യുമ്പോൾ എവിടെനിന്നൊക്കെ ജലം ഒഴുകി ആ തോട്ടിലേക്കോ ഏലായിലേക്കോ വരുന്നുവോ, ആ പ്രദേശം ഉൾക്കൊള്ളുന്നതാണ് ഒരു നീർമറിപ്രദേശം. ഈ പ്രദേശത്തെ ഒരു പ്രത്യേകയൂണിറ്റാക്കി എടുത്ത് വികസനം സംഘടിപ്പിക്കുകയെന്നതാണ് നീർമറി പദ്ധതി. സെൻറർ ഫോർ എർത്ത് സയൻസസ് സ്റ്റഡീസിലെ ശാസ്ത്രജ്ഞൻമാർ (സെസ്സ്) രൂപപ്പെടുത്തിയതനുസരിച്ച് ഈ പ്രദേശത്തിനെ അഞ്ച് നീർമറിപ്രദേശങ്ങളായി വേർതിരിക്കാം. (ചിത്രം VI നോക്കുക) കൊട്ടറ ഏലാ, മ്ണാക്കോട് ഏലാ, ചെമ്പകശ്ശേരി ഏലാ ഈ ഏലാകളെ ആധാരമാക്കിയുള്ള I കൊട്ടറ നീർമറിപദ്ധതി, മരുതമൺപള്ളി ഏലായെ ആധാരമാക്കിയുള്ള II മരുതമൺപള്ളി നീർമറിപദ്ധതി, നെല്ലിപ്പറമ്പ് ഏലായെ ആധാരമാക്കിയുള്ള III നെല്ലിപ്പറമ്പ് നീർമറിപദ്ധതി, കോഴിക്കോട്, മത്യോട് ഏലാകളെ ആധാരമാക്കിയുള്ള IV കോഴിക്കോട് നീർമറിപദ്ധതി, ചെങ്കുളം ഏലാകളെ ആധാരമാക്കിയുള്ള V ചെങ്കുളം നീർമറിപദ്ധതി എന്നിവയാണവ.

നീർമറി പദ്ധതികൊണ്ടുദ്ദേശിക്കുന്നത്, കരപ്പുരയിടങ്ങളിലുള്ള നീർവാർച്ച ഫലപ്രദമായി തടയുക, മണ്ണൊലിപ്പ് തടയുക, നെൽകൃഷിക്ക് ഉപയുക്തമാകാൻ വേണ്ടി തോടുകളിൽ തടയണകെട്ടി വെള്ളം ശേഖരിക്കുക, നീർച്ചാലുകളിൽ ഇടവിട്ട് കുഴികൾ നിർമ്മിച്ച് വെള്ളം ശേഖരിക്കുക എന്നിവയ്ക്ക് പുറമെ വിവിധ ഇനത്തിലുള്ള തൈകൾ വിതരണം ചെയ്യുക, ആട്, കോഴി എന്നിവകളെ വിതരണം ചെയ്യുക, കാലിത്തൊഴുത്ത് നിർമ്മിച്ചുകൊടുക്കുക, ജീവാണുവളം, രാസവളകിറ്റ് എന്നിവ നൽകുക തുടങ്ങിയ പ്രവൃത്തികളിൽ കൂടി ആ പ്രദേശത്തെ സമഗ്രവികസനമാണ്.

കുന്നുകളും, ചരിവുകളും, താഴ്ന്ന പ്രദേശങ്ങളും ഉൾക്കൊള്ളുന്ന പ്രദേശങ്ങളിൽ

ചിത്രം-VI

പൂവച്ചലാറ്റിലെ ചെറുവഴികൾ

നീരൊഴുക്ക്



അവലംബം : വിദഗ്ധ ഭൂപടം, സെപ്റ്റ്

000039

000040

ആണ്. നീർമറി പദ്ധതി നടപ്പിലാക്കുന്നത്. പൂയപ്പള്ളി പഞ്ചായത്ത് പൂർണ്ണമായും ഇത്തരത്തിലുള്ള ഒരു പ്രദേശമാണ്. അതുകൊണ്ട് പഞ്ചായത്തിനെ പൂർണ്ണമായും ഈ പദ്ധതിയുടെ കീഴിൽ കൊണ്ടുവരേണ്ടതാണ്. പൊരിയക്കോട് മുതൽ മൈലോട്, പൂയപ്പള്ളി, മീയ്യണ്ണൂർ വഴിയുള്ള റോഡിന് തെക്കുവശം പെയ്യുന്ന മഴവെള്ളം മുഴുവനും ഇത്തിക്കര ആറിലും, വടക്കുവശം പെയ്യുന്ന മഴവെള്ളം മുഴുവനും നെടുമൺകാവ് ആറിലുമാണ് ചെന്നുചേരുന്നത്. സെസിലെ ശാസ്ത്രജ്ഞൻമാർ ഈ പഞ്ചായത്തിനെ 5 നീർമറി പ്രദേശങ്ങളായി നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും മേൽപ്പറഞ്ഞ രണ്ട് നദികളെയും അടിസ്ഥാനമാക്കി പഞ്ചായത്തിനെ മുഴുവൻ, രണ്ട് നീർമറി പദ്ധതികളായി രൂപപ്പെടുത്തുന്നത് ആലോചനയ്ക്ക് വിഷയമാക്കേണ്ടതാണ്.

നടപ്പുപദ്ധതിയായി മൈലോട് തുടങ്ങി ഇളവാംകോണം, വെളിയം വഴി നെടുമൺകാവിൽ ആറിൽ അറവലക്കുഴി എന്ന സ്ഥലത്ത് ചേരുന്ന തോടിനെ ആധാരമാക്കി വെളിയം വാട്ടർ ഷെഡ് പദ്ധതി എന്ന പേരിൽ ഒരു നീർമറിപദ്ധതി നിലവിലുണ്ട്. വെളിയം പഞ്ചായത്തിലെ ആറു വാർഡുകളും ഇളമാട് പഞ്ചായത്തിന്റെ നെട്ടയം വാർഡിന്റെ ഏതാനും ഭാഗവും, വെളിനല്ലൂർ പഞ്ചായത്തിലെ മീയ്യന വാർഡിലെ ഏതാനും ഭാഗവും, പൂയപ്പള്ളി പഞ്ചായത്തിലെ IV, V വാർഡുകളും ഭാഗികമായും ഉൾപ്പെടുന്നതാണ് വെളിയം വാട്ടർഷെഡ്. മുകളിൽ സൂചിപ്പിച്ചിട്ടുള്ള വികസനപ്രവർത്തനങ്ങളും ആനുകൂല്യങ്ങളും ഈ പ്രദേശത്ത് നടപ്പാക്കിവരികയാണ്.

നമ്മുടെ പഞ്ചായത്തുൾപ്പെടെ ഈ സംസ്ഥാനത്ത് മുഖ്യമായും നടക്കേണ്ടത് കാർഷികരംഗത്തുള്ള വികസനമാണ്. കൃഷി അഭിവൃദ്ധിപ്പെട്ടെങ്കിൽ മാത്രമേ വ്യവസായത്തിനാവശ്യമുള്ള അസംസ്കൃത വസ്തുക്കൾ ലഭ്യമാവുകയുള്ളൂ. അതിൽ കൂടി മാത്രമേ വ്യവസായം അഭിവൃദ്ധിപ്പെടുകയുള്ളൂ. ഈ രണ്ട് വികസനത്തിൽ കൂടി മാത്രമേ നമ്മുടെ രാജ്യത്തെ തൊഴിലില്ലായ്മ പരിഹരിക്കുകയും രാജ്യത്തിന്റെ സമ്പത്ത് വർദ്ധിക്കുകയും ചെയ്യുകയുള്ളൂ. അതുകൊണ്ട് കാർഷികരംഗത്തെ പ്രശ്നങ്ങളും അവയ്ക്കുള്ള പരിഹാരങ്ങളും മറ്റെന്തിനെക്കാളും പ്രധാനമാണ്.

പൂയപ്പള്ളി പഞ്ചായത്തിൽ കൃഷി മുഖ്യതൊഴിലായി സ്വീകരിച്ചിട്ടുള്ള 2500ഓളം കുടുംബങ്ങളാണുള്ളത്. കൃഷി ലാഭകരമല്ലാത്തതിനാൽ കൃഷിക്കാർ പൊതുവേ അതിൽ നിന്നും അകന്നു പൊയ്ക്കൊണ്ടിരിക്കുകയാണ്. കൃഷിക്കാരെ ഈ രംഗത്ത് ഉറപ്പിച്ചു നിർത്താൻ, കാർഷിക രംഗത്തെ പ്രശ്നങ്ങളും ഗൗരവപൂർവ്വം പരിശോധിച്ച് അവയ്ക്ക് പരിഹാരം കണ്ടെത്തേണ്ടതാണ്.

പ്രശ്നങ്ങൾ:-

1 മണ്ണ് പരിശോധന ഫലപ്രദമായി നടത്തുകയോ, പരിശോധനാ ഫലം കൃഷിക്കാരെ അറിയിക്കുകയോ ചെയ്യുന്നില്ല.

2 മണ്ണൊലിപ്പ് വ്യാപകമാണ്. അത് തടയുന്നില്ല.

3 മണ്ണിന്റെ പ്രത്യേകതകൾക്ക് അനുസരണമായ കൃഷിരീതി നടപ്പിലില്ല.

4 ഭൂപ്രകൃതി അനുസരിച്ച് മുഴുവൻ പഞ്ചായത്ത് പ്രദേശവും നീർമറി പദ്ധതിയുടെ പരിധിയിൽ വരുത്തേണ്ടതാണെങ്കിലും അപ്രകാരം ചെയ്തിട്ടില്ല.

5 കൃഷിഭവന്റെ പ്രവർത്തനം കാര്യക്ഷമമല്ല.

6 ഗുണമേൻമയുള്ള വിത്തുകളും, നടീൽ വസ്തുക്കളും യഥാസമയം ലഭിക്കുന്നില്ല.

7 വളവും, കീടനാശിനികളും ന്യായവിലയ്ക്ക് ലഭിക്കുന്നില്ല.

8 ആധുനിക ശാസ്ത്രീയ കൃഷിരീതികളെക്കുറിച്ച്, കൃഷിക്കാർക്കിടയിൽ ബോധവൽക്കരണം നടത്തുന്നില്ല.

9 ഉഴവ് സൗകര്യം തീരെ കുറവാണ്.

10 കാർഷിക വായ്പകൾ സമയാസമയങ്ങളിൽ വേണ്ടത്ര ലഭിക്കുന്നതിനുള്ള സംവിധാനങ്ങളില്ല.

11 കൃഷി ചെയ്യാവുന്ന മുഴുവൻ ഭൂമിയിലും കൃഷി ചെയ്യുന്നില്ല.

12 എല്ലാ കാർഷികവിളകൾക്കും കീടബാധ ഉണ്ടാകുന്നു.

13 ഉല്പാദനക്ഷമത കുറയുന്നു.

14 ജൈവവളങ്ങൾ കിട്ടാനില്ല.

15 കർഷകത്തൊഴിലാളികളെ വേണ്ടത്ര കിട്ടാനില്ല.

16 തൊഴിലാളികൾക്ക് കൂലി വളരെ കൂടുതലാണ്.

17 ആവശ്യമായത്ര യന്ത്രോപകരണങ്ങളും ഉപയോഗത്തിൽ കൊണ്ടുവന്നിട്ടില്ല.

18 കാർഷികോല്പന്നങ്ങൾക്ക് ന്യായവില ലഭിക്കുന്നില്ല.

19 വിപണന സൗകര്യമില്ല.

20 ഉല്പന്ന സംസ്ക്കരണത്തിനുള്ള സംവിധാനങ്ങളില്ല.

21 ചെറുകിട ജലസേചന പദ്ധതികളും വേണ്ടത്ര ഇല്ല.

22 നിലവിലുള്ള തോടുകളെ ജലസേചനയുക്തമായ രീതിയിൽ പ്രവർത്തിപ്പിക്കുന്നില്ല.

23 തലക്കുളങ്ങളും വേണ്ടത്ര ഇല്ല. ഉള്ളത് സംരക്ഷിക്കപ്പെടുന്നില്ല.

24 കല്ലട ജലസേചനപദ്ധതി ആരംഭിച്ച് 34 വർഷം കഴിഞ്ഞിട്ട് ഇന്നും ഒരു മരുമരീചികയാണ്.

25 പഞ്ചായത്തതിർത്തിയിലുള്ള ഇത്തിക്കര ആറ്റിലെ ജലം ജലസേചനത്തിന് ഉപയുക്തമാക്കിയിട്ടില്ല.

26 തേക്ക്, കൈതച്ചക്ക എന്നീ കൃഷികൾക്കുള്ള സാദ്ധ്യത വ്യാപകമായിട്ടുണ്ടെങ്കിലും അതൊരു പദ്ധതിയായി നടപ്പാക്കിയിട്ടില്ല.

27 തെങ്ങ് രോഗം ഉൽകണ്ഠാജനകമാംവിധം വ്യാപകമാണ്.

28 ചെറുകിട കൃഷിക്കാർക്ക് റബ്ബർ ബോർഡ് ആനുകൂല്യം ലഭിക്കുന്നില്ല.

29 ഗ്രൂപ്പ് ഫാമിംഗ് പ്രവർത്തനം സ്തംഭനത്തിലാണ്.

30 വാഴകൃഷിക്കുള്ള മുഴുവൻ സാദ്ധ്യതകളും ഇന്ന് പ്രയോജനപ്പെടുത്തുന്നില്ല. വാഴരോഗം വ്യാപകമാണ്.

31 കുരുമുളക് കൃഷിക്കുള്ള സാദ്ധ്യതകളും വേണ്ടത്ര പ്രയോജനപ്പെടുത്തുന്നില്ല.

32 കശുമാവ് കൃഷിയോടുള്ള താല്പര്യക്കുറവ്.

33 പച്ചക്കറി കൃഷിയോടുള്ള ആഭിമുഖ്യക്കുറവ്.

34 പയർവർഗ്ഗങ്ങളെ പ്രധാനപ്പെട്ട കാർഷികോല്പന്നമായി കാണുന്നില്ല.

35 വെറ്റിലകൃഷിയുടെ സാമ്പത്തിക പ്രാധാന്യം കണക്കിലെടുക്കുന്നില്ല.

സാദ്ധ്യതകൾ:-

1 മണ്ണ് പരിശോധന ഫലപ്രദമായി നടത്തുക.

2 മണ്ണൊലിപ്പ് ഫലപ്രദമായി തടയേണ്ടതാണ്.

3 മണ്ണിന്റെ പ്രത്യേകതകൾക്കനുസരിച്ചുള്ള കൃഷിരീതി നടപ്പിലാക്കുക.

4 പഞ്ചായത്തിനെ മുഴുവൻ നീർമറിപദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുത്തുക. നീർമറിപദ്ധതി ഒരേ പഞ്ചായത്തിനും തനതായി നടപ്പിൽ വരുത്തുക.

5 കൃഷി ഭവന്റെ പ്രവർത്തനം കാര്യക്ഷമമാക്കുക.

6 മണ്ണിന് അനുയോജ്യവും ഗുണമേൻമയുള്ളതുമായ വിത്തുകളും നടീൽവസ്തുക്കളും ലഭ്യമാക്കുക.

7 വളവും കീടനാശിനികളും സബ്സിഡി ഏർപ്പെടുത്തി ന്യായവിലയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

8 ആധുനിക ശാസ്ത്രീയ കൃഷിരീതികളെക്കുറിച്ച് കൃഷിക്കാർക്കിടയിൽ വ്യാപകമായ ബോധവൽക്കരണം നടത്തേണ്ടതാണ്.

9 ഉഴവു സൗകര്യത്തിന് വേണ്ടി യന്ത്രോപകരണങ്ങളും വ്യാപകമാക്കുകയും ടില്ലർ, ട്രാക്ടർ, പാസേജുകളും ആവശ്യമുള്ളിടത്തെല്ലാം നിർമ്മിക്കേണ്ടതാണ്.

10 കാർഷിക വായ്പകളും വേണ്ടത്ര ലഭിക്കുന്നതിനുള്ള സംവിധാനങ്ങളുണ്ടാക്കണം.

11 സ്വകാര്യവ്യക്തിയുടേതായാലും പൊതു ഉടമയിലുള്ളതായാലും തരിശുഭൂമികളും മുഴുവൻ കൃഷിചെയ്യാനുള്ള പദ്ധതി തയ്യാറാക്കണം.

12 എല്ലാ കാർഷികവിളകൾക്കും കീടബാധ തടയാനുള്ള ഏർപ്പാടുകളും ഉണ്ടാവണം.

13 ഉല്പാദനക്ഷമത വർദ്ധിപ്പിക്കാനുള്ള ക്രമീകരണങ്ങളും ഉണ്ടാക്കണം.

14 ജൈവവളങ്ങളും, ജീവാണുവളങ്ങളും മതിയായത്ര ഉപയോഗിക്കാനുള്ള സാഹചര്യം ഉണ്ടാക്കുക.

15 വിവിധ കൃഷിയ്ക്കുള്ള തൊഴിലാളികളുടെ "ലേബർ സൊസൈറ്റി"കളും രൂപീകരിക്കുക.

16 കർഷകത്തൊഴിലാളികളുടെ കൂലിനിരക്കിനു് നിജത്വവും ഏകീകരണവും ഉണ്ടാക്കുക.

17 ആവശ്യമുള്ള മേഖലകളിൽ യന്ത്രോപകരണങ്ങളും കൂടുതൽ പ്രചാരത്തിൽ വരുത്തുക.

18 കാർഷികോല്പന്നങ്ങൾക്കു് ന്യായവിലലഭ്യമാക്കണം.

19 കാർഷികോല്പന്നങ്ങളും യഥാസമയം ഏറ്റെടുക്കാനുള്ള മാർക്കറ്റിംഗ് സൊസൈറ്റികളും രൂപീകരിക്കണം.

20 റബ്ബർ, നാളീകേരം, കൈതച്ചക്ക, കണ്ണിമാങ്ങ, മാങ്ങ, കശുമാങ്ങ തുടങ്ങിയ കാർഷികോല്പന്നങ്ങളും പഞ്ചായത്തിൽ തന്നെ സംസ്ക്കരിക്കാനുള്ള സംവിധാനമുണ്ടാക്കുക.

21 ചെറുകിട ജലസേചന പദ്ധതികളും വേണ്ടത്ര നടപ്പിലാക്കുക.

22 നിലവിലുള്ള തോടുകളിൽ അറ്റകുറ്റപ്പണികളും നടത്തിയും, തടയണകളും നിർമ്മിച്ചും ജലസേചന സൗകര്യം വർദ്ധിപ്പിക്കുക.

23 തലക്കുളങ്ങളും ഉള്ളവ സംരക്ഷിക്കുകയും, ഇല്ലാത്ത സ്ഥലങ്ങളിൽ പുതിയവ നിർമ്മിക്കുകയും ചെയ്യുക.

24 കല്ലടജലസേചനപദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുക. കല്ലട ജലസേചന കനാലുകളിൽ ലിഫ്റ്റ് ഇറിഗേഷൻ ഏർപ്പെടുത്തി മുഴുവൻ ഭൂമിയിലും ജലം ലഭ്യമാക്കുക.

25 പഞ്ചായത്തതീർത്തിയിലുള്ള ഇത്തിക്കരആറ്റിൽ ചെക്ക്ഡാം സ്ഥാപിച്ച് കൂടുതൽജലസേചനസൗകര്യം ഏർപ്പെടുത്തുക

26 തേക്ക്, കൈതച്ചക്ക എന്നീ കൃഷികളും വ്യാപകമാക്കുക.

27 തെങ്ങ്രോഗം ഫലപ്രദമായി തടയാനുള്ള നടപടി സ്വീകരിക്കുക. കാറ്റ് രോഗം ബാധിക്കാത്ത തെങ്ങിൻതൈകളും ലഭ്യമാക്കുക.

28 ചെറുകിടകൃഷിക്കാർക്കും റബ്ബർ ബോർഡ് ആനുകൂല്യം ലഭ്യമാക്കുക.

29 25 ഹെക്ടർ ഒരു ഗ്രൂപ്പ്ഫാമിംഗ് സംവിധാനം എന്ന നിലയിൽ ഗ്രൂപ്പ്ഫാമിംഗ് സാർവ്വത്രികവും ഫലപ്രദവുമാക്കുക.

30 വാഴകൃഷിക്ക് അനുയോജ്യമായ മണ്ണുള്ള മുഴുവൻപ്രദേശങ്ങളിലും വാഴകൃഷി വ്യാപിക്കുക. വാഴരോഗം തടയാനുള്ള മരുന്നുകളും നിർദ്ദേശിക്കുക.

31 കുരുമുളകു കൃഷിക്കുള്ള വിപുലമായ സാദ്ധ്യതകളും പ്രയോജനപ്പെടുത്തുക.

32 തരിശുഭൂമികളിലെല്ലാം കശുമാവ്കൃഷി നിർബന്ധമാക്കുക.

33 പച്ചക്കറികൃഷി വികസനത്തിനു് അടുക്കളത്തോട്ടങ്ങൾക്കും, വ്യാപാരാടിസ്ഥാനത്തിലുള്ള കൃഷിക്കും പ്രോൽസാഹനം നൽകുക.

34 നിലങ്ങളിൽ ഇടവിളയായി പയർവർഗ്ഗകൃഷിക്കുള്ള സാദ്ധ്യതകളും വളരെ വലുതാണ്. വിപണനംകൂടി ഏർപ്പെടുത്തി ഇത് പ്രയോജനപ്പെടുത്തണം.

35 വെറ്റിലകൃഷിയുടെ സാമ്പത്തികപ്രാധാന്യം കണക്കിലെടുത്ത് പ്രോൽസാഹിപ്പിക്കണം.

II മൃഗസംരക്ഷണം

ആമുഖം:- കഴിഞ്ഞ മൂന്നു ദശാബ്ദക്കാലയളവിൽ നമ്മുടെ സംസ്ഥാനത്തുണ്ടായ സാമൂഹ്യ സാമ്പത്തിക വളർച്ചക്ക് മൃഗസംരക്ഷണമേഖല തനതായസംഭാവനകളും നൽകിയിട്ടുണ്ട്. ആളോഹരി കൃഷിഭൂമിയുടെ ലഭ്യതയിൽ വന്ന കുറവും, വ്യവസായ സംരംഭങ്ങളുടെ മുരടി

പ്പുമൂലമുണ്ടായ തൊഴിലില്ലായ്മയും ഈ മേഖലയിലേക്ക് ജനശ്രദ്ധ തിരിയുവാൻ കാരണമായി. ഹ്രസ്വകാലാടിസ്ഥാനത്തിൽ, ചുരുങ്ങിയ മൂലധനമുടക്കിൽ കൂടുതൽ സമ്പദ്വർദ്ധനവിനുതകുന്ന മേഖലയാണിത്. സംസ്ഥാനത്തെ കന്നുകാലി സമ്പത്തിന്റെ 94% ഗ്രാമപ്രദേശങ്ങളിലാണ് കേന്ദ്രീകരിച്ചിരിക്കുന്നത്. കന്നുകാലി ഉടമകളിൽ ബഹുഭൂരിപക്ഷവും ചെറുകിട കർഷകരും കർഷകത്തൊഴിലാളികളുമാണ്. വികസനമെന്നത് ജനങ്ങളുടെ ജീവിതനിലവാരത്തെ പടിപടിയായി ഉയർത്തുന്ന ഒരു സാമൂഹ്യപ്രക്രിയയാണെന്നതിനാൽ, മൃഗസംരക്ഷണ മേഖലയിലുണ്ടാകുന്ന ഏതു പുരോഗതിയും ഗ്രാമീണ സമ്പദ്ഘടനയെ സമ്പുഷ്ടമാക്കുമെന്ന് വ്യക്തമാണ്. കഴിഞ്ഞ രണ്ടു ദശാബ്ദക്കാലയളവിൽ മൃഗസംരക്ഷണ രംഗത്ത് കുറെമറെ സാങ്കേതിക വിദ്യയുടെ സഹായത്തോടെ, കന്നുകാലികളുടെ വംശവർദ്ധനയും, ജനിതക ഗുണമേന്മയും, ഉത്പാദനക്ഷമതാ വർദ്ധനവും സാദ്ധ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്. കാലിവളർത്തൽ പോലെതന്നെ നീർദ്ധനകുടുംബങ്ങളുടെ സാമ്പത്തിക ഉന്നമനത്തിന് വളരെയധികം ഉതകുന്നതാണ് കോഴിവളർത്തലും, താറാവുവളർത്തലും. ഒരു കുടുംബത്തിൽ കുറഞ്ഞത് 5 കോഴി, 5 താറാവ് എന്ന രീതിയിൽ ഈ പദ്ധതി ആവിഷ്ക്കരിക്കാവുന്നതാണ്.തൊഴിലില്ലാത്ത അഭ്യസ്തവിദ്യർക്ക് സ്വയംതൊഴിൽ പദ്ധതിപ്രകാരം ഇറച്ചിക്കോഴി വളർത്തൽ ഒരു നല്ല തൊഴിലായിരിക്കും. പഞ്ചായത്തിൽ അത് നാമമാത്രമായി മാത്രമേ ഇപ്പോഴും നിലവിലുള്ളൂ.

പൂയപ്പള്ളി പഞ്ചായത്തിൽ മരുതമൺപള്ളിയിൽ മൃഗസംരക്ഷണ വകുപ്പിന്റെ ഒരു മൃഗാശുപത്രിയാണുള്ളത്. 1961 ൽ ഒരു കൃത്രിമ ബീജസങ്കലന കേന്ദ്രമായി സ്വന്തം കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ച ഈ സ്ഥാപനം 1990 ഡിസംബറിൽ വെറ്ററിനറി ഡിസ്പെൻസറിയായി ഉയർത്തപ്പെട്ടു. പഞ്ചായത്തിന്റെ 20 ചതുരശ്ര കി. മീറ്ററിൽ ഈ ആശുപത്രിയുടെ സേവനം ലഭ്യമാണ്. ഈ ആശുപത്രിയിൽ ഒരു വെറ്ററിനറി സർജൻ, ഒരു ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ, ഒരു അറ്റൻഡർ, ഒരു പാർട്ട് ടൈം സ്വീപ്പർ എന്നീ തസ്തികകളാണുള്ളത്.

ഈ ആശുപത്രിയോട് ബന്ധപ്പെട്ട് കാലിരംഗത്തുള്ള ജനന നിരക്ക്, വളർത്തുമൃഗങ്ങളുടെ സംഖ്യ. വളർത്തുപക്ഷികളുടെ സംഖ്യ രോഗവിവരങ്ങൾ, പേവിഷബാധ സംബന്ധിച്ച വിവരങ്ങൾ കൃത്രിമബീജസങ്കലനം സംബന്ധിച്ച വിവരങ്ങൾ എന്നിവ താഴെ ചേർക്കുന്നു. ഒരാണ്ടിലെ ശരാശരി കണക്കാണ് കൊടുത്തിട്ടുള്ളത്.

ജനന വിവരം.

ഇനം	ജനിച്ച കുട്ടികളുടെ എണ്ണം	
	ആൺ	പെൺ
പശു	350	590
എരുമ	5	4

വളർത്തുമൃഗസംഖ്യ

കാള നാടൻ	പശു–നാടൻ		പശു സങ്കരം		എരുമ		പോത്ത്	ആട്	പട്ടി
വംശ വർദ്ധന	കറവ ഉള്ളത്	കറവ ഇല്ലാത്തത്	കറവ ഉള്ളത്	കറവ ഇല്ലാത്തത്	കറവ ഉള്ളത്	കറവ ഇല്ലാത്തത്			
250	500	314	800	388	88	22	60	2282	2684

000044

വളർത്തുപക്ഷികളുടെ വിവരം

പൂവൻകോഴി	പിടക്കോഴി		താറാവ്		മറ്റുള്ളവ	
	മുട്ട ഇടുന്നത്	മുട്ട ഇടാത്തത്	ആൺ	പെൺ	പ്രാവ്	മറ്റുള്ളവ
2026	2500	2700	50	140	300	75

രോഗവിവരങ്ങൾ

നമ്പർ	രോഗങ്ങൾ	പശു	എരുമ	ആട്	പട്ടി	കോഴി
1	ദഹനസംബന്ധം	240	10	60	12	—
2	ശ്വാസകോശസംബന്ധമായവ	276	08	36	—	—
3	ഉപാപചയ സംബന്ധം	40	—	15	—	—
4	ത്വക്ക് രോഗങ്ങൾ	180	12	28	12	—
5	ധാതുലവണങ്ങളുടെ അഭാവം	120	05	24	—	450
6	പരാദരോഗങ്ങൾ	660	10	60	12	280
7	പ്രത്യുൽപ്പാദനപരം	228	03	35	—	—
8	വന്ധ്യത	360	04	15	—	—
9	അകിടുവീക്കം	120	01	140	—	—
10	മുടന്തൻപനി	200	02	—	—	—

പേവിഷബാധ-പ്രതിരോധവും ചികിൽസയും

വിവരം	പശു	എരുമ	ആട്	പട്ടി
പ്രതിരോധ കുത്തിവയ്പ് നൽകിയവയുടെ എണ്ണം	—	—	—	120
കടിയേറ്റതിനുശേഷം കുത്തിവയ്പ് നടത്തിയവയുടെ എണ്ണം	12	1	5	30

കൃത്രിമ ബീജസങ്കലന വിവരങ്ങൾ

ഇനം	എണ്ണം	കൃത്രിമബീജ സങ്കലനം നടത്തിയവ	രണ്ടിലധികം തവണ ബീജസങ്കലനം വേണ്ടിവന്നവ
പശു	2560		
കിടാവ്	1240	1811	480
എരുമ	111		
ആകെ	3911	1811	480

നടപ്പു പദ്ധതികളുടെ അവലോകനം

പ്രത്യേക കന്നുകുട്ടി പരിപാലന പരിപാടി. പേവിഷ നിയന്ത്രണപദ്ധതി, കാലിരോഗ നിയന്ത്രണപദ്ധതി, ഊർജ്ജിത പന്നി വളർത്തൽ പദ്ധതി, ആട് വളർത്തൽ പദ്ധതി, ഇറച്ചിക്കോഴി വളർത്തൽ പദ്ധതി, എഗ്ഗർ നഴ്സറി, അടുക്കളമുറ്റത്തെ കോഴി വളർത്തൽ, ബീജസങ്കലന സൗകര്യങ്ങൾ എന്നിവയെല്ലാം നടപ്പുപദ്ധതികളാണ്. എന്നാൽ ഈ പഞ്ചായത്തിൽ മേൽപ്പറഞ്ഞ എല്ലാ ഇനത്തിലുമുള്ള പദ്ധതികളും പ്രയോഗത്തിലില്ല എന്നുള്ളതുതന്നെ തികച്ചും അപര്യാപ്തമാണ്.

പ്രശ്നങ്ങൾ:

1 അത്യുല്പാദനശേഷിയുള്ള പക്ഷിമൃഗാദികളുടെ ദുർലഭ്യം.

2 ഉല്പാദകന് കിട്ടുന്ന പാൽവില, ഉല്പാദനചെലവിന് അനുസൃതമല്ല.

3 പാൽവിപണന രംഗത്തെ അപര്യാപ്തത.

4 ഗുണനിലവാരമുള്ള തീറ്റയുടെ ദുർലഭ്യവും, വിലകൂടുതലും.

5 ഗുണനിലവാര നിർണ്ണയലാബറട്ടറിയുടെ അഭാവം.

6 ചികിൽസാ സൗകര്യങ്ങളുടെ കുറവും ഭാരിച്ച ചെലവും.

7 തീറ്റപുൽ കൃഷിയുടെ അഭാവം.

8 വായ്പ ലഭിക്കുന്നതിലുള്ള പ്രായോഗിക ബുദ്ധിമുട്ടും, ധനകാര്യ സ്ഥാപനങ്ങളുടെ വിമുഖതയും.

9 ആട് കൃഷി രംഗത്തുള്ളതാല്പര്യക്കുറവ്

10 ഇറച്ചിക്കോഴി വളർത്തൽ രംഗത്തുള്ള പുരോഗതിക്കുറവ്.

11 അശാസ്ത്രീയമായ മാംസോല്പാദന വിപണനരീതികളും.

12 മൃഗസംരക്ഷണ പ്രവർത്തനങ്ങളിലുള്ള ആസൂത്രണമില്ലായ്മ.

13 സാങ്കേതിക പരിജ്ഞാനമില്ലാത്തവരുടെ മൃഗ ചികിൽസ.

14 അടിസ്ഥാന സൗകര്യങ്ങളും പോലുമില്ലാത്ത മൃഗാശുപത്രികളും ഉപകേന്ദ്രങ്ങളും.

15 സമഗ്ര പേവിഷനിയന്ത്രണത്തിൽ ആസൂത്രണമില്ലായ്മ.

സാദ്ധ്യതകൾ:

1 അത്യുല്പാദനശേഷിയുള്ള പശുക്കുട്ടികളേയും, ആട്ടിൻ കുട്ടികളേയും, കോഴിക്കുഞ്ഞുങ്ങളേയും ലഭ്യമാക്കുക. ജില്ലയിൽ ഒരു എഗ്ഗർ നഴ്സറി എന്ന കണക്കിൽ ആരംഭിക്കുകയും അതിൽ കൊല്ലം ജില്ലയുടേത് പൂയപ്പള്ളിയിൽ ആരംഭിക്കുകയും ചെയ്യുക.

2 ഉല്പാദകന് കിട്ടുന്ന പാൽവില ഉല്പാദനചെലവുമായി ബന്ധപ്പെടുത്തുക.

3 ഒരു വാർഡിൽ ഒന്ന് എന്ന കണക്കിൽ പാൽ വിപണനകേന്ദ്രങ്ങളും സ്ഥാപിക്കുക.

4 പൂയപ്പള്ളി പഞ്ചായത്തിൽ ഒരു കാലിത്തീറ്റ ഉല്പാദനകേന്ദ്രം സ്ഥാപിക്കുക.

ആട്ടിൻ തീറ്റയ്ക്ക് ആവശ്യമുള്ള പീലി വാക (സിബാബ്ലും) വേലികളിലും അതിരുകളിലും വച്ചു പിടിപ്പിക്കുക.

5 ഗുണനിലവാരം നിർണ്ണയത്തിനുള്ള ലാബറട്ടറി സൗകര്യം ഏർപ്പെടുത്തുക.

6 നിലവിലുള്ള മൃഗാശുപത്രിയുടെ സൗകര്യം മെച്ചപ്പെടുത്തുകയും, പഞ്ചായത്തിൽ പുതിയതായി ഒരു മൃഗാശുപത്രികൂടി അനുവദിക്കുകയും കൂടുതൽ സബ് സെന്ററുകൾ ആരംഭിക്കുകയും ചെയ്യുക. ചികിൽസാരംഗത്തെ ഭാരിച്ച ചെലവ് കുറയ്ക്കാൻ ആവശ്യമുള്ള മരുന്നുകളത്രയും ആശുപത്രികളിൽതന്നെ ശേഖരിക്കുകയും അത് സബ്സിഡി നിരക്കിൽ നൽകുകയും വേണം.

7 തീറ്റപ്പുൽ കൃഷി ആസൂത്രിതമായി സംഘടിപ്പിക്കണം.

8 വായ്പ ലഭിക്കുന്നതിലുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ ഇല്ലാതാക്കുകയും, വായ്പ നൽകുന്നതിൽ ധനകാര്യ സ്ഥാപനങ്ങൾക്ക് ഇന്നുള്ള വിമുഖത ഇല്ലാതാക്കുകയും വേണം.

9 ആട് കൃഷിയുടെ നേട്ടത്തെപ്പറ്റി ബോധവൽക്കരണം നടത്തുക.

10 ഇറച്ചിക്കോഴി വളർത്തൽ കേന്ദ്രങ്ങൾ കൂടുതൽ സംഘടിപ്പിക്കുക.

11 മാംസോൽപാദന വിപണന രംഗത്ത് ശാസ്ത്രീയരീതികൾ അവലംബിക്കുക.

12 മൃഗസംരക്ഷണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും ആസൂത്രിതമായി നടത്തുകയും ചെയ്യുക.

13 സാങ്കേതിക പരിജ്ഞാനം ഇല്ലാത്തവരുടെ ചികിൽസ തടയുക.

14 മൃഗാശുപത്രികളിലും ഉപകേന്ദ്രങ്ങളിലും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.

15 പോഷ്ടിനിയന്ത്രണത്തിന് ആസൂത്രിത പദ്ധതികൾ ആവിഷ്ക്കരിക്കുകയും, വളർത്തുപട്ടികൾക്ക് ലൈസൻസിംഗ് നിർബന്ധമാക്കുകയും, ആളുകളിൽ ബോധവൽക്കരണം നടത്തുകയും ചെയ്യുക.

മൽസ്യകൃഷി

ഈ പഞ്ചായത്തിൽ നിലവിൽ മൽസ്യകൃഷിയില്ല. അതുകൊണ്ട് മൽസ്യബന്ധനത്തിന്റെ പ്രശ്നം ഇപ്പോൾ ഉദിക്കുന്നില്ല. പുതുതായി മൽസ്യകൃഷി ആരംഭിക്കാനുള്ള സാദ്ധ്യതകൾ ഉണ്ട്. പഞ്ചായത്തിനേറെയുള്ള പതിനാല് ചിറകളിലും, വ്യക്തികൾ നിലങ്ങൾ കുഴിച്ച് മണ്ണെടുത്തതുമൂലം ഉണ്ടായിട്ടുള്ള കൊട്ടാര, മരുതമൺപള്ളി, ചെങ്കുളം എന്നീ സ്ഥലങ്ങളിലുള്ള നീർക്കെട്ടുകളിലും പുതുതായി മൽസ്യകൃഷി ആരംഭിക്കാവുന്നതാണ്. ഓരോ കുളവും നീർക്കെട്ടും വ്യക്തികളേയോ, സംഘങ്ങളേയോ ഏൽപിച്ച് മൽസ്യകൃഷി സംഘടിപ്പിക്കാവുന്നതാണ്. മൽസ്യക്കുഞ്ഞുങ്ങളേയും അതിനുള്ള തീറ്റയും സൗജന്യമായി നൽകേണ്ടതാണ്.

III വ്യവസായം

ഈ പഞ്ചായത്ത് വ്യാവസായിക രംഗത്ത് വളരെ പിന്നോക്കമാണ്. ഒരു പ്രദേശത്തെ ജനജീവിതത്തിന്റെ വളർച്ചയിൽ വ്യവസായത്തിന് സുപ്രധാന പങ്കാണുള്ളത്. രൂക്ഷമായ തൊഴിലില്ലായ്മയുടെ പരിഹാരത്തിനും, സമ്പത്ത് വർദ്ധിപ്പിക്കുന്നതിനും ഇത് പ്രധാനമാണ്. പരമ്പരാഗത വ്യവസായങ്ങൾ പുനരുദ്ധരിക്കുകയും, ചെറുകിട വ്യവസായങ്ങൾ കൂടുതൽ ആരംഭിക്കുകയും ചെയ്യുന്നതോടൊപ്പം ഓരോ വീടും ഒരു ചെറുകിട വ്യവസായ യൂണിറ്റായി മാറ്റുക എന്നതായിരിക്കണം ലക്ഷ്യം. പഞ്ചാബ് ഒരു മാതൃകയാണ്.

ഈ പഞ്ചായത്തിൽ വൻകിട വ്യവസായങ്ങൾ ഒന്നും തന്നെ ഇല്ല. ചെറുകിട വ്യവസായങ്ങൾ നാമമാത്രമാണ്. ഉള്ളവ പലതും പീഡിതമാണ്. പരമ്പരാഗതവ്യവസായങ്ങളായി കശുവണ്ടിയും, കൈത്തറിയുമാണുള്ളത്. ഈ പഞ്ചായത്തിൽ പൂയപ്പള്ളി, മുള്ളുകാട്, മീയണ്ണൂർ, പുന്നക്കോട്, നാൽക്കവല കട്ടച്ചൽ ചെങ്കുളം, ഓയൂർ എന്നീ സ്ഥലങ്ങളിലാണ് കശുവണ്ടി ഫാക്ടറികൾ പ്രവർത്തി

ക്കുന്നത്. ഇപ്പോൾ ഇതൊരു സീസണൽ വ്യവസായമാണ്. വർഷത്തിൽ ശരാശരി 100 ദിവസത്തിൽ താഴെ മാത്രമേ ജോലി ലഭിക്കുന്നുള്ളൂ. 4000 ത്തോളം തൊഴിലാളികൾ ഈ രംഗത്ത് പണിയെടുക്കുന്നുണ്ട്. 98% സ്ത്രീ തൊഴിലാളികളാണ്. മുഴുവൻ തൊഴിലാളികളും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരാണ്. സ്ത്രീ തൊഴിലാളികൾക്ക് ലഭിക്കുന്ന വേതനം ശരാശരി 30 രൂപ മുതൽ 50 രൂപാ വരെയാണ്. തൊഴിൽ സാഹചര്യം വളരെ മോശപ്പെട്ടതാണ്. ഒരു കാലത്ത് കൊല്ലം ജില്ലയുടെ സാമ്പത്തിക നിലനിൽപ് ഈ വ്യവസായത്തെ ആശ്രയിച്ചായിരുന്നു എന്നാൽ ഇന്നത്തെ സ്ഥിതി ശോചനീയമാണ്. മതിയായത്ര കശുവണ്ടി ഇവിടെത്തന്നെ ഉല്പാദിപ്പിക്കാത്തതാണ് ഈ വ്യവസായത്തിന്റെ തകർച്ചയ്ക്ക് മുഖ്യകാരണം. ഇവിടെ ഉല്പാദിപ്പിക്കുന്ന കശുവണ്ടിയുടെ നല്ലൊരുഭാഗം മുതലാളിമാരുടെ സൗകര്യാർത്ഥം അന്യ സംസ്ഥാനങ്ങളിലേയ്ക്ക് പോകുന്നുമുണ്ട്. കശുവണ്ടി ഉല്പാദനം വർദ്ധിപ്പിച്ചും, ഉല്പാദിപ്പിക്കുന്ന കശുവണ്ടി കടത്തികൊണ്ടുപോകുന്നത് തടഞ്ഞും, വിദേശരാജ്യങ്ങളിൽനിന്ന് വേണ്ടുവോളം ഇറക്കുമതി ചെയ്തും ഈ വ്യവസായത്തെ സമ്പുഷ്ടമാക്കാവുന്നതാണ്.

മറ്റൊരു പരമ്പരാഗത വ്യവസായം കൈത്തറിയാണ് ഒരു കാലത്ത് നല്ലൊരു വിഭാഗം കുടുംബങ്ങൾ കൈത്തറി നെയ്ത്തിനെ ആശ്രയിച്ചാണ് ജീവിച്ചുപോന്നത്. ഈ മേഖല തീർത്തും നാമാവശേഷമായിക്കൊണ്ടിരിക്കുകയാണ്. വീടുകളിലുള്ള കൈത്തറി നെയ്ത്ത് മൈലോട്, പുന്നക്കോട് എന്നീ സ്ഥലങ്ങളിൽ നാമമാത്രമായി ഉണ്ട്. ചെറുകിട വ്യവസായ യൂണിറ്റുകൾ എന്ന നിലയിൽ III-ാം വാർഡിൽ പ്രവർത്തിക്കുന്ന ഹരിജൻ കൈത്തറി സംഘവും, നാല്ക്കവലയിൽ പ്രവർത്തിക്കുന്ന ദേശാഭിമാനി കൈത്തറി സംഘവും, കൊട്ടറയിൽ പ്രവർത്തിക്കുന്ന ഗാന്ധിസ്മാരകനിധിയുടെ ഖാദിയൂണിറ്റും ആണുള്ളത്. ഇതിൽ ഹരിജൻ കൈത്തറി സംഘത്തിന്റെ പ്രവർത്തനം ഫലത്തിൽ നിലച്ചിരിക്കുകയാണ്. കൊട്ടറയിൽ പ്രവർത്തിക്കുന്ന ഖാദിയൂണിറ്റിന്റെ പ്രവർത്തനം തികച്ചും നാമമാത്രമാണ്. നാല്ക്കവലയിൽ പ്രവർത്തിക്കുന്ന കൈത്തറിസംഘത്തിൽ മാത്രമാണ് സാമാന്യം പ്രവർത്തനമുള്ളത്. മൂലധനസൗകര്യങ്ങളും മെച്ചപ്പെടുത്തിയും മെച്ചപ്പെട്ട സാങ്കേതിക സൗകര്യങ്ങളും ഏർപ്പെടുത്തിയും, ഗുണനിലവാരം ഉയർത്തിയും ഈ വ്യവസായം പുനരുദ്ധരിക്കാവുന്നതാണ്.

മറ്റൊരു ചെറുകിട വ്യവസായം നിലവിലുള്ളത് ഇഷ്ടികനിർമ്മാണമാണ്. ഫാക്ടറി അടിസ്ഥാനത്തിൽ പയ്യക്കോട്ടും, തച്ചക്കോട്ടും രണ്ട് യൂണിറ്റുകളും പ്രവർത്തിക്കുന്നു. ശരാശരി 20 തൊഴിലാളികളാണ് ഓരോ യൂണിറ്റിലും പ്രവർത്തിക്കുന്നത്. തൊഴിലാളികളുടെ വേതനനിലവാരം വളരെ താണതാണ്. പുന്നക്കോടും, പൂയപ്പള്ളിയിലുമായി രണ്ട് ഹോളോബ്രിക്സ് യൂണിറ്റുകളും പ്രവർത്തിക്കുന്നുണ്ട്. ചെളിയുടെ ലഭ്യതകുറവുമൂലം ഇഷ്ടിക നിർമ്മാണരംഗം പ്രതിസന്ധിയെ നേരിടുന്നതുകൊണ്ട് ഹോളോ ബ്രിക്സ് നിർമ്മാണത്തിന് വലിയ സാദ്ധ്യതയാണുള്ളത്. മുൻകാലത്ത് വൻതോതിൽ നടന്നിരുന്ന നാടൻ ചുടുകട്ട നിർമ്മാണം ഇപ്പോൾ ഏതാണ്ട് നിലച്ചിരിക്കയാണ്.

റബ്ബർ അധിഷ്ഠിതമായി പൂയപ്പള്ളിയിൽ രണ്ട് വ്യവസായ യൂണിറ്റുകൾ തുടങ്ങിയെങ്കിലും രണ്ടും ഇപ്പോൾ പൂട്ടിക്കിടക്കുകയാണ്. പൂയപ്പള്ളി, മരുതമൺപള്ളി എന്നീ സ്ഥലങ്ങളിൽ മൂന്ന് തടി അറപ്പുമില്ലുകൾ നല്ലനിലയിൽ പ്രവർത്തിക്കുന്നുണ്ട്. നാമമാത്ര തൊഴിലാളികളാണ് ഈ രംഗത്ത് പണിയെടുക്കുന്നത്. ആറ് എണ്ണ ആട്ട് യൂണിറ്റുകളും റൈസ്മിൽ ഫ്ളവർമിൽ യൂണിറ്റുകളായി 16 എണ്ണവും പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. കുടിൽ വ്യവസായ രംഗത്ത് ഈറ, മുള, ചൂരൽ എന്നിവകൊണ്ടുള്ള കൊട്ട, വട്ടി, മുറം, പരമ്പ് എന്നിവയുടെ നിർമ്മാണം മുൻകാലത്ത് പഞ്ചായത്തിലുടനീളമുണ്ടായിരുന്നു. എന്നാൽ ഇപ്പോൾ അത് നാമമാത്രമാണ്. കാർഷികോപകരണങ്ങളായ മൺവെട്ടി, കുന്നാലി, ഗാർഹികോപകരണങ്ങളായ വെട്ടുകത്തി, കോടാലി, കറിക്കത്തി, കൊയ്ത്തിരുമ്പ്, പുല്ലിരുമ്പ് എന്നിവയുടെ നിർമ്മാണം പഞ്ചായത്തിന്റെ പല ഭാഗത്തും പരമ്പരാഗത തൊഴിലായി ചെയ്യുന്നുണ്ട്. ഇത്തരത്തിൽപ്പെട്ട 15 കുടുംബങ്ങൾ ഈ പഞ്ചായത്തിലുണ്ട്. മരപ്പണിയിൽ ഏർപ്പെട്ടിട്ടുള്ള 60 കുടുംബങ്ങളുണ്ട്. ഇവർ പരമ്പരയായി ഈ തൊഴിൽ ചെയ്തുവരുന്ന വിശ്വകർമ്മ സമുദായത്തിൽപെട്ടവരാണ്. മറ്റു സമുദായങ്ങളിൽപ്പെട്ടവരായി കോഴിക്കോട് 3 ഉം ചെങ്കുളത്ത് 2 ഉം കുടുംബങ്ങൾ ഇപ്പോൾ ഈ തൊഴിലിൽ ഏർപ്പെട്ടിട്ടുണ്ട്. കൽപണിക്കാരായി പരമ്പരയായി തൊഴിൽ ചെയ്യുന്ന ഒട്ടേറെ കുടുംബങ്ങളും ഈ പഞ്ചായത്തിലുണ്ട്. മറ്റു സമുദായങ്ങളിൽപ്പെട്ട ധാരാളം പേർ പുതുതായി ഈ ജോലിയിൽ ഏർപ്പെട്ടിട്ടുണ്ട്. ഈ രംഗത്ത് വേണ്ടത്ര തൊഴിലാളികൾ ഇല്ലാത്തതുമൂലം തമിഴ്നാട്ടിൽ നിന്നും ധാരാളം പേർ ഇവിടെ വന്ന് പണി ചെയ്യുന്നുണ്ട്.

രണ്ട് തലമുറകളായി ഓട്ടുപാത്രം വാർക്കുന്ന ഒരു കുടുംബം കോഴിക്കോട് വാർഡിലുണ്ട്. ആ പരമ്പരയിൽ കോഴിക്കോട്, വിളയിൽ കുട്ടനാചാരി എന്ന ആൾ ഇപ്പോഴും ആ ജോലി ചെയ്തുവരുന്നു. ശബരിമലയിൽ സ്ഥാപിച്ചിട്ടുള്ള ''വലിയവിളക്ക്'' ഈ കുടുംബത്തിൽ പെട്ടവർ നിർമ്മിച്ചതാണെന്ന് പറയപ്പെടുന്നു.

മേൽപ്പറഞ്ഞ പാരമ്പര്യ തൊഴിലുകൾ നിലനിർത്തേണ്ടതും, ശാസ്ത്രീയമായി പുനഃസംഘടിപ്പിക്കേണ്ടതും അത്യാവശ്യമാണ്.

നിലവിലുള്ള പദ്ധതികളായി വ്യവസായവകുപ്പിൽ നിന്നും ഒരു വ്യവസായം ഈ പഞ്ചായത്തിൽ നിലവിലില്ല. സാങ്കേതിക വിദ്യയിലുള്ള പരിചയക്കുറവ്, സാമ്പത്തിക ശേഷിക്കുറവ് തുടങ്ങിയവ ഈ രംഗത്തെ വളർച്ചക്ക് മുഖ്യ തടസങ്ങളായി നിൽക്കുന്നു.

പ്രശ്നങ്ങൾ:

1 മൂലധനത്തിന്റെ അഭാവം.

2 സാങ്കേതിക പരിജ്ഞാനക്കുറവ്.

3 കാർഷികാധിഷ്ഠിത വ്യവസായങ്ങളില്ല.

4 പരമ്പരാഗത വ്യവസായങ്ങളെ പ്രോൽസാഹിപ്പിക്കപ്പെടുന്നില്ല.

5 പരമ്പരാഗതതൊഴിലുകളോട് അഭ്യസ്ത വിദ്യർക്കുള്ള ആഭിമുഖ്യക്കുറവ്.

6 പുതിയ സംരംഭങ്ങൾക്ക് സർക്കാർ വകുപ്പുകളിൽ നിന്നും പ്രോൽസാഹനം ലഭിക്കായ്കയും, തടസങ്ങളും

7 കശുവണ്ടി വ്യവസായ രംഗത്തെ തകർച്ച

8 കശുവണ്ടിത്തൊഴിലാളികളുടെ തൊഴിൽ സാഹചര്യങ്ങളിലുള്ള പോരായ്മ.

9 കൈത്തറി രംഗത്തിന്റെ തകർച്ച.

10 ഇഷ്ടിക നിർമ്മാണ രംഗത്തെ പ്രശ്നങ്ങൾ.

11 പാരമ്പര്യമായി കുടുംബങ്ങളിൽ ചെയ്തുവന്ന തൊഴിലുകളുടെ തകർച്ച.

12 വിദഗ്ദ്ധ തൊഴിലാളികളുടെ അഭാവം.

13 വൻകിട വ്യവസായത്തിന്റെ അഭാവം.

14 റെഡിമെയ്ഡ് ഗാർമെന്റ്സ്, ചന്ദനത്തിരി, തീപ്പെട്ടി, മെഴുകുതിരി, ഭക്ഷ്യവസ്തുക്കൾ തുടങ്ങിയ ചെറുകിട തൊഴിലുകളുടെ കുറവ്.

15 പഞ്ചായത്തിൽ സുലഭമായ പാറ ഉപയോഗിച്ച് വേണ്ടത്ര തൊഴിൽ സൗകര്യം ഇല്ലായ്ക.

16 വ്യവസായ സംരംഭകർക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശം ലഭിക്കുന്നില്ല.

സാദ്ധ്യതകൾ

1 വൻകിട, ചെറുകിട,പാരമ്പര്യ വ്യവസായങ്ങളിൽഏർപ്പെടുന്നവർക്ക് മൂലധനം ലഭ്യമാക്കേണ്ടതാണ്.

2 എല്ലാ തൊഴിലുകളിലും സാങ്കേതിക പരിജ്ഞാനം ലഭ്യമാക്കണം.

3 പഞ്ചായത്തിൽ ലഭ്യമായ റബ്ബർ, നാളികേരം, കശുമാങ്ങ, മാങ്ങ, കണ്ണിമാങ്ങ, കൈതച്ചക്ക തുടങ്ങിയവയിൽ അധിഷ്ഠിതമായവ്യവസായങ്ങൾ തുടങ്ങേണ്ടതാണ്.

4 പരമ്പരാഗത വ്യവസായങ്ങൾ പുനരുദ്ധരിക്കപ്പെടണം.

5 പരമ്പരാഗത തൊഴിലിനോട് അഭ്യസ്ത വിദ്യർക്കുള്ള ആഭിമുഖ്യക്കുറവ് പരിഹരിക്കാൻ ബോധവൽക്കരണം.

6 പുതിയ തൊഴിൽസംരഭകരെ കണ്ടെത്തുന്നതിനും അവരെ പ്രോൽസാഹിപ്പിക്കുന്നതിനും ഗവൺമെന്റ് തലത്തിൽ മുൻകൈ ഉണ്ടാകേണ്ടതാണ്.

7 കശുവണ്ടി വ്യവസായരംഗത്തുള്ള തകർച്ച സമ്പൂർണ്ണമായി പരിഹരിക്കുന്നതിന് ഗവൺമെന്റിന്റെ അടിയന്തിര ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

000049

8 കശുവണ്ടി തൊഴിലാളികളുടെ തൊഴിൽ സാഹചര്യം മെച്ചപ്പെടുത്തേണ്ടതാണ്.

9 കൈത്തറി വ്യവസായം പുനഃസംഘടിപ്പിക്കുകയും, ആധുനീകവൽക്കരിക്കുകയും ചെയ്യുക.

10 ഇഷ്ടികനിർമ്മാണരംഗം പിന്നോക്കംപോകുന്ന പശ്ചാത്തലത്തിൽ ഹോളോബ്രിക്സ്നിർമ്മാണം പ്രോൽസാഹിപ്പിക്കുക

11 കുടുംബങ്ങളിൽ ചെയ്തുവരുന്ന പാരമ്പര്യതൊഴിലുകളെ,വേണ്ടത്രസാമ്പത്തിക സഹായവും, സാങ്കേതിക പരിജ്ഞാനവും നൽകി വ്യാവസായികാടിസ്ഥാനത്തിൽ വളർത്തി എടുക്കുക.

12 തൊഴിലാളികൾക്ക് അവരവരുടെ തൊഴിലുകളിൽ വൈദഗ്ദ്ധ്യം ലഭിക്കുന്നതിനുള്ള പരിശീലനം നൽകേണ്ടതാണ്.

13 റബ്ബർ, നാളികേരം എന്നിവയെ അടിസ്ഥാനമാക്കിയുള്ള വൻകിട വ്യവസായങ്ങൾ ആരംഭിക്കുക.

14 വനിതകളുടെസ്വയംതൊഴിൽസംരംഭങ്ങൾ എന്ന നിലക്ക് റെഡിമെയ്ഡ്ഗാർമെൻറ്സ്, ചന്ദനത്തിരി, തീപ്പെട്ടി, മെഴുകുതിരി, ഭക്ഷ്യവസ്തുക്കൾ തുടങ്ങിയവയുടെ നിർമ്മാണം ഔട്ട്വർക്കർനിർമ്മാണ സമ്പ്രദായത്തിൽ പ്രോൽസാഹിപ്പിക്കുക.

15 പാറത്തൊഴിലാളി സഹകരണസംഘം രൂപീകരിച്ച്, വേണ്ടത്ര സജ്ജീകരണങ്ങൾ ഒരുക്കി റബ്ബർ, മെറ്റിൽ, ചിപ്പ്സ് തുടങ്ങിയവ വിപണനം നടത്തുക.

16 വ്യവസായ സംരംഭകർക്ക് ആവശ്യമുള്ള മാർഗ്ഗനിർദ്ദേശം ലഭിക്കുന്നതിന് പഞ്ചായത്തുതലത്തിൽ ഒരു ഇന്നഫർമേഷൻസെൻറർ സ്ഥാപിക്കുക.

IV. ഊർജ്ജം - ഗതാഗതം.

ഊർജ്ജം:

ഈപഞ്ചായത്തിൽ മുഖ്യമായും ഉപയോഗിക്കുന്ന ഊർജ്ജസ്രോതസുകൾ, വൈദ്യുതി, മണ്ണെണ്ണ, ഗ്യാസ്, വിറക് എന്നിവയാണ്. ഗാർഹികാവശ്യങ്ങൾക്ക് ഊർജ്ജം വേണ്ടിവരുന്നത് പാചകം, വെള്ളം ചൂടാക്കൽ, വെളിച്ചം എന്നിവയ്ക്കാണ്. വെളിച്ചത്തിനുവേണ്ടിയുള്ളപ്രധാന ഊർജ്ജസ്രോതസ് വൈദ്യുതി തന്നെയാണ്. ചുരുക്കം ചില വീടുകളിൽ മണ്ണെണ്ണയും ഉപയോഗിക്കുന്നു. പാചകം, വെള്ളംചൂടാക്കൽ തുടങ്ങിയവക്ക് കൂടുതലും വിറകാണ് ഉപയോഗിക്കുന്നത്. സമ്പന്ന വീടുകളിൽ ഈ ആവശ്യങ്ങൾക്ക് പാചക ഗ്യാസ് ഉപയോഗിക്കുന്നു. വ്യാവസായികാവശ്യത്തിന് മുഖ്യമായും വൈദ്യുതിയാണ് ഉപയോഗിക്കുന്നത്.ഈ ഉപഭോഗം ഏകദേശം 35% വരും. വ്യാവസായിക രംഗത്തെ പ്രധാന ഉപഭോഗം തടിമില്ലുകൾ, സിനിമാശാലകൾ, ചുടുകട്ട വ്യവസായം, ഹോട്ടലുകൾ എന്നിവക്കാണ്. ഉൽസവങ്ങൾക്കും, ആഘോഷങ്ങൾക്കും വൈദ്യുതി വളരെയധികം ഉപയോഗിക്കുന്നു. കാർഷികാവശ്യങ്ങൾക്ക് ഈ പഞ്ചായത്തിൽ വളരെ പരിമിതമായേ വൈദ്യുതി ഉപയോഗിക്കുന്നുള്ളു.

ഈ പഞ്ചായത്തിൽ മൊത്തം 3269 വൈദ്യുതി ഉപഭോക്താക്കളാണുള്ളത്. ഏകദേശം 70% വീടുകളും വൈദ്യുതീകരിച്ചതാണ്. ഇവയിൽ 25% വീടുകളിൽമാത്രമേ ട്യൂബ്ലൈറ്റ് ഉള്ളു. ട്യൂബ്ലൈറ്റുകൾ വ്യാപകമാവുന്നത് വൈദ്യുതിയുടെഉപഭോഗം കുറയ്ക്കാൻസഹായിക്കും. പഞ്ചായത്തിൻെറ പല ഭാഗത്തും ഇനിയും വൈദ്യുതി എത്തേണ്ടതായിട്ടുണ്ട്.

സ്ട്രീറ്റ്ലൈറ്റുകളുടെ കാര്യത്തിൽ ട്യൂബ്ലൈറ്റുകൾ 63-ും, ബൾബുകൾ 670-ും മെർക്കുറി വേപ്പർലൈറ്റുകൾ 3-ും ഉൾപ്പടെ ആകെ 736 ലൈറ്റുകളാണുള്ളത്. സ്ട്രീറ്റ് ലൈറ്റിനുവേണ്ടി പഞ്ചായത്ത് പ്രതിമാസം 10188 രൂപ ഇലക്ട്രിസിറ്റിബോർഡിൽ അടയ്ക്കുന്നുണ്ട് .സ്ട്രീറ്റ്ലൈറ്റുകൾ പലതും പലപ്പോഴും കത്താറില്ല. പകൽ സമയങ്ങളിൽ കത്തിക്കിടക്കാറുമുണ്ട്. സ്ട്രീറ്റ്ലൈറ്റുകളുടെ ആവശ്യകത ഇനിയും കൂടുതലാണ്. ആവശ്യമുള്ളത്ര സ്ട്രീറ്റ്ലൈറ്റുകൾ സ്ഥാപിക്കാത്തത് പഞ്ചായത്തിൻെറ സാമ്പത്തികശേഷിക്കുറവുമൂലമാണ്.

കൊട്ടാരക്കര 66 K. V., ആയൂർ 66 K. V. സബ്സ്റ്റേഷനുകളിൽനിന്നുമാണ് പൂയപ്പള്ളിപഞ്ചായത്തിന് വൈദ്യുതി ലഭിക്കുന്നത്. പൂയപ്പള്ളി പഞ്ചായത്തിൽ വൈദ്യുതി വിതരണം ചെയ്യുന്ന 15 ട്രാൻസ്ഫോമറുകളാണുള്ളത്.

പട്ടിക താഴെ കൊടുക്കുന്നു.

ക്രമനമ്പർ.	സ്ഥിചെയ്യുന്ന സ്ഥലം
1	പോലീസ്സ്റ്റേഷനു സമീപം
2	വേങ്കോട്
3	പൂയപ്പള്ളി കിഴക്ക്
4	നാൽക്കവല
5	കൊട്ടറ ഹൈസ്ക്കൂൾ ജംഗ്ഷൻ
6	മരുതമൺപള്ളി
7	ചെങ്കുളം
8	ഓയൂർ
9	ഓട്ടുമല
10	കോഴിക്കോട്
11	പൊരിയക്കോട്
12	കട്ടച്ചൽ
13	കാഞ്ഞിരത്തിങ്കൽ
14	നടുക്കുന്ന്
15	കൈതയിൽ

ട്രാൻസ്ഫോമറുകൾ എല്ലാംതന്നെ അധികഭാരം വഹിക്കുന്നവയാണ്. ഉപഭോക്താക്കളുടെ എണ്ണത്തിലും,കണക്റ്റഡ് ലോഡിലും വർദ്ധനവ് ഉണ്ടായിക്കൊണ്ടിരിക്കുന്നു. വൈദ്യുതി ഉപഭോഗത്തിന്റെ 60% ഗാർഹികമേഖലയിലാണ്. കാർഷികമേഖലയിൽ കേവലം 5% മാത്രമാണ് ഉപയോഗിക്കുന്നത്. പൂയപ്പള്ളി പഞ്ചായത്തിലെ വൈദ്യുതി ഉപഭോക്താക്കൾ പ്രധാനമായും അഭിമുഖീകരിക്കുന്ന പ്രശ്നം കുറഞ്ഞ വോൾട്ടേജാണ്. പീക്ക്ലോഡ് സമയത്ത് നെല്ലിപ്പറമ്പ്, തച്ചോണം, തച്ചക്കോട്, ചിറയ്ക്കൽകോണം, കോട്ടേക്കോണം, തണ്ണീർക്കുടി, മരങ്ങാട്, ക്ലാവറ, പറങ്ങോട്, ഇളവാംകോണം എന്നിവിടങ്ങളിൽ വോൾട്ടേജ് 50 ആയി കുറയുന്നു. തൻമൂലം ഈ പ്രദേശങ്ങളിൽ 110 V ബൾബുകളും, സ്റെപ്പ്അപ്പ് ട്രാൻസ്ഫോമറും ഉപയോഗിക്കുന്നു. ആയൂർ കൊട്ടാരക്കരസബ്സ്റ്റേഷനുകളുടെ കണക്കുകൾ സൂചിപ്പിക്കുന്നത്, സബ്സ്റ്റേഷനുകളിൽത്തന്നെ ലഭിക്കുന്നവോൾട്ടേജ് യഥാർത്ഥത്തിൽ ലഭിക്കേണ്ടതിന്റെ 75% മാത്രമാണ് എന്നാണ്. പീക്ക്ലോഡ് സമയത്ത് 60%വരെ കുറയുകയും ചെയ്യുന്നു. കൊട്ടാരക്കര,ആയൂർ സബ്സ്റ്റേഷനുകളിൽ വൈദ്യുതി എത്തിക്കുന്ന ലൈനുകൾ വളരെയേറെഭാരം വഹിക്കുന്നു. അതാണ് ഈ പഞ്ചായത്തിലെ വോൾട്ടേജ് കുറയുന്നതിന് പ്രധാന കാരണം.

പൂയപ്പള്ളിയിൽ നടത്തിയ സർവ്വേ കാണിക്കുന്നത് വീടുകളിലെ കണക്റ്റഡ് ലോഡ്, വൈദ്യുതിബോഡിന്റെ രജിസ്റ്ററുകളിൽയഥാർത്ഥത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതിനേക്കാൾ വളരെ കൂടുതലാണ് എന്നാണ്, പ്രധാന വൈദ്യുതി നഷ്ടം പ്രേക്ഷണ, പ്രസരണസംവിധാനങ്ങളുടെ തകരാറുകാരണമാണ്.

ഇവിടെ സ്പോട്ടുബില്ലിംഗ് സമ്പ്രദായം നിലനിൽക്കുന്നു. രണ്ടുമാസം കൂടുമ്പോഴാണ് മീറ്റർറീഡിംഗ് എടുക്കുന്നത്.

പ്രശ്നങ്ങൾ

1 വോൾട്ടേജ് കുറവ്.

2 അപ്രഖ്യാപിത കറണ്ടുകട്ട്.

3 കണക്ഷനുകൾ നൽകുന്നതിൽ ബോർഡിൽനിന്നും ഉണ്ടാകുന്ന കാലതാമസം.

4 നിലവിലുള്ള മേജർസെക്ഷൻ ആഫീസിന്റെ പ്രവർത്തനംകൊണ്ടുമാത്രം ഉപഭോക്താക്കളുടെ ആവശ്യങ്ങൾ തൃപ്തികരമായി നടക്കുന്നില്ല.

5 ജീവനക്കാരുടെ പ്രതിബദ്ധതക്കുറവ്.

6 ഇനിയും വൈദ്യുതി എത്താത്ത പ്രദേശങ്ങൾ ധാരാളമാണ്.

7 സ്ട്രീറ്റ്ലൈറ്റുകളുടെ കുറവ്.

8 സ്ട്രീറ്റ്ലൈറ്റുകൾ തൃപ്തിയായി കത്തുന്നില്ല.

9 പാരമ്പര്യേതര ഊർജ്ജസ്രോതസുകൾ

കണ്ടെത്തി പ്രയോജനപ്പെടുത്തുന്നില്ല.

10 ഊർജ്ജ ഉപയോഗത്തിലുള്ള അവബോധം ഇല്ലായ്മ.

11 വിറക്, മണ്ണെണ്ണ, ഗ്യാസ് എന്നിവയുടെ ലഭ്യതക്കുറവും, വിലക്കൂടുതലും.

സാദ്ധ്യതകൾ:

1 വോൾട്ടേജ് കുറവ് പരിഹരിക്കുന്നതിന് പുതിയ ട്രാൻസ്ഫോമറുകൾ സ്ഥാപിക്കുക, നിലവിലുള്ള ട്രാൻസ്ഫോമറുകളുടെ സ്ഥാനം പുനഃ ക്രമീകരിക്കുക, സെക്കൻററി ട്രാൻസ്ഫോമറുകളോടനുബന്ധിച്ചുള്ള L. T. ലൈനുകളിൽ ബൂസ്റ്റർട്രാൻസ്ഫോമറുകൾ സ്ഥാപിക്കുക, ട്രാൻസ്ഫോമറുകളുടെയും മറ്റും അറകുറപ്പണികൾ യഥാസമയംതന്നെ നടത്തുക, ഗുണനിലവാരമുള്ള വൈദ്യുതകമ്പികൾ സ്ഥാപിച്ച് പ്രസരണനഷ്ടം ഒഴിവാക്കുകയും, പവ്വർ ലൈനുകളിലേയും L. T. ലൈനുകളിലേയും ടച്ചിംഗ് കൃത്യസമയത്ത് വെട്ടിമാററുക.

2 അപ്രഖ്യാപിത കറൻറുകട്ട് കർശനമായും തടയുക.

3 കണക്ഷൻ നൽകുന്നതിലുള്ള കാലതാമസം ഒഴിവാക്കുക.

4 നിലവിലുള്ള മേജർസെക്ഷൻ ആഫീസ് കൊണ്ടുമാത്രം ഉപഭോക്താക്കളുടെ ആവശ്യം തൃപ്തികരമായി നടക്കാത്തതിനാൽ ഓയൂരിലുള്ള സബ് എൻജിനീയർ ആഫീസ് മേജർസെക്ഷൻ ആഫീസായി ഉയർത്തുക.

5 ജീവനക്കാരിൽ കൂടുതൽ പ്രതിബദ്ധത സൃഷ്ടിക്കണം.

6 ഇനിയും വൈദ്യുതി എത്താത്ത പ്രദേശങ്ങളിൽ വൈദ്യുതി എത്തിക്കുന്നതിന് മുൻഗണന നൽകണം.

7 സ്ട്രീററ്ലൈററുകൾ ഇല്ലാത്തഇടങ്ങളിൽ അവ സ്ഥാപിക്കണം.

8 സ്ട്രീററുലൈററുകൾ കൃത്യമായി കത്തുന്നതിനുള്ള ഏർപ്പാടുണ്ടാക്കണം.

9 പാരമ്പര്യേതര ഊർജ്ജസ്രോതസുകളിൽ ഒന്നായ കാററിൽനിന്ന് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന് ആയിരവില്ലിക്കുന്ന്, മുടിയൂർക്കോണം, വലിയമല എന്നിവിടങ്ങളിൽ കാററാടിയന്ത്രങ്ങൾ സ്ഥാപിക്കുക. കോളനികൾ കേന്ദ്രീകരിച്ച് സൗരോർജ്ജപദ്ധതി നടപ്പിലാക്കുക.

10 വൈദ്യുതി ഉപയോഗത്തിൽ മിതത്വം പാലിക്കുകയും, ഉപയോഗക്രമത്തിൽ അവബോധം സൃഷ്ടിക്കുകയും ചെയ്യുക.

11 വിറക് കൂടുതൽ ലഭിക്കുന്നതിന് സാമൂഹിക വനവൽക്കരണം നടപ്പാക്കുക, ഉപയോഗംകുറയ്ക്കുന്നതിന് ആധുനികരീതിയിലുള്ള അടുപ്പുകൾ (പരിഷത്ത് അടുപ്പുകൾ—ശ്രീകാര്യം ജേക്കബ്സ് അടുപ്പുകൾ) സ്ഥാപിക്കുക, സർക്കാർ ഉടമയിൽ ഒരു ഗ്യാസ്ഏജൻസി ഈ പഞ്ചായത്തിൽ തുടങ്ങുക.

ഗതാഗതം

പൂയപ്പള്ളി പഞ്ചായത്തിലെ പ്രധാനപ്പെട്ട ഗതാഗതമാർഗ്ഗം റോഡാണ്. പഞ്ചായത്തിൽ സാമാന്യം മെച്ചപ്പെട്ട റോഡ് ശൃംഖലയുണ്ട്. പഞ്ചായത്തിലെ റോഡുകളുടെ മൊത്തം നീളം 125.60 കി.മീ. ആണ്. ഇതിൽ 35 കി. മീ. പി. ഡബ്ല്യൂ. ഡി ടാർ റോഡും, 7.45 കി.മീ. പഞ്ചായത്ത് ടാർ റോഡും, 83.15 കി.മീ. കച്ചാ റോഡുമാണ്. പഞ്ചായത്ത് പ്രദേശത്തെ റോഡ്ശൃംഖല മെച്ചപ്പെട്ടതാണെങ്കിലും റോഡുകളുടെ സ്ഥിതി തികച്ചും ശോചനീയമാണ്. പഞ്ചായത്തതിർത്തിയിലുള്ള ഇത്തിക്കരയാറിലെ മരക്കുളം കടവിൽ P.W.D. വക ഒരു കടത്തുവള്ളം ഉപയോഗിക്കുന്നു. ജലഗതാഗതത്തെകൂടുതലായി ആശ്രയിക്കേണ്ട അവസ്ഥ ഈപഞ്ചായത്തിനില്ല. ഇവിടെ റെയിൽ ഗതാഗതമില്ല. പൂയപ്പള്ളിയിൽകൂടി കടന്നുപോകുന്ന ഒരു പുതിയ റെയിൽവേ ലൈനിന്റെ സർവ്വേ ഇതിനകം നടന്നിട്ടുണ്ട്. ഇത് പ്രാവർത്തികമായാൽ ഈ പ്രദേശത്തിന്റെ സർവ്വതോന്മുഖമായ വികസനത്തിന് കളമൊരുക്കും.

പഞ്ചായത്തിൽ ആകെ 7 P.W.D. റോഡുകളാണുള്ളത്. ഇതിൽ ആറെണ്ണത്തിൽ ബസ് സർവ്വീസ് ഉണ്ട്. പ്രധാന റോഡുകളിലൊന്നായ മരുതമൺപള്ളി--അമ്പലംകുന്ന് റോഡിൽ ഇതുവരെ ബസ് സർവ്വീസ് ഉണ്ടായിട്ടില്ല. ഈ റോഡ് കടന്നുപോകുന്ന കോഴിക്കോട് വാർഡിൽ മാത്രമാണ് ബസ്സർവ്വീസില്ലാത്തത്.

ബസ് സ്റ്റാന്റ്, ആട്ടോറിക്ഷാ സ്റ്റാന്റ്,ടാക്സിസ്റ്റാന്റ്,ബോട്ടുജെട്ടി തുടങ്ങിയവയൊന്നും ഈ പഞ്ചായത്തിലില്ല. പഞ്ചായത്ത് ആസ്ഥാനമായ പൂയപ്പള്ളിയിൽ രണ്ട് വെയിറ്റിംഗ് ഷെഡും, മീയണ്ണൂരിൽ ഒരു വെയിറ്റിംഗ് ഷെഡുമാണുള്ളത്. കാർ, ആട്ടോറിക്ഷ, ടെമ്പോ, ജീപ്പ് തുടങ്ങിയ വാഹനങ്ങൾക്ക് പാർക്കിംഗ് സൗകര്യമില്ലാത്തതിനാൽ റോഡിന്റെ വശങ്ങളിൽ പാർക്കുചെയ്യുന്നതുകൊണ്ട് ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്നു. ഈ പ്രദേശത്തുകൂടി കടന്നുപോകുന്ന KSRTC ബസുകളുടെ എണ്ണം കുറവാണ്,

കഴിഞ്ഞ 5 വർഷംകൊണ്ട് ഏകദേശം 10 കിലോമീറർ റോഡ് പുതുതായി നിർമ്മിച്ചിട്ടുണ്ട്. ഇനി ഒട്ടനവധി പുതിയ റോഡുകളുടെ ആവശ്യം നിലനിൽക്കുന്നു. ചരക്ക് ഗതാഗതത്തിന് മുൻകാലത്ത് പ്രധാനമായും ഉപയോഗിച്ചിരുന്ന കാളവണ്ടി ഇന്ന് നാമമാത്രമാണ്. ഇതിനുപകരമായി ലോറി, മിനിലോറി ടെമ്പോ, പെട്ടിആട്ടോ എന്നിവ സ്വാർവ്വത്രികമായി ഉപയോഗിച്ചുവരുന്നു. 4 ഹൈസ്ക്കൂൾ ഉൾപ്പെടെ നാൽപ്പതോളം പൊതുസ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന ഈ പഞ്ചായത്തിലെ ഗതാഗതസൗകര്യം മറ്റുപ്രദേശങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ വളരെ പിന്നിലാണ്.

പ്രശ്നങ്ങൾ

1 റോഡുകളുടെ കുറവ്.
2 സഞ്ചാരയോഗ്യമല്ല.
3 അറകുറപ്പണി നടക്കുന്നില്ല,
4 ബസ് സർവ്വീസിന്റെ അഭാവം.
5 റോഡ് കയ്യേറ്റം.
6 വെയിറ്റിംഗ് ഷെഡുകളില്ല.
7 റെയിൽ ഗതാഗതമില്ല.
8 കടത്ത് സർവ്വീസ് അപര്യാപ്തം.
9 KSRTC ബസുകളുടെ സർവ്വീസ് കുറവ്.
10 ചെറുപാലങ്ങളുടെ ആവശ്യകത.
11 അശാസ്ത്രീയമായ സമയക്രമവും, ബസുകളുടെ എണ്ണക്കുറവും.
12 രാത്രികാല സർവ്വീസുകളുടെ അപര്യാപ്തത.
13 പാർക്കിംഗ് സൗകര്യമില്ല,
14 സ്വകാര്യബസുകളുടെ മൽസരഓട്ടവും., സർവ്വീസ് റദ്ദാക്കലും.
15 പഞ്ചായത്ത് റോഡുകളുടെ സമയബന്ധിത ടാറിംഗ്.

സാദ്ധ്യതകൾ

1 പുതിയ റോഡുകളും പലവാർഡുകളിലും ആവശ്യമായിട്ടുണ്ട്. അത് ജനപങ്കാളിത്തത്തോടുകൂടി മുൻഗണനാക്രമത്തിൽ പണികഴിപ്പിക്കേണ്ടതാണ്.

2 സഞ്ചാരയോഗ്യമല്ലാത്ത റോഡുകളും സഞ്ചാരയോഗ്യമാക്കേണ്ടതും, റോഡുകൾക്ക് നിർബന്ധമായും ഓടകളും ഉണ്ടായിരിക്കേണ്ടതുമാണ്.

3 പഞ്ചായത്തിൽ ബസ് സർവ്വീസ് ഇല്ലാത്ത ഭാഗങ്ങളിൽ കൂടി പുതിയ സർവ്വീസുകളും ആരംഭിക്കേണ്ടതാണ്.

4 റോഡുകളുടെ അറകുറപണി കൃത്യമായി നടക്കുന്നില്ല. നടക്കുന്നതുതന്നെ അകാലത്തിലാണ്.

5 പൊതുവഴികളുടെവശങ്ങളും വ്യക്തികളും കയ്യേറുന്നത് തടയേണ്ടതാണ്.

6 പ്രധാന ബസ് സ്റോപ്പുകളിലെല്ലാം വെയിറ്റിംഗ് ഷെഡുകളും സ്ഥാപിക്കേണ്ടതാണ്.

7 പൂയപ്പള്ളിയിൽ കൂടി റയിൽവേക്കുവേണ്ടി നടന്നിട്ടുള്ള സർവ്വേയെ തുടർന്നുള്ള പ്രവർത്തനങ്ങളും എത്രയുംവേഗം ആരംഭിക്കേണ്ടതാണ്.

8 മരക്കുളം കടവിൽ നിലവിലുള്ള ഭാഗിക കടത്തുസർവ്വീസ് വർഷം മുഴുവൻ നടപ്പിലാക്കുക.

9 K.S.R.T.C. ബസ്സർവ്വീസുകളും നിർത്തിയത് പുനരാരംഭിക്കുകയും കൂടുതൽസർവ്വീസുകളും തുടങ്ങുകയും ചെയ്യേണ്ടതാണ്,

10 പഞ്ചായത്തിലെ പല റോഡുകളും, തോടുകളുടെ വശങ്ങളിൽവന്ന് നിൽക്കുകയാണ്. ഇത്തരം ഇടങ്ങളിൽ പാലങ്ങളും, സ്ലാബുകളും ആവശ്യാനുസരണം പണികഴിപ്പിക്കേണ്ടതാണ്.

11 ബസ് സർവ്വീസുകളുടെ സമയം ശാസ്ത്രീയമായി പുനഃക്രമീകരിക്കണം, എണ്ണം വർദ്ധിപ്പിക്കണം.

12 രാത്രികാലസർവ്വീസുകളും,സ്റ്റേബസുകളും അത്യാവശ്യമാണ്.

13 പ്രധാന ജംഗ്ഷനുകളിൽ വാഹനങ്ങൾക്ക് പാർക്കിംഗ് സൗകര്യം ഉണ്ടാക്കേണ്ടതാണ്;

14 സ്വകാര്യബസുകളുടെ മുന്നറിയിപ്പില്ലാത്ത സർവ്വീസ് റദ്ദാക്കലും, മൽസര ഓട്ടവും അവസാനിപ്പിക്കേണ്ടതാണ്.

15 പഞ്ചായത്ത് റോഡുകളും മുഴുവനും (വീതി എത്ര ആയാലും) പ്രാധാന്യമനുസരിച്ച് മുൻഗണനാ ക്രമത്തിൽ ടാർ ചെയ്യേണ്ടതാണ്.

V പാർപ്പിടം - സാമൂഹ്യക്ഷേമം

പാർപ്പിടം:-

മനുഷ്യന്റെ ഒഴിച്ചുകൂടാൻ പാടില്ലാത്ത ആവശ്യങ്ങളിൽ ഒന്നാണ് പാർപ്പിടം. ചെറുപ്പുരകളിലും, മൺഭിത്തിയോടുകൂടിയ ഓലക്കെട്ടിടങ്ങളിലും, സമ്പന്ന വിഭാഗത്തിൽപ്പെട്ടവർ അറപ്പുരകളിലും കഴിഞ്ഞുവന്നിരുന്ന ഒരു ഭൂതകാലമാണ് നമുക്കുള്ളത്. അതിൽനിന്നാണ് ഇന്നത്തെ നിലയിലുള്ള ആധുനിക സജ്ജീകരണങ്ങളോടുകൂടിയ ടെറസ് കെട്ടിടങ്ങളിലേയ്ക്ക് എത്തിയത്. എന്നാൽ ബഹുഭൂരിപക്ഷം ആളുകളും വീടില്ലാത്തതിന്റേയും ഉള്ള വീടുകൾതന്നെ അത്യാവശ്യ സൗകര്യങ്ങൾ പോലുമില്ലാത്തതിന്റേയും പ്രശ്നങ്ങൾ നേരിടുന്നു. വീടില്ലാത്തവർക്ക് വീടുണ്ടാവുക എന്നതാണ് പ്രധാന പ്രശ്നം.

പൂയപ്പള്ളി പഞ്ചായത്തിൽ ഇപ്പോൾ 5684 കുടുംബങ്ങൾ താമസിക്കുന്നു. ഇതിൽ 2613 കോൺക്രീറ്റ്കെട്ടിടങ്ങളും 2553 ഓട് മേഞ്ഞ കെട്ടിടങ്ങളും 2711 ഓലമേഞ്ഞ കെട്ടിടങ്ങളും ആണുള്ളത്. കുടിലുകൾ 120 ഓളം ഉണ്ട്. 88 വീടുകൾ ഇരുനിലകളാണ്. പഞ്ചായത്ത് പ്രദേശത്തുള്ള മൊത്തം കെട്ടിടങ്ങളുടെ എണ്ണം 7877 ആണ്. കുടുംബങ്ങളുടെ എണ്ണം പ്രതിവർഷം 5% കണ്ട് വർദ്ധിച്ചുവരുന്നതായിട്ടാണ് കാണുന്നത്.

സർക്കാരിന്റെ വിവിധ ഏജൻസികളിൽകൂടി സർക്കാർ സഹായത്തോടെ 1160 വീടുകൾ നിർമ്മിച്ചിട്ടുണ്ട്. അടുത്തകാലത്ത് വീടുകൾ പണിയുന്നത് കക്കൂസ്, പുകയില്ലാത്ത അടുപ്പ്, വയറിംഗ് എന്നിവകൂടി ചേർത്താണ്. ലക്ഷംവീട്. ജയന്തി, ഹരിജൻ കോളനികളിൽ മുൻകാലത്ത് പണികഴിപ്പിച്ചിട്ടുള്ള വീടുകൾക്ക് മേൽപ്പറഞ്ഞ പശ്ചാത്തല സൗകര്യങ്ങൾ കുറവാണ്. ലക്ഷംവീടുകളെല്ലാം അറ്റകുറ്റപ്പണി നടത്താൻ വയ്യാത്തവിധം പഴകിയതാണ്.

വീടുകളുടെ നിർമ്മാണത്തിന് പുതിയ രീതികൾ ഉപയോഗിക്കാനുള്ള പ്രവണത കണ്ടുവരുന്നുണ്ട്. പഴയ അറപുരകൾ മിക്കവാറും അഴിച്ച് പണിഞ്ഞിരിക്കയാണ്. സർക്കാരിൽനിന്നും സാമ്പത്തികസഹായം ലഭിച്ച് പണിയുന്ന വീടുകളെല്ലാം തന്നെ ഉറപ്പുള്ള ഭിത്തിയും, മേൽപ്പുരയും, ഓടുമേച്ചിലും, പശ്ചാത്തല സൗകര്യങ്ങളും ഉള്ളതാണ്. ദുർബലവിഭാഗത്തിൽപ്പെട്ട 75% കുടുംബങ്ങളും സർക്കാർസഹായം ഇല്ലാതെയാണെങ്കിലും, ഉറപ്പുള്ള ഭിത്തിയും മേൽപ്പുരയോടും കൂടിയാണ് വീടുകൾ നിർമ്മിക്കുന്നത്. ഇടത്തരത്തിൽപ്പെട്ട കുടുംബങ്ങൾ കോൺക്രീറ്റ് റൂഫോടുകൂടിയ, സാമാന്യം വലിപ്പമുള്ള കെട്ടിടങ്ങൾ നിർമ്മിക്കാനുള്ള പ്രവണതയാണ് കാണിക്കുന്നത്. സാമ്പത്തികശേഷിയുള്ള കുടുംബങ്ങൾ ആർഭാടങ്ങളോടുകൂടിയ ബഹുനില കെട്ടിടങ്ങൾ നിർമ്മിക്കുന്നതായിട്ടാണ് കാണുന്നത്. ചിലവുകുറഞ്ഞ ആകർഷകമായ വാസ്തുശില്പവിദ്യ ഉപയോഗിക്കാനുള്ള പ്രവണത കുറേശ്ശെ കാണിച്ചു തുടങ്ങിയിട്ടുണ്ട്.

കെട്ടിട നിർമ്മാണത്തിന് പൊതുവെ കമ്പി, സിമെൻറ്, വെട്ടുകല്ല്, ചുടുകട്ട, പാറമണൽ, തടിഎന്നിവയാണുപയോഗിക്കുന്നത്. മേൽപ്പറഞ്ഞ സാധനങ്ങൾ സുലഭമായും, വിലകുറച്ചും കിട്ടുന്നില്ല. ചുടുകട്ടയുടെ സ്ഥാനത്ത് വെട്ടുകല്ലും, ഹോളോബ്രിക്സും കടന്നുവന്നിട്ടുണ്ട്. നാട്ടുകാരായ നിർമ്മാണത്തൊഴിലാളികൾ കുറവാണ്. നിർമ്മാണസാമഗ്രികളുടെ അമിതമായ വിലവർദ്ധനയും, തൊഴിലാളികളുടെ വേതനനിരക്കിലുള്ള അനിയന്ത്രിതമായ വർദ്ധനവും, കെട്ടിടനിർച്ചാണച്ചെലവ് വർദ്ധിപ്പിക്കുന്നുണ്ട്. ഗൾഫ്പണം കൂടുതലും അമിത ഭ്രമത്തോടുകൂടി കെട്ടിടനിർമ്മാണത്തിന് ഉപയോഗിക്കുന്നു. ഈ പണം നമ്മുടെ രാജ്യത്തിന്റെ സമ്പദ് വർദ്ധനയ്ക്കുതകുന്ന വികസനപ്രവർത്തനങ്ങളിലേയ്ക്ക് തിരിച്ചുവിടാനുള്ള പ്രേരണയുണ്ടാക്കേണ്ടതാണ്. വീടുകൾ അംഗസംഖ്യയ്ക്കനുസരണമായും അത്യാവശ്യം മാത്രം മുൻനിർത്തിയും, ആർഭാടങ്ങൾ ഒഴിവാക്കിയും പണിയാനുള്ള നിയമനിർമ്മാണം ഉണ്ടാകേണ്ടതാണ്. ഓരോ കുടുംബത്തിനും ഓരോ വീട്, അതും പ്രത്യേകം തിരിച്ച കാമ്പൗണ്ടിൽ, എന്ന സ്ഥിതിവിശേഷം ഭൂമിയുടെ വിലവർദ്ധനയ്ക്കും കൃഷിഭൂമിയുടെ ലഭ്യതക്കുറവിനും കാരണമാകുന്നുണ്ട്.

പൂയപ്പള്ളി പഞ്ചായത്തിലുള്ള കെട്ടിടങ്ങൾ സംബന്ധിച്ച വിവരം

വാർഡ്	കെട്ടിടങ്ങളുടെ എണ്ണം	ഒന്നിൽ കൂടുതൽ നിലയുള്ള കെട്ടിടങ്ങളുടെ എണ്ണം	മേൽപ്പുരയുടെ സ്വഭാവം ഒരു നിലയുള്ള കെട്ടിടങ്ങൾ കോൺക്രീറ്	ഓട്	ഓല	മറ്റുള്ളവ	വിവിധ ഭവനനിർമ്മാണ പദ്ധതികളിലൂടെ നിർമ്മിച്ച വീടുകളുടെ എണ്ണം
I	726	8	158	366	200	2	15
II	667	3	155	211	297	4	—
III	694	12	156	266	267	5	3
IV	694	9	204	120	370	—	5
V	769	3	83	125	546	15	1
VI	766	9	177	314	260	15	3
VII	651	11	257	240	129	25	—
VIII	755	18	176	321	238	20	23
IX	718	6	210	318	169	21	9
X	689	9	169	272	235	13	25
ആകെ	7129	88	1745	2553	2711	120	84

പ്രശ്നങ്ങൾ:

1 കെട്ടിട നിർമ്മാണത്തിനുള്ള ഭൂമിയുടെ ദൗർലഭ്യം.

2 കെട്ടിട നിർമ്മാണ സാമഗ്രികളുടെ വില വർദ്ധന.

3 വിദഗ്ദ്ധ നിർമ്മാണത്തൊഴിലാളികളുടെ ദൗർലഭ്യം.

4 ദുർബലവിഭാഗങ്ങളുടെ സാമ്പത്തികശേഷിക്കുറവ്.

5 കോളനികളിൽ പശ്ചാത്തല സൗകര്യങ്ങളില്ല.

6 ഹൗസിംഗ് സൊസൈറ്റികളുടെ പ്രശ്നങ്ങളും, വായ്പകൾ ലഭിക്കാനുള്ള ബുദ്ധിമുട്ടും.

7 ലക്ഷംവീടുകളുടെ നവീകരണം.

8 ആർഭാടത്തോടുകൂടിയുള്ള കെട്ടിടം പണികഴിപ്പിക്കാനുള്ള ത്രമം.

9 കൂലി വർദ്ധനവിലുള്ള നിയന്ത്രണമില്ലായ്മ.

സാദ്ധ്യതകൾ

1 കെട്ടിടനിർമ്മാണത്തിനുള്ള ഭൂമിയുടെ ദൗർലഭ്യം പരിഗണിച്ച് ഹൗസിംഗ് കോളനി സിസ്റ്റത്തിന് പ്രചാരം നൽകുക.

2 കെട്ടിട നിർമ്മാണ സാമഗ്രികൾ നിയന്ത്രിത വിലക്ക് ലഭിക്കാനുള്ള സംവിധാനമുണ്ടാക്കുക.

3 നിർമ്മാണത്തൊഴിലാളികൾക്ക് പരിശീലനം നൽകുകയും, മെയിൻറനൻസിനും നിർമ്മാണത്തിനുംവേണ്ടി അവരുടെ ഒരു യൂണിറ്റ് പഞ്ചായത്തുതലത്തിൽ സംഘടിപ്പിക്കുക.

4 ദുർബല വിഭാഗത്തിൽ പെട്ട പട്ടികജാതിക്കാരുൾപ്പെടെയുള്ള മുഴുവൻ ആളുകൾക്കും സൗജന്യമായി വീട്വച്ച് നൽകുക.

5 കോളനികളിൽ കക്കൂസ്,കിണർ,തുടങ്ങിയ പശ്ചാത്തലസൗകര്യം ഒരുക്കിക്കൊടുക്കുക.

6 സർവ്വീസ് സഹകരണ സംഘങ്ങൾ വഴി വീട് നിർമ്മാണത്തിനുള്ള വായ്പ ലഭ്യമാക്കുക. നിലവിലുള്ള ഹൗസിംഗ് സൊസൈറ്റികളിൽ നിന്നും വായ്പ ലഭിക്കുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ ഒഴിവാക്കുക.

7 ലക്ഷംവീടുകളുടെ ഇന്നത്തെ സ്ഥിതി പുനരുദ്ധരിക്കാവുന്ന നിലയിലല്ല. ഈ വീടുകൾ പുനർ നിർമ്മിക്കേണ്ടതാണ്. ഒരു കുരയ്ക്കു കീഴിൽ രണ്ടു കുടുംബങ്ങൾ വരുന്നതുകൊണ്ടുള്ള അസൗകര്യവും സാമൂഹ്യ പ്രശ്നവും ഒഴിവാക്കാൻ അവരവരുടെ നന്നാലുസെൻറിൽ പ്രത്യേകം വീട് നിർമ്മിച്ചുകൊടുക്കുന്നത് നന്നായിരിക്കും.

8 കെട്ടിടങ്ങളുടെ അത്യാവശ്യ വലിപ്പവും, ആർഭാടങ്ങളും തടയുന്നതിനുള്ള നിയമ നിർമ്മാണം നടത്തേണ്ടതാണ്.

9 നിർമ്മാണത്തൊഴിലാളികളുടെ കൂലി നിജപ്പെടുത്തുക.

സാമൂഹ്യക്ഷേമം

സമൂഹത്തിൽ ദുർബല വിഭാഗങ്ങൾ സാമ്പത്തികമായി അനുഭവിക്കുന്ന ദുരിതങ്ങൾക്ക് ആശ്വാസം പകർന്ന് കൊടുക്കേണ്ടത് ഒഴിച്ചുകൂടാൻ പാടില്ലാത്ത ഒരു ആവശ്യമാണ്. കഴിഞ്ഞകാലങ്ങളിൽ നിലവിലിരുന്ന ഉച്ചനീചത്വവും, സാമൂഹ്യ അനാചാരങ്ങളുമാണ് ഇതിനൊക്കെ കാരണമായിട്ടുള്ളത്. ഈ പഞ്ചായത്തിലെ 2000 ത്തിലധികം കുടുംബങ്ങൾ ദിവസം ഒരു നേരത്തെ ആഹാരം മാത്രം കഴിച്ച് കഴിയുന്നവരാണെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. അന്ധത, ബധിരത, അംഗവൈകല്യം, വൈധവ്യം, വാർദ്ധക്യം എന്നിവ ബാധിക്കുന്നവർക്ക് സമൂഹം വേണ്ടത്ര പരിഗണന നൽകുന്നില്ല എന്നതും ഒരു പോരായ്മയാണ്. ഈ രംഗത്ത് പഞ്ചായത്തിൽ കുറച്ചൊക്കെ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെങ്കിലും ഭൂരിഭാഗവും അവഗണിക്കപ്പെട്ടുകിടക്കുകയാണ്.

ദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യാൻ പല പദ്ധതികളും നടപ്പാക്കിയിട്ടുണ്ട്. അതിൽ പ്രാധാന്യം അർഹിക്കുന്നത് I.R.D.P. ആണ്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 2207 കുടുംബങ്ങൾ ഈപഞ്ചായത്തിലുള്ളതിൽ 167 പേർക്ക് മാത്രമേ ഇതേവരെ സഹായധനം കിട്ടിയിട്ടുള്ളൂ. അതിൽ 57 പേർ പട്ടികജാതിയിൽപ്പെട്ടവരാണ്. ആകെധനസഹായം ലഭിച്ച 167 പേരിൽ 40 പേർക്ക് മാത്രമേ ദാരിദ്ര്യരേഖയ്ക്ക് മുകളിൽ എത്താൻ സാധിച്ചിട്ടുള്ളൂ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളുടെ എണ്ണം സാമൂഹ്യവും സാമ്പത്തികവുമായ കാരണങ്ങളാൽ വർദ്ധിച്ചുവരുന്ന സ്ഥിതിവിശേഷവുമുണ്ട്. കഴിഞ്ഞ 5 വർഷത്തിനിടയിൽ ട്രൈസം പരിപാടിയിൽ 10പേർക്ക് മാത്രമാണ് പരിശീലനം ലഭിച്ചിട്ടുള്ളത്. DWCRA യുടെ രണ്ടുയൂണിറ്റുകൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. 105 പേർക്ക് ആർട്ടിസാൻസ് കിറ്റ് നൽകിയിട്ടുണ്ട്. കഴിഞ്ഞ 5 വർഷത്തിനുള്ളിൽ 89 പേർക്ക് IRDP പദ്ധതിപ്രകാരം ലോണായി 1135095 രൂപയും സബ്സിഡി ഇനത്തിൽ 631065 രൂപയും നൽകിയിട്ടുണ്ട്.

സാമൂഹ്യക്ഷേമപരിപാടികളുടെ ഭാഗമായി ഈ പഞ്ചായത്തിൽ ധനസഹായം ലഭിക്കുന്നവരുടെ കണക്ക് താഴെ കൊടുക്കുന്നു.

ക്രമനമ്പർ	ആനുകൂല്യത്തിന്റെ സ്വഭാവം	എണ്ണം
1	വിധവാപെൻഷൻ	94
2	വികലാംഗപെൻഷൻ	77
3	വാർദ്ധക്യകാലപെൻഷൻ	34
4	ക്ഷയരോഗ പെൻഷൻ	35
5	കുഷ്ഠരോഗപെൻഷൻ	5
6	കാൻസർരോഗപെൻഷൻ	95
7	തൊഴിലില്ലായ്മാവേതനം	719
8	കർഷകത്തൊളിലാഴിപെൻഷൻ	

ഈ പഞ്ചായത്തിൽ അംഗവൈകല്യമുള്ള 180 പേരുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

ക്രമനമ്പർ	വൈകല്യത്തിന്റെ സ്വഭാവം	എണ്ണം
1	ചലനവൈകല്യം	92
2	കാഴ്ചവൈകല്യം	17
3	കേഴ്വി, സംസാരവൈകല്യം	26
4	മന്ദബുദ്ധി	23
5	മറ്റുള്ളവർ	22
	ആകെ	180

സംയോജിത ശിശുവികസന സേവന പദ്ധതി എന്നപേരിൽ സമഗ്രശിശുവികസനം ലക്ഷ്യമാക്കിയുള്ള ഒരു കേന്ദ്രാവിഷ്കൃതപദ്ധതി കൊട്ടാരക്കര ബ്ലോക്ക്അതിർത്തിയിലുള്ള പഞ്ചായത്തുകളിൽ നടപ്പാക്കിവരുന്നുണ്ട്. ഇതിന്റെ ഭരണപരമായ ചെലവുകൾ കേന്ദ്രഗവൺമെന്റു പോഷകാഹാരത്തിനുള്ള ചെലവ് സംസ്ഥാനഗവൺമെന്റും വഹിക്കുന്നു. ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ നടപ്പാക്കുന്നത് അംഗൻവാടികളിൽകൂടിയാണ്. പൂരകാഹാരം നൽകൽ,രോഗപ്രതിരോധ കുത്തിവയ്പ്, ആരോഗ്യപരിശോധന, പ്രാഥമികാരോഗ്യരക്ഷ, ആരോഗ്യപോഷകാഹാരവിദ്യാഭ്യാസം,അനൗപചാരിക പ്രീസ്കൂൾവിദ്യാഭ്യാസം എന്നിവ അംഗൻവാടികളിൽകൂടി നടപ്പാക്കിവരുന്നു. ഈ പഞ്ചായത്തിൽ 20 അംഗൻവാടികൾ അനുവദിച്ചിട്ടുള്ളതിൽ അഞ്ചെണ്ണം മാത്രമേ പ്രവർത്തനം ആരംഭിച്ചിട്ടുള്ളു.

പ്രശ്നങ്ങൾ

1 IRDP സർവ്വേലിസ്റ്റിൽ അപാകതകളുണ്ട്.

2 ധനസഹായം ലഭിച്ചിട്ടും ആളുകൾ ദാരിദ്ര്യരേഖയ്ക്ക് മുകളിലേയ്ക്ക് എത്തുന്നില്ല.

3 തൊഴിൽ പരിശീലനം വേണ്ടത്ര ലഭിക്കുന്നില്ല.

4 സാമൂഹ്യ പരാധീനതയും, അംഗവൈകല്യവും ഉള്ളവരെ കണ്ടെത്താൻ സംവിധാനമില്ല.

5 സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടത്ര സംരക്ഷണം ലഭിക്കുന്നില്ല.

6 ദുർബല വിഭാഗങ്ങൾക്കും അവശത അനുഭവിക്കുന്നവർക്കും സഹായധനം യഥാസമയം ലഭിക്കുന്നില്ല.

7 അവശത അനുഭവിക്കുന്നവർക്ക് വേണ്ടത്ര രോഗപരിചരണവും ധനസഹായവും ലഭിക്കുന്നില്ല.

8 സാമൂഹ്യബോധവൽക്കരണത്തിന്റെ കുറവ്.

9 പോഷകാഹാര ലഭ്യതക്കുറവ്.

10 അർഹതയുള്ള എല്ലാവർക്കും പെൻഷൻ ലഭിക്കുന്നില്ല.

11 അംഗൻവാടികൾഎല്ലാം പ്രവർത്തനത്തിൽ വന്നിട്ടില്ല.

12 വൃദ്ധസദനം, പൂവർഹോം, അനാഥാലയങ്ങൾ എന്നിവ ഇല്ല.

സാദ്ധ്യതകൾ

1 ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരെ കണ്ടുപിടിക്കാനുള്ള സർവ്വേ, അർഹരായവരെ മുഴുവൻ ഉൾക്കൊള്ളിക്കത്തക്കവിധം ജനപങ്കാളിത്തത്തോടെ നടത്തുക.

2 ലഭിക്കുന്ന ധനസഹായം മുഴുവൻ അതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ സാധിക്കുംവിധം വിനിയോഗിക്കപ്പെടണം.

3 തൊഴിൽ പരിശീലനത്തിനുള്ള സൗകര്യം പഞ്ചായത്ത് തലത്തിൽ ഏർപ്പെടുത്തുക.

4 സാമൂഹ്യപരാധീനതയും അംഗവൈകല്യവും ഉള്ളവരെ കണ്ടെത്താൻ സർവ്വേ നടത്തുക.

5 സമൂഹത്തിൽ സ്ത്രീകളുടെ പദവി ഉയർത്തുന്നതിനും പ്രത്യേക സംരക്ഷണംലഭിക്കുന്നതിനും, കുട്ടികൾക്ക് ആവശ്യമുള്ള പരിചരണം ലഭിക്കുന്നതിനും വേണ്ടത് ചെയ്യുക.

6 ദുർബ്ബലവിഭാഗങ്ങൾക്കും, അവശത

അനുഭവിക്കുന്നവർക്കും യഥാസമയം സഹായധനം ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. എല്ലാ ധനസഹായവും പഞ്ചായത്തുവഴി നടപ്പിലാക്കേണ്ടതാണ്.

7 അവശതഅനുഭവിക്കുന്നവർക്ക് പെട്ടെന്ന് രോഗപരിചരണവും, ധനസഹായവും ലഭ്യമാക്കേണ്ടതാണ്. ഇതിലേക്ക് പഞ്ചായത്ത് പ്രത്യേകഫണ്ട് നീക്കിവയ്ക്കേണ്ടതാണ്.

8 സാമൂഹ്യക്ഷേമം ഉന്നംവച്ച് പ്രവർത്തിക്കുന്ന സാമൂഹ്യസംഘടനകൾക്ക് രൂപം കൊടുക്കുക.

9 പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിന് അംഗൻവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുക.

10 പെൻഷന് അർഹതയുള്ളവരായി സർവ്വേയിൽകൂടി കണ്ടെത്തുന്നവരെ സഹായിക്കാനായി പഞ്ചായത്തുതലത്തിൽ ഇൻഫർമേഷൻ സെൽ രൂപീകരിക്കുക.

11 അനുവദിക്കപ്പെട്ട അംഗൻവാടികളുടെ പ്രവർത്തനം ഉടൻ ആരംഭിക്കുക.

12 പഞ്ചായത്തുതലത്തിൽ വൃദ്ധസദനം, പൂവർഹോം, അനാഥാലയം എന്നിവ തുടങ്ങുക.

VI കുടിവെള്ളവും പൊതുജനാരോഗ്യവും

പൊതുജനാരോഗ്യം:-

പൊതുജനാരോഗ്യ സ്ഥാപനങ്ങളുടെ കാര്യത്തിൽ പിന്നോക്കം നിൽക്കുന്ന പഞ്ചായത്താണ് പൂയപ്പള്ളി. പത്തു വാർഡുകളുള്ള ഈ പഞ്ചായത്തിൽ ഒരു PHC യും ഒരു ESI യും മാത്രമാണ് ആരോഗ്യ രംഗത്തു പ്രവർത്തിക്കുന്നത്. അവികസിത പ്രദേശങ്ങളും ഹരിജൻ കോളനികളും, ലക്ഷംവീടുകളും, ജയന്തികോളനികളും ഒട്ടനവധിയുള്ള ഈ പഞ്ചായത്ത് ചികിൽസാ സൗകര്യരംഗത്ത് ഇന്നും വളരെ പിന്നിലാണ്.

പഞ്ചായത്തിൽ ആകെ വീടുകളുടെ എണ്ണം 5684, ജനസംഖ്യ 21807, പുരുഷൻമാർ 10514, സ്ത്രീകൾ 11293, കുട്ടികൾ 2583 ദമ്പതിമാർ 2342, അമ്മമാർ 2342. അംഗവൈകല്യമുള്ളവർ:- അന്ധർ 17, ബധിരർ 16, മൂകർ 10, ചലനവൈകല്യമുള്ളവർ 92 മന്ദബുദ്ധികൾ 23.
മറ്റുവൈകല്യമുള്ളവർ 22.

സ്ഥായിയായി രോഗം ബാധിച്ചവർ:-

രക്തസമ്മർദ്ദം	–	68
പ്രമേഹം	–	19
കാൻസർ	–	95
ക്ഷയം	–	35
ഹൃദ്രോഹം	–	56
കുഷ്ഠം	–	5

ഒരു വയസിൽ താഴെ പ്രായമുള്ള കുട്ടികൾ – 219
പ്രതിരോധ കുത്തിവയ്പു നടത്തിയവർ–219

കുടുംബക്ഷേമ പദ്ധതിയുടെ പരിധിയിൽ വരുന്ന ദമ്പതികൾ 80.2%. ഇവർ സ്ഥിരമായ സന്താന നിയന്ത്രണം സ്വീകരിച്ചവരാണ്. കുട്ടികളുടെ എണ്ണം സംസ്ഥാന ശരാശരിയേക്കാൾ വളരെ താഴെയാണ്. മറ്റു പഞ്ചായത്തുകളിലും മുൻസിപ്പാലിറ്റികളിലുമുള്ള ആശുപത്രികളിൽ ജനിച്ച കുട്ടികളുടെ കണക്ക് ഇതിൽ വരാത്തതാണ് ഈ കുറവിനു കാരണം, മരണനിരക്ക് സംസ്ഥാന ശരാശരിയേക്കാൾ പഞ്ചായത്തിൽ കുറവാണ്. പബ്ലിക് ഹെൽത്ത് സെൻറിനുവേണ്ടി ഒരു കെട്ടിടം മരുതമൺപള്ളിവാർഡിൽ പഞ്ചായത്ത് പണികഴിപ്പിച്ചിട്ടുണ്ട്. ടൈഫോയിഡ്, മഞ്ഞപ്പിത്തം, വയറിളക്കം, ചെങ്കണ്ണ് എന്നീ പകർച്ചവ്യാധികൾ പടർന്നുപിടിക്കാറുണ്ട്.

PH സെൻറിൽ ആവശ്യമുള്ളത്ര ജീവനക്കാരില്ല. ഡോക്ടറുടെസേവനം പൂർണ്ണസമയം ലഭ്യമാകുന്നില്ല. യഥാകാലം മരുന്നുലഭിക്കാറില്ല. ഉപകരണങ്ങൾക്കുവേണ്ടിയും മരുന്നിനു വേണ്ടിയും ചെലവിടുന്ന തുക അപര്യാപ്തമാണ്. ആയുർവേദ–ഹോമിയോ–സിദ്ധ, നാട്ടു ചികിൽസ തുടങ്ങിയ സൗകര്യങ്ങളൊന്നുമില്ല.

ആരോഗ്യസംരക്ഷണത്തിന് രോഗപ്രതിരോധം, പോഷകാഹാരം എന്നിവപോലെ പ്രധാനമാണ് ശുചിയായ പരിസരം. പരിസര ശുചീകരണത്തിൽ കക്കൂസുകളുടെ ആവശ്യകതയാണ് ഏറ്റവും ശ്രദ്ധേയമായിട്ടുള്ളത്. പഞ്ചായത്തിൽ ആകെ 5684 വീടുകളുള്ളതിൽ 3155 വീടുകൾക്കേ കക്കൂസുകളുള്ളൂ. ശേഷിക്കുന്ന 2112 വീടുകൾക്ക് കക്കൂസുകളില്ല. അതുപോലെതന്നെ പൊതു ശ്മശാനത്തിൻറെ ആവശ്യകത. ജനസാന്ദ്രതകൂടിയ ഭാഗങ്ങളിൽ ശവം മറവുചെയ്യാനുള്ള സൗകര്യങ്ങൾ കുറഞ്ഞുകുറഞ്ഞു വരികയാണ്.

പ്രശ്നങ്ങൾ:-

1 PH സെൻററിൽ 10 കിടക്കകളുള്ള വാർഡ് പ്രവർത്തിപ്പിക്കുന്നതിന് ആരോഗ്യ വകുപ്പ് ഏർപ്പെടുത്തേണ്ട സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടില്ല.

2 രാത്രികാലങ്ങളിൽ ഡോക്ടറുടെസേവനം ലഭിക്കുന്നില്ല.

3 സബ്സെൻററുകൾ വേണ്ടവണ്ണം വേണ്ടത്ര ഇല്ല.

4 ആയുർവ്വേദ-ഹോമിയോ ചികിൽസാ സൗകര്യങ്ങളില്ല.

5 ഫാമിലി വെൽഫെയർ സെൻററുകളില്ല.

6 ബോധവൽക്കരണ പരിപാടികളില്ല.

7 ദുർബല ജനവിഭാഗങ്ങൾക്ക് മേജർ ആശുപത്രികളിൽ പോകാനുള്ള സാമ്പത്തിക ശേഷിയില്ല.

8 മദ്യം, മയക്കുമരുന്ന്, പുകവലി എന്നിവയുടെ വ്യാപനം.

9 വ്യാപകമായ കൊതുകുശല്യം.

10 കക്കൂസുകളുടെ ആവശ്യകത.

11 ഒരു പൊതുസ്മശാനത്തിൻെറ ആവശ്യകത.

12 പ്രതിരോധപ്രവർത്തനങ്ങൾ സാർവ്വത്രികമായി നടക്കുന്നില്ല.

സാദ്ധ്യതകൾ:-

1 മരുതമൺപള്ളി PH സെൻററിൻെറ IP വിഭാഗം പുതിയ കെട്ടിടത്തിൽ എത്രയും പെട്ടെന്ന് പ്രവർത്തനം ആരംഭിക്കണം. കിടക്ക, സ്റ്റാഫ്, ഉപകരണങ്ങൾ എന്നിവ ലഭിക്കുന്നതിന് നടപടിയുണ്ടാക്കണം.

2 24 മണിക്കൂറും ഡോക്ടറുടെ സേവനം ലഭ്യമാക്കണം.

3 ഫാമിലി വെൽഫയർ സെൻററുകളും സബ് സെൻററുകളും എല്ലാ വാർഡിലും ആരംഭിക്കണം.

4 പഞ്ചായത്ത് അടിസ്ഥാനത്തിൽ ഒരു ആയുർവ്വേദ ആശുപത്രിയും ഒരു ഹോമിയോ ആശുപത്രിയും സ്ഥാപിക്കണം.

5 ആരോഗ്യവിദ്യാഭ്യാസവും ബോധവൽക്കരണവും സ്കൂൾതലത്തിലും പൊതുവേദിയിലും ഉണ്ടാകുന്നതിന് നടപടിയുണ്ടാകണം.

6 ദുർബലവിഭാഗങ്ങൾക്ക് വിദഗ്ദ്ധ ചികിൽസ ലഭിക്കുന്നതിന് ആവശ്യമമായ ചികിൽസാചെലവുകൾക്കുള്ള ധനസഹായം ലഭ്യമാക്കേണ്ടതാണ്.

7 മദ്യം, മയക്കുമരുന്ന്, പുകവലി എന്നിവയ്ക്കെതിരെ ഫലപ്രദമായ ബോധവൽക്കരണം ഉണ്ടാകേണ്ടിയിരിക്കുന്നു.

8 സ്കൂളുകളിൽ ഹെൽത്തുക്ലബ്ബുകളും ആരോഗ്യവിദ്യാഭ്യാസ ക്ലാസുകളും നടത്തണം.

9 പരിസരമലിനീകരണം തടയാനും ശുചിത്വം പാലിക്കാനും ബോധവൽക്കരണം വേണ്ടിയിരിക്കുന്നു.

10 ESI യുടെ ആശുപത്രി സ്വന്തമായി സ്ഥലവും കെട്ടിടവും ലഭ്യമാക്കി പ്രവർത്തനം മെച്ചപ്പെടുത്തണം.

11 രണ്ടായിരത്തിഒരുനൂറിഒന്ന്വീടുകൾക്ക് കക്കൂസ് നിർമ്മിച്ചുകൊടുക്കണം.

12 പഞ്ചായത്തിന് ഒരു പൊതു സ്മശാനം ഉണ്ടാക്കണം,

13 ഹെൽത്ത് സെൻററിനോട് അനുബന്ധിച്ച് പ്രസവ വാർഡുകൂടി ആരംഭിക്കണം.

കുടിവെള്ളം

ആരോഗ്യ പുരോഗതിയുടെ മുഖ്യ സൂചികകളിൽ ഒന്നാണ് കുടിവെള്ളത്തിൻെറ ലഭ്യതയും ഗുണനിലവാരവും. ശുദ്ധജലം കിട്ടുകയെന്നത് ആരോഗ്യ സംരക്ഷണത്തിന് അത്യാവശ്യമാണ്. ഈ പഞ്ചായത്തിലെ പ്രധാന കുടിവെള്ള സ്രോതസ് കിണറുകളാണ്. 2670 കിണറുകളും വലുതും ചെറുതുമായ 24 കുളങ്ങളും 5.25 കി. മീ. നീളത്തിൽ ഇത്തിക്കര

ആറിന്റെ ഭാഗവുമുണ്ട്. കൂടാതെ 22 കുഴൽ കിണറുകളുമുണ്ട്. വേനൽക്കാലത്ത് പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ഉയർന്ന പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു. കൊട്ടറ മൂഴിയിൽ ഭാഗം, മൈലോട് വാർഡിന്റെ ഉയർന്ന ഭാഗങ്ങളം, കോഴിക്കോട് ഓട്ടുമല ഭാഗം, പയ്യക്കോട് പാറയിൽഭാഗം എന്നിവിടങ്ങളിൽ ഭൂമിക്കടിയിൽ പാറ ആയതുകൊണ്ട് കിണർ കുഴിച്ച് ശുദ്ധജലം എടുക്കുവാൻ കഴിയുന്നില്ല. മാർച്ച്, ഏപ്രിൽ മാസങ്ങളിലാണ് കുടിവെള്ളക്ഷാമം രൂക്ഷമാകുന്നത്. പഞ്ചായത്തിൽ ആകെ 63 പൊതുകിണറുകളുണ്ട്. ഇവയിൽ 75% കിണറുകളം വറ്റാത്തതാണ്. അടിഭാഗം ഇടിഞ്ഞുകിടക്കുന്ന കിണറുകളം ഈ കൂട്ടത്തിൽ ഉണ്ട്. പല കിണറുകളുക്കും മെയിൻറനൻസുകളംആവശ്യമാണ്. പൈപ്പുവഴിയുള്ള ജലവിതരണ സംവിധാനം ഇപ്പോളം ഇല്ല. പുതിയതായി ഒരു പദ്ധതി മൈലോട് വാർഡിൽ പണിനടക്കുന്നുണ്ട്. 170 വാട്ടർടാപ്പുകളംസ്ഥാപിച്ച് 560 കുടുംബങ്ങൾക്ക് ശുദ്ധജലം നൽകാനുള്ള പദ്ധതിയാണിത്. മൈലോട് വെളുത്തേടത്ത് വാതുക്കൽ വിസ്തൃതിയിലുള്ള കിണർകുഴിച്ചു വെള്ളമെടുത്ത് വിതരണം ചെയ്യാനാണ് പരിപാടി. വെളിനെല്ലൂർ പഞ്ചായത്ത് ശുദ്ധജല പദ്ധതി ഈ പഞ്ചായത്തിലേയ്ക്ക് നീട്ടി കൂടുതൽ പ്രദേശങ്ങളിൽ ശുദ്ധജലം എത്തിക്കുവാനുള്ള പ്രവർത്തനങ്ങളും നടക്കുന്നുണ്ട്. ശുദ്ധജലത്തിന്റെ ഗുണമേൻമ പൊതുവെ മെച്ചമാണ് ഗുണമേൻമ പരിശോധന നടത്തിയിട്ടില്ല. കുടിവെള്ളത്തിനു ക്ഷാമംനേരിടുന്ന പല പ്രദേശങ്ങളും പഞ്ചായത്തിലുണ്ട്. കടുത്തവേനൽകാലത്ത് മാത്രമാണ് പഞ്ചായത്തു വഴി കുടിവെള്ളം വിതരണം ചെയ്യേണ്ടിവരുന്നത്. നിലവിലുള്ള കുഴൽകിണറുകളിൽ നിന്നും കിട്ടുന്ന ജലം ഓരു കലർന്നതും തുരുമ്പു പിടിച്ചതുമാണ്. കിണറുകളം കുഴിക്കുന്നതിന് തടസമായി പാറകളം ഉള്ളഇടങ്ങളിൽ ബോർവെല്ലുകളം സ്ഥാപിക്കുവാൻ കഴിയണം. ഭൂഗർഭജലത്തിന്റെ സാദ്ധ്യതകളം ഭൂഗർഭജലവകുപ്പു വഴി പരിശോധിക്കേണ്ടതാണ്. ചുരുക്കത്തിൽ ഈ പഞ്ചായത്തിലെ 50% ഓളം ആളുകളം കുടിവെള്ളക്ഷാമം നേരിടുന്നുണ്ട്.

നിലവിലുള്ള കിണറുകളുടെ സ്ഥിതിവിവരം.

	വറ്റാത്ത കിണറുകളം	ഭാഗികമായി വെള്ളം ലഭിക്കുന്നത്	ആകെ
1	383	26	409
2	160	58	218
3	296	46	342
4	159	82	241
5	188	71	259
6	219	98	317
7	130	75	205
8	124	66	190
9	158	50	208
10	211	70	281
ആകെ	2028	642	2670

പൊതുകിണറുകളുടെ വിവരം.

നമ്പർ	വാർഡ്	എണ്ണം
1	കൊട്ടറ	7
2	നാൽക്കവല	3
3	പൂയപ്പള്ളി പടിഞ്ഞാറ്	7
4	പൂയപ്പള്ളി കിഴക്ക്	6
5	മൈലോട്	7
6	കോഴിക്കോട്	6
7	പയ്യക്കോട്	7
8	ചെങ്കുളം	10
9	മരുതമൺപള്ളി	5
10	പുന്നക്കോട്	5
	ആകെ	63

000060

കുഴൽകിണറുകളുടെ വിവരം.

ക്രമനമ്പർ	വാർഡ്	സ്ഥലപേര്.
1	I	കൊട്ടറ വായനശാല
2		പാലമുക്ക്
3	II	നാൽക്കവല
4	III	നെൻമതോട്
5	IV	കാഞ്ഞിരംപാറ
6		പൂയപ്പള്ളി ജംഗ്ഷൻ
7		കോണത്ത്
8	V	മൈലോട് വായനശാല
9		മൈലോട് ആലുമുക്ക്
10		ജയന്തി കോളനി
11		പൊരിയക്കോട്
12	VI	ഓട്ടുമല LPS
13		" കോളനി
14		ഓടനാവട്ടം മുക്ക്
15	VII	തണ്ണീർക്കുടി
16	VIII	പറണ്ടോട് കോളനി
17		മുടിയൂർക്കോണംകോളനി
18	IX	ലക്ഷംവീട്
19	X	കട്ടച്ചൽ കോളനി
20		പനമുകളിൽ
21		വാച്ചിക്കോണം കോളനി
22		ചെപ്രമുക്ക്

പ്രശ്നങ്ങൾ

1 വേനൽക്കാലത്ത് എല്ലാവാർഡിലും രൂക്ഷമായി കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു.

2 പല കുഴൽകിണറുകളിൽനിന്നും കിട്ടുന്ന വെള്ളത്തിന് ഗുണനിലവാരം കുറഞ്ഞും രുചിവ്യത്യാസം ഉള്ളതായും അനുഭവപ്പെടുന്നു.

3 ഓട്ടുമല–മൈലോട് വാട്ടർസപ്ലൈ സ്കീം കമ്മീഷൻ ചെയ്യാൻ കഴിഞ്ഞിട്ടില്ല.

4 പൊതുകിണറുകളുടെ സംരക്ഷണം തൃപ്തികരമല്ല.

5 നദീജലം ഉപയോഗയോഗ്യമാക്കാൻ കഴിയുന്നില്ല.

6 നീരുറവകൾ (കുളങ്ങൾ) സംരക്ഷിക്കപ്പെടുന്നില്ല.

7 കിണറു കുഴിക്കുമ്പോൾ അടിയിൽ പാറയുള്ളസ്ഥലത്ത് ജലദൌർലഭ്യം അനുഭവപ്പെടുന്നു.

000061

സാദ്ധ്യതകൾ

1 നിലവിലുള്ള പൊതുക്കിണറുകളും ആഴം കൂട്ടി ഉപയോഗയോഗ്യമാക്കുക.

2 കുഴൽക്കിണറുകളിലെ ഇരുമ്പുപൈപ്പ് മാറ്റി പകരം PVC പൈപ്പ് ഇടുക.

3 ജലക്ഷാമമുള്ള പ്രദേശങ്ങളിൽ കൂടുതൽ കുഴൽക്കിണറുകളും സ്ഥാപിക്കുക.

4 വെളിനെല്ലൂർ വാട്ടർസപ്ലൈ സ്കീം ഓട്ടുമല-മൈലോട് വാട്ടർസപ്ലൈ സ്കീമുമായി ബന്ധിപ്പിച്ച് കുടിവെള്ളക്ഷാമമുള്ള ഭാഗങ്ങളിലേയ്ക്ക് പൈപ്പ്ലൈൻ നീട്ടി ടാപ്പുകളും വയ്ക്കുക.

5 ചെങ്കുളത്ത് ഇത്തിക്കരയാറിന്റെ തീരത്ത് വാട്ടർടാങ്ക്കെട്ടി പഞ്ചായത്തിന്റെ എല്ലാ ഭാഗത്തും വെള്ളം കിട്ടത്തക്കവിധം പദ്ധതി ആരംഭിക്കണം.

6 ജലസംരക്ഷണത്തെക്കുറിച്ചും ജലജന്യരോഗങ്ങളെക്കുറിച്ചും ബോധവൽക്കരണം നടത്തുകയും ശുദ്ധജല സംരക്ഷണച്ചുമതല ജനങ്ങളുടെ തന്നെ മേൽനോട്ടത്തിലാക്കുകയും ചെയ്യുക.

7 പാറകാണുന്നതുമൂലം ജലലഭ്യതഇല്ലാത്ത സ്ഥങ്ങളിൽ ബോർവെൽ സ്ഥാപിച്ച് മോട്ടോർഫിറ്റുചെയ്ത്, പൈപ്പുസ്ഥാപിച്ച് സമീപത്തുള്ള വീടുകളിൽ വെള്ളം എത്തിക്കണം.

VII വിദ്യാഭ്യാസം

മുഖവുര:

പ്രാചീനകാലം മുതൽ നിലത്തെഴുത്തിലൂടെ വിദ്യാഭ്യാസം നേടിയിരുന്ന ഒരു വിദ്യാഭ്യാസചരിത്രം പൂയപ്പള്ളിപഞ്ചായത്തിനുണ്ട്. കാലഗതിക്കനുസരിച്ച് മാറ്റങ്ങൾ സ്വാഭാവികമായുണ്ടാവുകയും ചെയ്തു. വിദ്യാഭ്യാസത്തിന്റെ പിന്നിടുള്ള പുരോഗതി തുടങ്ങുന്നത് പ്രൈമറി സ്കൂളിന്റെ ആരംഭത്തോടെയാണ് ചെങ്കുളത്തെ എൽ. എം. എസ്. പ്രൈമറി സ്കൂളും, പൂയപ്പള്ളി ഗവ: പ്രൈമറി സ്കൂളുമാണ് ഈ രംഗത്ത് ആദ്യം സ്ഥാപിതമായത്. ഇതേ കാലഘട്ടത്തിലുണ്ടായിരുന്ന താഴേമൂഴിയിലെ എൽ. എം. എസ്. പ്രൈമറി സ്കൂൾ മലന്തി വീണ് തകർന്നുപോകുകയും ചെയ്തു. പൂയപ്പള്ളിയിൽ വിദ്യാഭ്യാസത്തിന് ബീജാവാപം ചെയ്തത് ലണ്ടൻ മിഷൻ സഭയാണ്.

ഈ പഞ്ചായത്തിലെയും സമീപ പഞ്ചായത്തുകളിലെയും കുട്ടികൾക്ക് ഇംഗ്ലീഷ് പഠിക്കാൻ ഉപകരിച്ചത് കൊല്ലവർഷം 1117-ൽ മൈലോട് തുടങ്ങിയ ഇംഗ്ലീഷ് യു പി. എസ് ആണ്. വെളിയത്തുണ്ടായിരുന്ന ഇംഗ്ലീഷ് യു. പി. എസിൽ അവർണ്ണരായ കുട്ടികൾക്ക് പ്രവേശനം നിഷേധിച്ചതിൽനിന്ന് കരകയറാനാണ്, ക്ഷേത്രപ്രവേശനസമരകമായി മൈലോട് യു. പി. എസ്. തുടങ്ങിയത്. 1951-ൽ എച്ച്. എസ്. ആയി ഉയർത്തിയ ഈ സ്ഥാപനമാണ് ഈ നാടിന്റെ പുരോഗതിക്ക് കളമൊരുക്കിയത്. ഇളയരാജാവ് മാർത്താണ്ഡവർമ്മ, മൈലോട് സ്കൂളിലെ ഒരു പൊതുപരിപാടിയിൽ പങ്കെടുത്തുകൊണ്ട് "ഇങ്ങനെയും ഒരു സ്കൂളുണ്ടോ" എന്ന് അത്ഭുതത്തോടെ ചോദിച്ചത് പേരിന്റെ ഔചിത്യം ഒന്നുകൊണ്ട്മാത്രമാണ്.

തുടർന്ന് ഓട്ടുമല വെൽഫെയർ എൽ. പി. എസ്, കൊട്ടറ ഗവ: എൽ പി എസ്, മാലയിൽ എൽ പി എസ്, കോഴിക്കോട് എൽ പി എസ്, പുന്നക്കോട് എൽ പി എസ്, കാഞ്ഞിരത്തിങ്കൽ എൽ പി എസ്, എം എ എം യു പി എസ് ചെങ്കുളം, കൊട്ടറ എസ് എം യു പി എസ്, പൂയപ്പള്ളി ഗവ: യു പി എസ്, മരുതമൺപള്ളി എസ് എൻ വി യു പി എസ് എന്നീ വിദ്യാലയങ്ങൾ ആരംഭിച്ചു തുടർന്ന് 1964-ൽ കൊട്ടറ എസ് എം എച്ച് എസും, പുന്നക്കോട് സെൻറ് തോമസ് എച്ച് എസും, 1980-ൽ ജനകീയ പങ്കാളിത്തത്തോടുകൂടി പൂയപ്പള്ളി ഗവ: എച്ച് എസും ആരംഭിച്ചു. ഈ വിദ്യാഭ്യാസ സ്ഥാപനങ്ങൾ നമ്മുടെ പഞ്ചായത്തിന്റെ സർവ്വതോന്മുഖമായ വികസനത്തിന് ഗണ്യമായ സംഭാവന നൽകിക്കൊണ്ടിരിക്കുന്നു. എന്നാൽ നമ്മുടെ സംസ്ഥാനത്തിൽ പൊതുവെ ഉണ്ടായിക്കൊണ്ടിരിക്കുന്ന മൂല്യ ശോഷണം നമ്മുടെ പഞ്ചായത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളേയും കാര്യമായി ബാധിച്ചിട്ടുണ്ട്.

ഈ പഞ്ചായത്തിൽ സ്വകാര്യമേഖലയിൽ ഒരു ഹയർ സെക്കൻററി സ്കൂളും, രണ്ട് ഹൈസ്ക്കൂളുകളും, ഒരു ഗവ: ഹൈസ്ക്കൂളുമാണുള്ളത്. 4 പ്രൈവറ്റ് യു. പി സ്ക്കൂളുകളും, ഒരു ഗവ: യു പി സ്ക്കൂളും, 3 ഗവ: എൽ പി എസുകളും, 6 പ്രൈവറ്റ് എൽ പി

എസുകളും ഉണ്ട്. പൂയപ്പള്ളി ഗവ: ഹൈസ്ക്കൂൾ (എച്ച് എസ് വിഭാഗം), മാലയിൽ എൽ പി എസ് എന്നിവിടങ്ങളിലൊഴിച്ച് ബാക്കി സ്ക്കൂളുകളിൽ തുടർച്ചയായി വിദ്യാർത്ഥികളുടെ എണ്ണം കുറഞ്ഞുകൊണ്ടിരിക്കുകയാണ്. ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളോടുള്ള താല്പര്യമാണ് ഇതിനുള്ള പ്രധാനകാരണം. ഭൂരസ്ഥലങ്ങളിലുള്ള വിദ്യാലയങ്ങളിലേയ്ക്ക് വാഹനങ്ങളിൽ വിദ്യാർവ്ഥികളെ കൊണ്ടുപോകുന്നതും, ജനന നിരക്ക് കുറഞ്ഞുവരുന്നതും കുട്ടികളുടെ എണ്ണം കുറയുന്നതിന് കാരണമാണ്.

5 പാരലൽ കോളേജുകളും, 5 അംഗൻവാടികളും, 2 ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളും 8 അൺ എയിഡഡ് നഴ്സറി സ്ക്കൂളുകളും എന്നീ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നുണ്ട്. കോളേജുകളും, സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളും, കമ്പ്യൂട്ടർ സെൻറുകളും ഇവ ഒന്നുംതന്നെ ഇല്ലാത്തത് ഈ പഞ്ചായത്തിൻെറ പുരോഗതിക്ക് തടസമായി നില്ക്കുന്നു.

ഈ പഞ്ചായത്തിലെ വിവിധ സ്ക്കൂളുകളിൽ 72 പുരുഷാദ്ധ്യാപകരും 170 അദ്ധ്യാപികമാരും ജോലി ചെയ്യുന്നുണ്ട്. ഇന്നത്തെ പ്രത്യേകസാഹചര്യത്തിൽ പാഠ്യേതര പ്രവർത്തനങ്ങളും കാര്യക്ഷമമായി നടക്കുന്നില്ല. ഭൗതിക സാഹചര്യങ്ങളുടെ അഭാവം സ്ക്കൂളുകളുടെ പുരോഗതിയെ സാരമായി ബാധിക്കുന്നു.

ഭൂരിപക്ഷം സ്ക്കൂളുകളിലും പി. ടി. എ., മാതൃസംഗമം ഇവ കാര്യമായി പ്രവർത്തിക്കുന്നില്ല. പൂയപ്പള്ളി എച്ച് എസിൽ പി. ടി. എ. യും മാതൃസംഗമവും കാര്യക്ഷമമായി പ്രവർത്തിക്കുന്നു. പൂയപ്പള്ളി എച്ച് എസിനു് ആവശ്യമായ കെട്ടിടം ഉൾപ്പെടെയുള്ള എല്ലാ സൗകര്യങ്ങളും പി. ടി. എ യും പഞ്ചായത്തും കൂടി ചെയ്തിട്ടുണ്ട്. കഴിഞ്ഞ 3 വർഷത്തെ വിജയശതമാനം വിശകലനം ചെയ്യുമ്പോൾ പഞ്ചായത്തിലെ സ്ക്കൂളുകളും സ്റേറേറ് ആവറേജിൽനിന്നും പിന്നിലല്ല. ഈ പഞ്ചായത്തിലെ സ്വകാര്യ സ്ക്കൂളുകളെ അപേക്ഷിച്ച് പൂയപ്പള്ളി ഗവ: ഹൈസ്ക്കൂളിലെ വിജയ ശതമാനം മെച്ചപ്പെട്ട നിലയിലാണ്.

1989–91 കാലത്ത് ലോകം മുഴുവൻ ശ്രദ്ധിക്കത്തക്കനിലയിൽ കേരളത്തിൽ നടന്ന സാക്ഷരതാ പ്രവർത്തനത്തിൽ പൂയപ്പള്ളി പഞ്ചായത്ത് ശ്രദ്ധേയമായ പ്രവർത്തനം നടത്തിയിട്ടുണ്ട്. ഈ പഞ്ചായത്തിലെ സാക്ഷരത 92% ആയിരുന്നു. കൊല്ലം ജില്ലയിൽ ആദ്യം സാക്ഷരത വിളംബരം നടത്തിയത് ഈ പഞ്ചായത്തായിരുന്നു.

പ്രശ്നങ്ങൾ:

1 വിദ്യാലയങ്ങളിലെ കുട്ടികളുടെ എണ്ണം കുറഞ്ഞുവരുന്നു.

2 മിക്ക സ്ക്കൂളുകളിലും ഭൗതിക സാഹചര്യങ്ങളും തൃപ്തികരമല്ല.

3 അൺ എയിഡഡ് വിദ്യാലയങ്ങളുടെ വർദ്ധനവ്.

4 സ്ക്കൂളിൽ പഠിക്കുന്ന വിദ്യാർത്ഥികളിൽ അക്ഷരം അറിയാത്തവർ ഉണ്ട്.

5 ഉപരിവിദ്യാഭ്യാസത്തിന് വളരെ ദൂരം സഞ്ചരിക്കേണ്ടിവരുന്നു.

6 അംഗനവാടികളും ജനസംഖ്യാനുപാതികമായി തുടങ്ങിയിട്ടില്ല, അംഗനവാടികളുടെ ഭൗതിക സാഹചര്യം തൃപ്തികരമല്ല.

7 അനൗപചാരിക വിദ്യാഭ്യാസത്തിനുള്ള ആസൂത്രിത പരിപാടികളില്ല.

8 കലാ കായിക വിദ്യാഭ്യാസത്തിന് സൗകര്യം കുറവാണ്.

9 സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കുറവ്.

10 രക്ഷാകർത്തൃസംഘടനയുടെ പ്രവർത്തനം തൃപ്തികരമല്ല.

11 അടിസ്ഥാന പഠനസൗകര്യങ്ങളുടെ കുറവ്.

12 പാഠ്യാനുബന്ധ പ്രവർത്തനങ്ങളുടെ അപര്യാപ്തത.

13 പ്രധാന ദിനാചരണങ്ങളുടെ ആഘോഷം കാര്യക്ഷമമായി നടക്കുന്നില്ല.

14 വിദ്യാർത്ഥികളുടെ ആച്ചടക്കരാഹിത്യം

15 അദ്ധ്യാപകരുടെ പ്രതിബദ്ധതക്കുറവ്.

16 സ്വകാര്യ ഹൈസ്ക്കൂളുകളിലെ വിജയ ശതമാനം തൃപ്തികരമല്ല.

000063

സാദ്ധ്യതകൾ

1 പൊതു വിദ്യാലയങ്ങളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുക.

2 പൊതുജനപങ്കാളിത്തത്തോടുകൂടിഭൗതിക സാഹചര്യങ്ങളും മെച്ചപ്പെടുത്തുക.

3 ശാസ്ത്രീയ സർവ്വെയുടെ അടിസ്ഥാനത്തിൽ മാത്രമേ പുതിയ സ്കൂളുകൾക്ക് അംഗീകാരം നൽകാവൂ.

4 പിന്നോക്കം നിൽക്കുന്നകുട്ടികൾക്ക് പരിഹാരബോധനം നൽകുക.

5 ഉപരി വിദ്യാഭ്യാസത്തിന് വേണ്ട സ്ഥാപനം പൂയപ്പള്ളി പഞ്ചായത്തിൽ ആരംഭിക്കുക.

6 അനുവദിക്കപ്പെട്ട 15 അംഗനവാടികളും ഉടനെ തുടങ്ങുക. അംഗനവാടികളിൽ ആവശ്യമായ കളിപ്പാട്ടങ്ങളും, മറ്റു പഠനോപകരണങ്ങളും എന്നിവ ലഭ്യമാക്കുക.

7 അദ്ധ്യാപകരുടെ സഹായത്തോടുകൂടി തുടർ സാക്ഷരതാപരിപാടി കാര്യക്ഷമമാക്കുക.

8 സ്കൂളുകളിലെ കലാ കായികവിദ്യാഭ്യാസം കാര്യക്ഷമമാക്കുക.

9 കമ്പ്യൂട്ടർ പരിലീലനമുൾപ്പെടെയുള്ള തൊഴിലധിഷ്ഠിത വിദ്യാഭ്യാസം ലഭ്യമാക്കാൻ കഴിയുന്ന സാങ്കേതിക സ്ഥാപനങ്ങളും സ്ഥാപിക്കേണ്ടതാണ്.

10 രക്ഷാകർത്തൃസമിതികളും, മാതൃസംഗമങ്ങളും ഫലപ്രദമായി സംഘടിപ്പിക്കുക.

11 സ്കൂൾവായനശാലകളുടേയും, ഗ്രന്ഥശാലകളുടേയും, പ്രവർത്തനം മെച്ചപ്പെടുത്തുകയും, പഠനോപകരണങ്ങളുടെ സഹായത്തോടെയുള്ള അദ്ധ്യാപനരീതി ഏർപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

12 സ്കൂളുകളിൽ ''കോ-കരിക്കുലർ ആക്ടിവിറ്റീസ്'' മെച്ചപ്പെടുത്തി സംഘടിപ്പിക്കേണ്ടതാണ്.

13 പ്രധാന ദിനങ്ങളായ സ്വാതന്ത്ര്യദിനം, കേരളപ്പിറവ,, അദ്ധ്യാപകദിനം, ശിശുദിനം, റിപ്പബ്ലിക് ദിനം എന്നിവ ആഘോഷപൂർവ്വവും വിജ്ഞാനപ്രദവുമായി ആചരിക്കേണ്ടതാണ്.

14 അദ്ധ്യാപക- രക്ഷാകർത്തൃസമിതിയുടെ ഫലപ്രദമായ ഇടപെടലിലൂടെ വിദ്യാർത്ഥികളിൽ അച്ചടക്കം സൃഷ്ടിക്കേണ്ടതാണ്.

15 ഭാവി പൗരൻമാരെ വാർത്തെടുക്കുന്ന ജോലിയാണ് അദ്ധ്യാപനം എന്ന സ്ഥിതിക്ക്, ആ ജോലിക്ക് ഇന്നുള്ളതിൽ കൂടുതൽ ഗൗരവവും, ചുമതലാബോധവും സൃഷ്ടിക്കാൻ ആവശ്യമായ അവബോധം അദ്ധ്യാപകരിൽ ഉണ്ടാക്കേണ്ടതാണ്.

16 സ്വകാര്യ ഹൈസ്കൂളുകളിൽ താണു നില്ക്കുന്ന വിജയശതമാനം ഉയർത്താനുള്ള പരിപാടികൾആവിഷ്കരിക്കണം.

17 ദുർബല വിഭാഗത്തിൽപ്പെടുന്ന കുട്ടികൾക്ക് മറ്റുള്ളവരോടൊപ്പം എത്തുന്നതിനുള്ള പ്രത്യേക സാഹചര്യങ്ങളും സൃഷ്ടിക്കേണ്ടതാണ്.

18 ആഴ്ചയിൽ ഒരു പീരിയേഡ് സാഹിത്യസമാജത്തിനുവേണ്ടി നീക്കിവയ്ക്കേണ്ടതും മാസത്തിലൊരിക്കൽ ജനറൽമീറ്റിംഗും നിർബന്ധമാക്കേണ്ടതാണ്.

19 പഞ്ചായത്തിന്റെ നേതൃത്വത്തിൽ സ്കൂൾ കോംപ്ലക്സുകൾ ഏർപ്പെടുത്തി വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തേണ്ടതാണ്.

20 പ്രൈമറി, അപ്പർപ്രൈമറി, ഹൈസ്കൂൾ എന്നീ വിഭാഗത്തിലെ കുട്ടികൾക്ക് ഓരോ ടേമിലും, സകല വിഷയങ്ങളും ഉൾക്കൊള്ളിച്ച് പഞ്ചായത്തിന്റെ നേതൃത്വത്തിൽ ക്വിസ് നടത്തി സമ്മാനം നൽകാനുള്ള സംവിധാനം ഉണ്ടാക്കണം.

21 വിദ്യാഭ്യാസം ആകെതന്നെ മാതൃഭാഷയിൽ ആയിരിക്കേണ്ടതാണ്.

22 അന്നന്നുള്ള പത്രങ്ങളിലും, ആനുകാലിക പ്രസിദ്ധീകരണങ്ങളിലും, സവിശേഷതയുള്ള പുസ്തകങ്ങളിലും വരുന്ന കാര്യങ്ങളും അപ്പോഴപ്പോൾ വിദ്യാർത്ഥികൾക്ക് അനുഭവവേദ്യമാക്കാൻ വേണ്ടി അതൊരു വിഷയമായി പഠിപ്പിക്കാൻ ഓരോ സ്കൂളിലും അതിനുയോഗ്യതയുള്ള ഓരോ അദ്ധ്യാപകനെ നിയമിക്കേണ്ടതാണ്

വിദ്യാലയ വിവരങ്ങൾ

ക്രമനമ്പർ	സ്കൂളിന്റെ പേര്	മാനേജ്മെന്റ്	കുട്ടികളുടെ എണ്ണം 1995-96	അദ്ധ്യാപകരുടെ എണ്ണം		
				M	F	T
1	T.E.M.H.S.S മൈലോട്	എയ്ഡഡ്	1375	13	51	64
2	S.M.H.S. കൊട്ടറ	എയ്ഡഡ്	799	11	25	36
3	St: Thomas H.S. പുന്നക്കോട്	എയ്ഡഡ്	307	11	6	17
4	G.H.S. പൂയപ്പള്ളി	സർക്കാർ	1259	17	30	47
5	S.N.V.U.P.S. മരുതമൺപള്ളി	എയ്ഡഡ്	147	2	8	10
6	M.I.M.U.P.S. ചെങ്കുളം	എയ്ഡഡ്	300	3	14	17
7	W.L.P.S. ഓട്ടുമല	സർക്കാർ	226	4	5	9
8	L.P.S. കോഴിക്കോട്	എയ്ഡഡ്	119	1	3	4
9	L.M.S L.P.S. ചെങ്കുളം	എയ്ഡഡ്	122	2	2	4
10	G.L.P.S. കൊട്ടറ	സർക്കാർ	140	3	3	6
11	മാലയിൽ L.P.S. കായില	എയ്ഡഡ്	326	2	9	11
12	S.K.V.L.P.S. കാഞ്ഞിരത്തിങ്കൽ	എയ്ഡഡ്	238	2	7	9
13	M.G.M.L.P.S. പുന്നക്കോട്	എയ്ഡഡ്	223	1	7	8

090065

പുയപ്പള്ളി ഗ്രാമപഞ്ചായത്ത് : സ്കൂളിന്റെ ഭൗതികസൗകര്യങ്ങളുടെ വിവരം.

സ്കൂളിന്റെപേര്	ആകെ വിദ്യാർത്ഥികളുടെ എണ്ണം	കെട്ടിടങ്ങളുടെ എണ്ണം			മുറികളുടെ എണ്ണം			ഇനി ആവശ്യമുള്ള കെട്ടിടങ്ങളുടെ എണ്ണം	ഇനി ആവശ്യമുള്ള കെട്ടിടം/മുറികൾ നിർമ്മിക്കാനുള്ള സ്ഥലം ഉണ്ട്/ഇല്ല	നിലവിലുള്ള മൂത്രപ്പുരകളുടെ എണ്ണം	മൂത്രപ്പുര ഒരുസമയം എത്ര കുട്ടികൾക്ക് ഉപയോഗിക്കാം.	ഇനി ആവശ്യമുള്ളതിന്റെ എണ്ണം	നിലവിലുള്ളകക്കൂസിന്റെ എണ്ണം	ഉപയോഗശൂന്യമായ കക്കൂസുകളുടെ എണ്ണം	കുടിവെള്ള സംവിധാനം ഉണ്ട്/ഇല്ല - കിണർ പൈപ്പ് വെള്ളം	ഇല്ല/ഉണ്ട്	പാചകപ്പുര	സ്റ്റാഫ് റൂം	നിലവിലുള്ളവർണ്ണവിവേചനം കൂടാതെ മതിയാകുമോ? മതിയാകില്ല/ഇല്ല	ഇനി ആവശ്യമായ വയുടെ എണ്ണം				ഓഫീസ് പർണ്ണിച്ചർ
		സ്ഥിരം	അർദ്ധസ്ഥിരം	താൽക്കാലികം	സ്ഥിരം	അർദ്ധസ്ഥിരം	താൽക്കാലികം													ടസ്ക്	ബഞ്ച്	മേശ	കസേര	
1	2	3	4	5	6	7	8	9	10	11	12	13	14	15	16	17	18	19	20	21	22	23	24	25
TEMHS മൈലോട്	38	11	ഇല്ല	ഇല്ല	42	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	4	20	ഇല്ല	3	ഇല്ല	ഉണ്ട്	Yes	Yes	Yes	മതി	ഇല്ല	ഇല്ല	No	No	ഇല്ല
SMHS കൊട്ടറ	24	6	3	ഇല്ല	24	10	ഇല്ല	ഇല്ല	ഇല്ല	3	20	2	2	ഇല്ല	ഉണ്ട്	Yes	Yes	Yes	ഇല്ല	30	50	10	20	3 അലമാര
St. Thomas HS പുന്നക്കോട്	9	4	3	ഇല്ല	28	ഇല്ല	ഇല്ല	ഇല്ല	ഇല്ല	2	25	2	ഇല്ല	ഇല്ല	ഉണ്ട്	Yes	No	Yes	ഇല്ല	15	15	5	10	5
GHS പൂയപ്പള്ളി	33	3	1	2	12	2	9	15	ഉണ്ട്	2	30	4	1	1	ഉണ്ട്	Yes	No	No	ഇല്ല	180	150	25	50	അവശ്യമുണ്ട്
SNVUPS മരുതമൺപള്ളി	5	4	ഇല്ല	ഇല്ല	13	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	2	10	ഇല്ല	1	ഇല്ല	കിണർ	No	No	Yes	ഇല്ല	—	—	1	4	1
MIMUPS ചെങ്കുളം	9	3	1	ഇല്ല	15	3	ഇല്ല	ഇല്ല	ഉണ്ട്	1	10	രണ്ട്	ഇല്ല	2	കിണർ	No	Yes	Yes	ഇല്ല	30	60	11	11	5
WLPS ഓട്ടുമല	8	3	ഇല്ല	1	6	ഇല്ല	ഇല്ല	2	ഉണ്ട്	ഇല്ല	ഇല്ല	1	1	ഇല്ല	കിണർ	Yes	Yes	Yes	ഇല്ല	—	10	3	5	1 അലമാര
LPS കോഴിക്കോട്	4	2	ഇല്ല	ഇല്ല	12	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	1	ഇല്ല	ഇല്ല	കിണർ	No	Yes	Yes	മതി	ഇല്ല	ഇല്ല	No	No	ഇല്ല
LMS LPS ചെങ്കുളം	4	2	1	ഇല്ല	4	1	ഇല്ല	ഇല്ല	ഇല്ല	1	5	2	ഇല്ല	ഇല്ല	കിണർ	No	No	No	ഇല്ല	16	10	3	4	5
GLPS കൊട്ടറ	5	2	ഇല്ല	ഇല്ല	5	ഇല്ല	ഇല്ല	ഇല്ല	ഇല്ല	1	10	ഇല്ല	ഇല്ല	ഇല്ല	കിണർ	Yes	No	Yes	മതി	ഇല്ല	ഇല്ല	No	N	ഇല്ല
മാലയിൽ LPS കായില	10	3	ഇല്ല	ഇല്ല	3	13	ഇല്ല	ഇല്ല	ഇല്ല	1	30	2	ഇല്ല	ഇല്ല	കിണർ	Yes	Yes	No	ഉണ്ട്	ഇല്ല	ഇല്ല	No	No	ഇല്ല
SKVLPS കാഞ്ഞിരത്തിങ്കൽ	8	2	1	ഇല്ല	9	2	ഇല്ല	ഇല്ല	ഇല്ല	2	20	1	ഇല്ല	ഇല്ല	കിണർ	No	No	Yes	മതി	ഇല്ല	ഇല്ല	No	No	ഇല്ല
MGMLPS പുന്നക്കോട്	7	2	ഇല്ല	ഇല്ല	1	ഇല്ല	1	ഇല്ല	ഇല്ല	2	10	ഇല്ല	ഇല്ല	ഇല്ല	കിണർ	Yes	Yes	Yes	ഇല്ല	—	10	5	10	1 അലമാര

990000

VIII സംസ്ക്കാരം-യുവജനക്ഷേമം

സമ്പന്നമായ ഒരു സാംസ്ക്കാരിക പൈതൃകം പൂയപ്പള്ളി പഞ്ചായത്തിനുണ്ട്. വിശദാംശങ്ങളും എല്ലാം ചരിത്ര പശ്ചാത്തലത്തിൽ പ്രതിപാദിച്ചിട്ടുണ്ട്.

പൂയപ്പള്ളി പഞ്ചായത്തിൽ പ്രധാനമായും 3 മതവിഭാഗങ്ങളാണുള്ളത്. ഹിന്ദു, മുസ്ലിം, ക്രൈസ്തവൻ വിഭാഗങ്ങളാണവ. ഹിന്ദുക്കളും ക്ഷേത്രങ്ങളിലും മുസ്ലിങ്ങളും ക്രിസ്ത്യാനികളും പള്ളികളിലും ആരാധന നടത്തിവരുന്നു. ക്ഷേത്രങ്ങളിലും മുസ്ലിം പള്ളികളിലും ദിവസേനയും ക്രിസ്ത്യൻ പള്ളികളിൽ ഞായറാഴ്ചകളിലും ആരാധന മുടങ്ങാതെ നടക്കുന്നു. ഈ ആരാധനാലയങ്ങളിലെല്ലാം തന്നെ വിശേഷാൽ ദിവസങ്ങളിൽ പ്രത്യേക പ്രാർത്ഥനയും നടക്കാറുണ്ട്.

ക്ഷേത്രങ്ങളിലും കാവുകളിലും എല്ലാ വർഷവും നല്ലനിലയിൽ ഉത്സവം നടത്താറുണ്ട്. ക്രിസ്ത്യൻപള്ളികളിലെ ഏറ്റവും പ്രധാനപ്പെട്ട ആഘോഷം ക്രിസ്തുമസ് ആണ്. വർഷംതോറും പള്ളിപ്പെരുനാളും മതപ്രഭാഷണങ്ങളും ക്രിസ്തുമസ് റാലിയും നടത്തിവരുന്നുണ്ട്. മുസ്ലീം പള്ളികളോടനുബന്ധിച്ച് പള്ളിപ്പെരുന്നാളും നബിദിനറാലിയും റംസാൻ, ബക്രീദ് ആഘോഷങ്ങളും നടക്കാറുണ്ട്. ഈ ആഘോഷങ്ങളിലെല്ലാം വിവിധ കലാപരിപാടികളും, കെട്ടുകാഴ്ചകളും അവതരിപ്പിച്ചുവരുന്നുണ്ട്.

ക്ഷേത്രോൽസവങ്ങളിലും പള്ളിപ്പെരുന്നാളുകളിലും, നടത്തിപ്പിന്റെ മേൽനോട്ടം അതാത് സമുദായങ്ങൾക്കാണെങ്കിലും ജാതി പരിഗണനകൂടാതെ എല്ലാ ജനവിഭാഗങ്ങളും സഹകരിക്കുന്നു. മത സൗഹാർദ്ദത്തിന്റെ വിളനിലമായി ഉൽസവങ്ങളും പെരുന്നാളുകളും, മറ്റാഘോഷങ്ങളും വർദ്ധിക്കുന്നതുകൊണ്ട്, മതസംഘട്ടനം ഒരു കാലത്തും ഈ പ്രദേശങ്ങളിൽ ഉണ്ടായിട്ടില്ല. നാടിന്റെ തനിമയും ഒരുമയും വളർത്താൻ ഇത് സഹായിക്കുന്നു.

ഓരോ മതവിഭാഗത്തിന്റെ കീഴിലും, വിവിധ ജാതികൾ നിലനിൽക്കുന്നു. ജാതീയമായ പിന്നോക്കാവസ്ഥയുള്ളവരിലാണ് സാമ്പത്തികമായ പിന്നോക്കാവസ്ഥയും ഉള്ളത്. ദേശീയതയുടേയും കുടിയാൻ പ്രശ്നങ്ങളുടേയും അടിസ്ഥാനത്തിൽ രൂപപ്പെട്ടതാണ്, പൂയപ്പള്ളി പഞ്ചായത്തിൽ ശ്രീമാൻ കർഷകൻ ജി. കൃഷ്ണപിള്ളയുടെ നേതൃത്വത്തിൽ ഉരുത്തിരിഞ്ഞ കർഷക പ്രസ്ഥാനം (വിശദാംശങ്ങൾക്ക് ''ചരിത്ര പശ്ചാത്തലം'' നോക്കുക) ഈ പ്രസ്ഥാനത്തിന്റെ തുടർച്ച ഇപ്പോഴും നിലനിൽക്കുന്നു.

പഞ്ചായത്തിലെ ഗ്രന്ഥശാലകളുടെ വിവരങ്ങൾ:

പേര്	സ്ഥാപിച്ച വർഷം	ഗ്രേഡ്	പുസ്തകങ്ങളുടെ എണ്ണം	ശരാശരി പ്രതിമാസ വിതരണം	ആനുകാലികഗ്രന്ഥങ്ങളുടെ എണ്ണം	മറ്റു അനബന്ധ പ്രവർത്തനങ്ങൾ
കൊട്ടറ മഹാത്മാഗാന്ധി സ്മാരക വായനശാല	1948	C	2400	500	1000	ഇല്ല
LBSM വായനശാല ചെപ്പറമുക്ക്.	1957	C	2200	300	400	ഇല്ല
പൂയപ്പള്ളിപഞ്ചായത്ത്വായനശാല	1956	A	8545	650	3000	സാംസ്ക്കാരികകേന്ദ്രം
മരുതമൺപള്ളി വായനശാല	1980		1000	—	—	പ്രവർത്തനമില്ല.
ചെങ്കുളം ജയഭാരത്	1950	C	5000	400	2000	ഇല്ല
വിബിൻമെമ്മോറിയൽ (പയ്യക്കോട്)	1995	C	2800	250	750	ഇല്ല
സ്വദേശാഭിമാനി കോഴിക്കോട്	1946	C	3500	325	1500	ജനവിദ്യാകേന്ദ്രം പ്രവർത്തിക്കുന്നു.
പണ്ഡിറ്റ്ഗോപാലൻ മെമ്മോറിയൽ മൈലോട്	1954	C	5500	450	4000	ഇല്ല

ദേശീയ പ്രസ്ഥാനത്തോടൊപ്പം അനൗപചാരിക വിദ്യാഭ്യാസ പദ്ധതികളും ഇവിടെ ആരംഭിച്ചു. കൊട്ടറ, സുജനപ്രിയ, പൂയപ്പള്ളി സ്ക്കൂൾ ലൈബ്രറി, കോഴിക്കോട് സ്വദേശാഭിമാനി വായനശാല എന്നിവ പ്രവർത്തനമാരംഭിച്ച ശേഷമാണ് ഇവിടെ ഗ്രന്ഥശാലാ പ്രസ്ഥാനത്തിന് പ്രചാരം ലഭിച്ചത്. തുടർന്നുള്ള വർഷങ്ങളിൽ ആരംഭിച്ചതും ഇപ്പോഴും നിലനിൽക്കുന്നതുമായ ഗ്രന്ഥശാലകളുടേയും. വായനശാലകളുടേയും പട്ടികയാണ് മേൽ കാണിച്ചിട്ടുള്ളത്. പുയപ്പള്ളി പഞ്ചായത്ത് സാംസ്ക്കാരിക നിലയത്തിൽ ഇപ്പോഴുള്ള ഗ്രന്ഥശാല 1955 ന് മുൻപ് തന്നെ ''റൂറൽ വായനശാല'' എന്ന പേരിൽ പൂയപ്പള്ളി പ്രൈമറി സ്ക്കൂളിൽ പ്രവർത്തിച്ചിരുന്ന വായന ശാലയുടെ തുടർച്ചയാണ്. പ്രവർത്തനത്തിന്റെ എല്ലാ മേഖലകളിലും ഈ ഗ്രന്ഥശാല മറ്റുള്ളവയേക്കാളും മുന്നിലാണ്. നിലവിലുള്ള വായനശാലകളിൽ അഞ്ചും ഗ്രന്ഥശാലകളായി പ്രവർത്തിക്കുന്നു. ഇതിൽ ഒരെണ്ണം പഞ്ചായത്തിന്റെ ഉടമസ്ഥതയിലാണ്. കൊട്ടറ, മൈലോട് എന്നിവിടങ്ങളിൽ പഞ്ചായത്തിന്റെ സഹായത്താൽ കെട്ടിടം തീർത്തുകൊടുത്തിട്ടുണ്ട്, ജനകീയപങ്കാളിത്തത്തോടെ നടക്കുന്നവയാണ് മറ്റുള്ളവയെല്ലാം. ഈ പഞ്ചായത്തിലുള്ള ലൈബ്രറികളുടെ പ്രവർത്തനം പൊതുവെ ആശാവഹമല്ല. വായനക്കാരുടെ എണ്ണം കുറഞ്ഞുകൊണ്ടിരിക്കുന്നു. വായനക്കാരിലധികവും നോവലും, കഥകളും ഇഷ്ടപ്പെടുന്നു. തൊഴിലില്ലാത്ത അഭ്യസ്തവിദ്യരും, ചുരുക്കം വിദ്യാർത്ഥികളുമാണ് കൂടുതലും വായനക്കാർ. മികച്ച ഗ്രന്ഥങ്ങളും, റഫറൽസ് ഗ്രന്ഥങ്ങളും എന്നിവ വാങ്ങാൻ ഗ്രന്ഥശാലകളും സന്നദ്ധമാകുന്നില്ല. പുസ്തകങ്ങളുടെ വാർഷിക വർദ്ധന നാമമാത്രമാണ്. വനിതാ വായനക്കാരുടെ എണ്ണം കുറവാണ്. 21807 പേരുള്ള ഈ പഞ്ചായത്തിൽ പുസ്തക വായനയ്ക്കായി ഗ്രന്ഥശാല ഉപയോഗിക്കുന്നവരുടെ എണ്ണം പ്രതിമാസം 2876 മാത്രമാണ്. ഇവിടെ പ്രചാരത്തിലുള്ളത്. മലയാള മനോരമ, മാതൃഭൂമി, കേരളകൗമുദി, ദേശാഭിമാനി, മംഗളം, മാധ്യമം, ദീപിക എന്നീ മലയാളപത്രങ്ങളും ഇന്ത്യൻ എക്സ്പ്രസ്, ഹിന്ദു, എന്നീ ഇംഗ്ലീഷ് പത്രങ്ങളുമാണ്. ആഴ്ചപതിപ്പുകളായ മലയാള മനോരമ, മാതൃഭൂമി, കലാകൗമുദി, ദേശാഭിമാനി, മംഗളം, കേരളശബ്ദം, ചിന്ത എന്നിവയ്ക്കെല്ലാം നല്ല പ്രചാരമുണ്ട്. ഇവ കൂടാതെ ദ്വൈമാസികകളും, മാസികകളും, വാർഷികപ്പതിപ്പുകളും, കുട്ടികളുടെ പ്രസിദ്ധീകരണങ്ങളും എന്നിവയും സർവ്വസാധാരണമാണ്. ''വായിച്ചു വളരുക'' എന്ന ഗ്രന്ഥശാലാ സംഘത്തിന്റെ മുദ്രാവാക്യത്തിന് വായനക്കാരിൽ സ്വാധീനം കുറഞ്ഞുവരുന്നു, ഇലക്ട്രോണിക് മാദ്ധ്യമങ്ങളിലെ തരംതാണ പരിപാടികളോടാണ് യുവതലമുറയ്ക്ക് ആഭിമുഖ്യം.

ഈ പഞ്ചായത്തിൽ 21 ക്ലബ്ബുകളും കലാസമിതികളുമുണ്ട്. യുവജനസഖ്യം, ബാലജനസഖ്യം, ഫ്രണ്ട്സ് ആർട്ട്സ് ആൻറ് സ്പോർട്ട്സ് ക്ലബ്, മോണിംഗ് സ്റ്റാർ, ആർട്ട്സ് ആൻറ് സ്പോർട്ട്സ് ക്ലബ്, ഫുട്ട് ബാൾ അസോസിയേഷൻക്ലബ്, യൂത്ത്ക്ലബ്, ക്രിക്കറ്റ് ക്ലബ്, യുവജന സാംസ്ക്കാരിക സമിതി, സ്വാതി സാംസ്ക്കാരിക സമിതി, കൈരളി ആർട്ട്സ് ആൻറ് സ്പോർട്ട്സ് ക്ലബ്, കാസ്ക. രാഗം, നവോദയ, ശക്തി, നേതാജി ആർട്ട്സ് ആൻറ് സ്പോർട്ട്സ് ക്ലബ്, സൂര്യശ്രീ വനിതാസമാജം, പുലരി, യുവജനകലാസമിതി തുടങ്ങിയവയാണവ. ഭൂരിഭാഗവും കാര്യമായപ്രവർത്തനമില്ലാത്തവയാണ്. എന്നാൽ മരുതമൺപള്ളി ശക്തി ആർട്സ് ആൻറ് സ്പോർട്ട്സ് ക്ലബ് എടുത്ത് പറയത്തക്കരീതിയിൽ പ്രവർത്തനം നടത്തിവരികയാണ്. കലാസമിതികളിൽ സ്ത്രീ പങ്കാളിത്തം. കുറവാണ്. കായികസമിതികളും ഒന്നുംതന്നെ നല്ല രീതിയിൽ പ്രവർത്തിക്കുന്നില്ല. ഓണാഘോഷത്തോടനുബന്ധിച്ച് മാത്രമേ കായികമൽസരങ്ങളും നടത്താറുള്ളൂ. കൊട്ടറ രാഗം സ്പോർട്ട്സ് ക്ലബിന്റെ ആഭിമുഖ്യത്തിൽ നല്ല നിലയിൽ വോളീബാൾ പരിശീലനം നടന്നുവരുന്നുണ്ട്.

ടെലിവിഷൻ തുടങ്ങിയ ഇലക്ട്രോണിക് മാധ്യമങ്ങളുടെ സ്വാധീനം വളരെ കൂടുതലാണ്. 15% വീടുകളിൽ ടി. വി. ഉണ്ട്. പൂയപ്പള്ളിയിൽ ഒരു കേബിൾ ടി.വി യൂണിറ്റ് ഉണ്ട്. 7-ാം വാർഡിൽ ഒരു സിനിമാശാലയും പ്രവർത്തിക്കുന്നു. ലൈംഗികാതിപ്രസരമുള്ള ടി. വി. പരിപാടികളും സമൂഹത്തെ വഴി തെറ്റിക്കുന്നു. പൂയപ്പള്ളിയിൽ പഞ്ചായത്തിന്റേതായി ഒരു കളിസ്ഥലവും എല്ലാ വിദ്യാലയങ്ങളിലും കളിസ്ഥലങ്ങളുമുണ്ട്. കായികാഭ്യാസ കളരികളോ സ്ഥാപനങ്ങളോ ഇല്ല. സ്ത്രീകൾക്ക് പ്രത്യേക കളിസ്ഥലങ്ങളില്ല. പൂയക്കോട്ട് ഒരു കരാട്ടേ പരിശീലന കേന്ദ്രമുണ്ട്. മിക്ക കായിക കലാ സമിതികളും ഓണത്തോടനുബന്ധിച്ച് കായികമൽസരങ്ങൾ സംഘടിപ്പിക്കാറുണ്ട്. കൂടാതെ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ഓണം കായികമേള, കേരളോൽസവം എന്നിവ നടത്താറുണ്ട്. കിളിത്തട്ടുകളി, നാടൻ പന്തുകളി, കുട്ടിയും കൂന്നുംകളി തുടങ്ങിയ കായിക വിനോദങ്ങളും നിലവിലുണ്ട്.

000000063

പ്രശ്നങ്ങൾ

1 പുതിയ പ്രസിദ്ധീകരണങ്ങളുടെ ലഭ്യത കുറവ്.

2 വായനയിൽ താല്പര്യക്കുറവ്.

3 ദൃശ്യശ്രാവ്യ മാദ്ധ്യമങ്ങളുടെ മൂല്യത്ത കർച്ച.

4 ഗ്രന്ഥശാലകളുടെ അപര്യാപ്തത.

5 നിലവാരമില്ലാത്ത പ്രസിദ്ധീകരണങ്ങൾ

6 കലാ കായിക സമിതികൾക്ക് പ്രോൽസാഹനമില്ല.

7 കലാസമിതികളുടെ അംഗീകാരത്തിനുള്ള വൈഷമ്യം.

8 പൊതു കളിസ്ഥലങ്ങൾ കായിക പരിശീലനത്തിന് യോജിച്ചവയല്ല.

9 നാടൻ കലാരൂപങ്ങൾ പ്രോൽസാഹിപ്പിക്കപ്പെടുന്നില്ല.

10 വിവാഹ ചടങ്ങുകളുടെ വർദ്ധിച്ച ആർഭാടം.

11 കലാ കായികരംഗത്തേയ്ക്ക് വരുന്ന സ്ത്രീകളോടുള്ള അവജ്ഞ.

സാദ്ധ്യതകൾ

1 പുതിയ പ്രസിദ്ധീകരണങ്ങൾ വാങ്ങുന്നതിന് കൂടുതൽ സാമ്പത്തിക സഹായം സർക്കാരിൽനിന്നും ലഭിക്കണം.

2 വായിച്ചു വളരാനുള്ള പ്രേരണ നൽകുക.

3 അസാനാർഗ്ഗിക പ്രവണതകൾ വളർത്തുന്നതും, ലൈംഗികാതിപ്രസരം ഉള്ളതുമായ ടി. വി. സിനിമാ പരിപാടികൾ ഒഴിവാക്കുക.

4 ഗ്രന്ഥശാലകൾ ഇല്ലാത്തഇടങ്ങളിൽ അവ സ്ഥാപിക്കുകയും ഉള്ളവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുകയും വേണം.

5 നിലവാരം കുറഞ്ഞ പ്രസിദ്ധീകരണങ്ങൾ ഉപേക്ഷിക്കണം.

6 നല്ല രീതിയിൽ പ്രവർത്തിക്കുന്ന കലാ കായികസമിതിക്ക് പ്രോൽസാഹനം നൽകുക.

7 കലാസമിതികൾക്ക് ജില്ലാ തലത്തിലും സംഗീതനാടക അക്കാഡമിതലത്തിലും രജിസ്ട്രേഷനുള്ള വൈഷമ്യം ഒഴിവാക്കുക.

8 കുറഞ്ഞത് എല്ലാ സൗകര്യങ്ങളുമുള്ള ഒരു കളിസ്ഥലമെങ്കിലും പഞ്ചായത്ത് തലത്തിൽ നിർമ്മിക്കുക.

9 അന്യംനിന്നുപോയ നാടൻ കലാരൂപങ്ങൾ പുനരുജ്ജീവിപ്പിക്കുക.

10 വിവാഹത്തോടനുബന്ധിച്ചുള്ള അമിത ആർഭാടം തടയാൻ നിയമനിർമ്മാണം നടത്തണം.

11 കലാ കായികരംഗത്ത് തന്റേടത്തോടെ കടന്നുവരാൻ സ്ത്രീകളെ ഉൽബുദ്ധരാക്കണം.

000069

IX വനിത

വനിതകൾക്ക് സാമൂഹ്യവും രാഷ്ട്രീയവും സാമ്പത്തികവുമായരംഗങ്ങളിൽ പൂർണ്ണമായി അംഗീകാരം ലഭിക്കുന്നില്ല എന്നതാണ് യാഥാർത്ഥ്യം. കേരളവികസന പ്രക്രിയയിലെ പ്രധാന ദൗർബല്യവും അതാണ്. ഈ പോരായ്മ തിരുത്തുക എന്നതാണ് ഒൻപതാം പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങളിലൊന്ന്. ഈ പഞ്ചായത്തിൽ ജനസംഖ്യയിൽ പുരുഷൻമാരെ അപേക്ഷിച്ച് 779 സ്ത്രീകൾ കൂടുതലാണ്. വാർഡ് അടിസ്ഥാനത്തിൽ പരിശോധിക്കുമ്പോൾ ഒൻപത് വാർഡുകളിൽ പുരുഷൻമാരെ അപേക്ഷിച്ച് സ്ത്രീകൾ കൂടുതലുള്ളപ്പോൾ രണ്ടാം വാർഡിൽമാത്രം പുരുഷൻമാരാണ് കൂടുതൽ. വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ സ്ത്രീകളാണ് മുന്നിൽ. വിദ്യാലയങ്ങളിലും പെൺകുട്ടികളാണ് കൂടുതൽ. മുസ്ലീം സമുദായത്തിൽ സ്ത്രീകളുടെ വിദ്യാഭ്യാസനിലവാരം പുരുഷൻമാരെക്കാൾ പിന്നിലാണ്. ആയുസിന്റെ കാര്യത്തിൽ, സ്ത്രീകളുടെ ജീവിത ദൈർഘ്യമാണ് മുന്നിൽ വിദ്യാഭ്യാസം ഉണ്ടായിട്ടും കുട്ടികളുടെ എണ്ണം കുറഞ്ഞിട്ടും വരുമാനം ഉണ്ടാക്കുന്ന സ്ത്രീകളുടെ എണ്ണം വളരെ കുറവാണ്. തൊഴിലിനോടുള്ള ആഭിമുഖ്യക്കുറവല്ല ഇതിനു കാരണം, തൊഴിൽ അവസരങ്ങൾ ലഭ്യമാകാത്തതാണ്.

ഈ പഞ്ചായത്തിൽ എട്ട് കശുവണ്ടിഫാക്ടറികൾ പ്രവർത്തിക്കുന്നതുമൂലം നിർദ്ധനകുടുംബത്തിലെ സ്ത്രീകൾക്ക് തൊഴിലവസരങ്ങൾ ഉണ്ട്. എന്നാൽ ആ വ്യവസായത്തിന്റെ തകർച്ച മേൽപ്പറഞ്ഞ തൊഴിലവസരത്തിന് മങ്ങൽ ഏൽപ്പിക്കുന്നു.

കർഷകത്തൊഴിലാളികളായും തയ്യൽ രംഗത്തും, നിർമ്മാണത്തൊഴിലാളികളായും, ചുടുകട്ട നിർമ്മാണരംഗത്തും സ്ത്രീകൾ കൂടുതലായി പണിയെടുക്കുന്നു. അഭ്യസ്തവിദ്യരായ സ്ത്രീകളിലാണ് കൂടുതലായി തൊഴിലില്ലായ്മ അനുഭവപ്പെടുന്നത്. കൂലിയുടെ കാര്യത്തിൽ സ്ത്രീകൾക്ക് പുരുഷൻമാരോട് തുല്യതയില്ല. നിശ്ചിതമായ തൊഴിലുകൾ ഇല്ലാത്ത സ്ത്രീകൾ കുട്ടികളെ പരിചരിക്കുക പാചകം നടത്തുക എന്നിവയ്ക്കുപുറമെ ആടുമാടുകളെ നോക്കുക, പുരയിടത്തിലെ കൃഷിയുമായി ബന്ധപ്പെട്ട പണികൾ ചെയ്യുക, വിറക് ശേഖരിക്കുക തുടങ്ങിയ പണികൾ ചെയ്യുന്നുണ്ട്. പുരുഷൻമാരെ അപേക്ഷിച്ച് കൂടുതൽ സമയം അദ്ധ്വാനിക്കുന്നത് സ്ത്രീകളാണ്. നിശ്ചിത ജോലികൾ ഉള്ള സ്ത്രീകളുടെ അദ്ധ്വാനം ഇതിനു പുറമെ ആണ്.

ഈ പഞ്ചായത്തിലെ 20% കുടുംബങ്ങൾ വനിതകളുടെ നേതൃത്വത്തിലാണ്. ലിംഗപരമായ വിവേചനം ഇല്ല സ്ത്രീധന സംബന്ധമായ പീഡനം ചുരുക്കമാണെങ്കിലും, മദ്യപൻമാരായ ഭർത്താക്കൻമാരിൽനിന്നുള്ള പീഡനവും ഉണ്ട്. വനിതകളിൽ രോഗാതുരത കൂടുതലാണ്. ഹെൽത്ത് സെൻറർ ഒന്നുമാത്രമേ ഉള്ളൂ. സ്ത്രീകളുടേത് മാത്രമായി പുന്നക്കേടും ഭാഗത്ത് സാമാന്യം തൃപ്തികരമായി പ്രവർത്തിക്കുന്ന DWCRA യുടെ "ഐശ്വര്യ റെഡിമെയ്ഡ് ഗാർമെൻറ്സ്" എന്ന ഒരു സ്ഥാപനവും സമ്പാദ്യശീലം വർദ്ധിപ്പിക്കുവാൻ ഉപകാരപ്രദമായ "അയൽകൂട്ടം" എന്ന ഒരു പദ്ധതിയും ഉണ്ട്.

ഈ പഞ്ചായത്തിലേക്ക് അനുവദിച്ചിട്ടുള്ളത് 20 അംഗൻവാടികളാണ്. അതിൽ അഞ്ച് എണ്ണം മാത്രമേ പ്രവർത്തിച്ചു തുടങ്ങിയിട്ടുള്ളൂ. അംഗൻവാടികൾ ആരംഭിക്കുന്നതിന്റെ ഭാഗമായി നിലവിൽ ഉണ്ടായിരുന്ന ഫീഡിംഗ് സെൻററുകൾ നിർത്തൽ ചെയ്തിരിക്കയാണ്.

തൊഴിൽ മേഖലകൾ പ്രത്യേകമായി പരിശോധിച്ചാൽ അദ്ധ്യാപനരംഗത്താണ് സ്ത്രീകൾ കൂടുതൽ പണിയെടുക്കുന്നുണ്ട്. കശുവണ്ടി രംഗത്ത് 98% സ്ത്രീകളാണ്. പ്രത്യേകിച്ച് ഒരു സംഘടനയിലും വനിതാ നേതൃത്വം നിലവിൽ ഇല്ല. ബഹുജനസംഘടനകളിലെ വനിത പങ്കാളിത്തം കുറവാണ്. ഭരണരംഗത്ത് സ്ത്രീകൾ 1/3 പങ്കാളിത്തം ഏർപ്പെടുത്തിയ സ്ഥിതിക്ക് ബഹുജനസംഘടനകളിലെ വനിതാപങ്കാളിത്തം വർദ്ധിച്ചുവരേണ്ടത് അത്യാവശ്യമാണ്. സാക്ഷരതാപ്രവർത്തനത്തിന്റെ പ്രയോജനം കൂടുതലായി ലഭിച്ചത് സ്ത്രീകൾക്കാണ്. സ്ത്രീകളിൽ സാമൂഹ്യ ബോധവും ശുചികരണ താല്പര്യവും വളർത്താൻ സാക്ഷരതാപ്രവർത്തനം സഹായിച്ചിട്ടുണ്ട്.

പ്രശ്നങ്ങൾ

1 വനിതകൾക്ക് സ്വയംതൊഴിൽ അവസരങ്ങൾ കുറവാണ്.

2 ബഹുജനസംഘടനയുടെ നേതൃനിരയിൽ വനിതകളുടെ എണ്ണം കുറവാണ്.

3 എല്ലാ വാർഡുകളിലും മഹിളാസമാജങ്ങൾ ഇല്ല.

4 അംഗനവാടികളും നിശ്ചയിക്കപ്പെട്ട കണക്കിൽ തുടങ്ങിയിട്ടില്ല.

5 മദ്യപാനം മൂലവും സ്ത്രീധന സമ്പ്രദായം മൂലവും ഉള്ള പീഡനങ്ങളും അവശേഷിക്കുന്നു

6 നേതൃത്വ പരിശീലനത്തിനുള്ള ബോധവൽക്കരണം ഇല്ല.

7 വനിതകളിൽ വായനാശീലം കുറവാണ്.

8 നിർദ്ധനരായ വനിതകൾക്ക് വിവിധ തലങ്ങളിലുള്ള ആനുകൂല്യങ്ങളും സ്വായത്തമാക്കുന്നതിനെക്കുറിച്ചുള്ള പരിജ്ഞാനക്കുറവ്

9 കായികമായി ചെച്ചുന്ന തൊഴിലുകളിൽ കൂലിയിലുള്ള അന്തരം

10 കശുവണ്ടി ഫാക്ടറിയിലെ തൊഴിലാളികൾക്ക് പശ്ചാത്തലസൗകര്യങ്ങളും ഇല്ല

11 തൊഴിൽ ശാലകളിലും പൊതുസ്ഥലത്തും സ്ത്രീകൾക്ക് പ്രത്യേകമായി മല മൂത്രവിസർജ്ജന സൗകര്യങ്ങളില്ല

12 വനിതാസഹകരണസംഘങ്ങളും ഇല്ല

13 ബസുകളിൽ വേണ്ടത്ര സീറ്റ് സംവരണം ഇല്ല

14 മുസ്ലീം സമുദായത്തിൻ സ്ത്രീകളുടെ വിദ്യാഭ്യാസതോത് കുറവാണ്

15 സ്ത്രീകൾക്ക് മാത്രമായുള്ള തൊഴിൽ യൂണിറ്റുകളില്ല

16 സ്ത്രീകൾക്കുള്ള ചികിൻസാരംഗത്തും മാതൃശിശുസംരക്ഷണ രംഗത്തും പ്രത്യേകപരിഗണനഇല്ല.

സാദ്ധ്യതകൾ:-

1 വനിതകൾക്ക് പ്രത്യേകമായി തൊഴിൽ സംരംഭങ്ങളും ഉണ്ടാകണം

2 ബഹുജനസംഘടനകളുടെ നേതൃനിരയിൽ കൂടുതൽ സ്ത്രീകളെഉൾപ്പെടുത്താൻ ശ്രദ്ധിക്കണം

3 എല്ലാ വാർഡുകളിലും മഹിളാസമാജങ്ങളും രൂപീകരിക്കണം

4 അവശേഷിക്കുന്ന അംഗനവാടികളുംകൂടി എത്രയുംവേഗം ആരംഭിച്ച്മൊത്തത്തിൽ പ്രവർത്തനം മെച്ചമാക്കണം

5 മദ്യപാനംമൂലവും സ്ത്രീധനസമ്പ്രദായം മൂലവും ഉള്ളപീഡനം അവസാനിക്കാൽ ബോധവൽക്കരണം നടത്തണം

6 നേതൃത്വപരിശീലനത്തിനുള്ളക്യാമ്പുകളും സംഘടിപ്പിക്കണം

7 സ്ത്രീകളിൽ വായനാശീലം വർദ്ധിപ്പിക്കാനുള്ള പ്രേരണ സൃഷ്ടിക്കണം

8 വിവിധ തലങ്ങളിലുള്ള ആനുകൂല്യങ്ങളും സ്വായത്തമാക്കുന്നതിനുള്ള അറിവ് ലഭിക്കാൻ പഞ്ചായത്ത് തലത്തിൽ ഇൻഫർമേഷൻ സെൻറർ സ്ഥാപിക്കണമേ

9 ഒരേ സ്വഭാവമുള്ള കായികതൊഴിലുകളിൽ ഏർപ്പെടുന്ന സ്ത്രീകൾക്ക് പുരുഷൻമാർക്കൊപ്പം കൂലി ലഭ്യമാക്കണം

10 കശുവണ്ടിഫാക്ടറികളിൽ ഇന്ന് തറയിൽ കുത്തിയിരുന്ന് ചെയ്യുന്ന ജോലി ഉയർന്നിരുന്ന് ചെയ്യാവുന്ന സൗകര്യം ഉണ്ടാക്കണം. മറ്റ് പശ്ചാത്തല സൗകര്യങ്ങളും ഏർപ്പെടുത്തണം

11 തൊഴിൽശാലകളിലും പൊതുസ്ഥലങ്ങളിലും സ്ത്രീകൾക്ക് പ്രയേ്യകമായി മല മൂത്ര വിസർജന സൗകര്യങ്ങളും ഉണ്ടാക്കണം

12 വനിതകൾക്ക് കൈകാര്യം ചെയ്യാവുന്ന വിഷയങ്ങളെ അടിസ്ഥാനമാക്കിയുള്ള സഹകരണസംഘങ്ങളും രൂപീകരിക്കണം

13 യാത്രാബസുകളിൽ 50% സീറ്റ് സംവരണം ഉറപ്പാക്കണം

14 മുസ്ലീംസ്ക്കൂളുകളിൽ വിദ്യാഭ്യാസതോത് വർദ്ധിപ്പിക്കാനുള്ള പ്രേരണ ഉണ്ടാകണം

15 സ്ത്രീകൾക്ക് മാത്രം ചെയ്യാൻ കഴിയുന്ന തൊഴിൽയൂണിറ്റുകളും രൂപീകരിക്കണം

16 ചികിൽസാരഗേത്തും മാതൃശിശുസംരക്ഷണരംഗത്തുംഎല്ലാസ്ത്രീകൾക്കും പ്രയോജനം ലഭിക്കത്തക്ക വിധത്തിൽ ആരോഗ്യ സംരക്ഷണ പ്രവർത്തനങ്ങളും വ്യാപിപ്പിക്കണം

000072

സഹകരണം

പഞ്ചായത്തിന്റെ പ്രദേശിക പദ്ധതിയിൽ ഏറ്റവും നിർണ്ണായകമായ ഒരു പങ്ക് സഹകരണ സംഘങ്ങൾക്ക് നിർവഹിക്കാനാകും. ഉല്പാദന വ്യാപാര പ്രവർത്തനങ്ങളിൽ ഫലപ്രദമായി ഇടപെടാൻ കഴിയുന്ന ശക്തമായ ഉപകരണമായി സഹകരണ മേഖലയെ ഉപയോഗപ്പെടുത്താവുന്നതാണ്.

പൂയപ്പള്ളി പഞ്ചായത്തിൽ ചെങ്കുളം കേന്ദ്രമാക്കി കഴിഞ്ഞ തലമുറയിൽപ്പെട്ട ചിലർ ആളുകൂടി ചേർന്ന് 'ചെങ്കുളം വിവിധോദ്ദേശ സഹകരണ സംഘം' എന്നൊരു സ്ഥാപനം രജിസ്റ്റർ ചെയ്തു. റേഷൻകട, ജൗളിക്കട, വായ്പാവിതരണം, ചില്ലറവില്പനശാല തുടങ്ങിയ പ്രവർത്തനങ്ങളും എന്നിവ നടത്തിയിരുന്നു. കാലത്തിന്റെ ഒഴുക്കിൽ ഇത് പ്രവർത്തനരഹിതമാവുകയും ലിക്വിഡേറ്റ് ചെയ്യപ്പെടുകയും ചെയ്തു. സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിൽ രാജ്യത്തെമ്പാടും വരുന്ന ബഹുജന പ്രസ്ഥാനങ്ങളുടെ ഭാഗമായിട്ടാണ് മുകളിൽ പറഞ്ഞ സംഘവും പ്രവർത്തിച്ചത്.

ഈ പഞ്ചായത്തിൽ നല്ലനിലയിൽ പ്രവർത്തിക്കുന്ന 8 സഹകരണ സംഘങ്ങളും നാമമാത്രപ്രവർത്തനമുള്ള 2 സഹകരണ സംഘങ്ങളുമുണ്ട്. ഇതിൽ ഏറ്റവും നന്നായി പ്രവർത്തിക്കുന്നത് പൂയപ്പള്ളി സർവ്വീസ് സഹകരണ ബാങ്കാണ്. 1960 ലാണ് ഈ സംഘം രജിസ്റ്റർ ചെയ്തത് പ്രവർത്തനം ആരംഭിച്ചത്. ചെങ്കുളം ഒരു ബ്രാഞ്ചുണ്ട്. കാർഷീക വായ്പ നൽകലാണ്. ക്ഷേമസംബന്ധമായ ഒട്ടേറെ വായ്പകളും നൽകുന്നതോടെപ്പം, സ്വർണ്ണപ്പണയം, ചിട്ടി തുടങ്ങിയ മറ്റു പ്രവർത്തനങ്ങളും നടന്നുവരുന്നു. തികച്ചും ജനപങ്കാളിത്തത്തോടുകൂടിയാണ് ഈ സംഘം രൂപീകരിച്ചത്. സഹകരണ പ്രസ്ഥാനത്തോട് ജനങ്ങൾക്ക് തീരെ അറിവും പ്രതിപത്തിയും ഇല്ലാതിരുന്ന കാലത്ത് ഈ സംഘത്തിൽ അംഗങ്ങളെ ചേർത്ത് രജിസ്റ്റർ ചെയ്യാൻ ഇതിന്റെ ആദ്യകാലപ്രവർത്തകർ വളരെ ക്ലേശം സഹിച്ചിട്ടുണ്ട്. ഈ പഞ്ചായത്തിലെ സഹകാരികൾക്കും വളരെ ആശ്വാസംനൽകുന്നതാണ് ഈ സഹകരണ സംഘം. അഞ്ച് ക്ഷീരോല്പാദക സഹകരണ സംഘങ്ങളും നല്ലനിലയിൽ പ്രവർത്തിക്കുന്നുണ്ട്. നാൽക്കവലയിൽ ഒരു കൈത്തറി സഹകരണ സംഘം സാമാന്യം തൃപ്തികരമായി പ്രവർത്തിക്കുന്നു. പൂയപ്പള്ളിയിൽ പ്രവർത്തിച്ചുവന്ന ഹരിജൻ കൈത്തറി സഹകരണ സംഘം പ്രവർത്തനം നിലച്ചമട്ടിലാണ്. മറ്റൊരു ഹരിജൻ സഹകരണ സംഘമുള്ളതിന്റെ പ്രവർത്തനം നാമമാത്രമാണ്. കൊട്ടാരക്കര ബ്ലോക്ക് കാഷ്യു, റബ്ബർ ഗ്രോവേഴ്സ് പ്രോസസിംഗ് ആൻറ് മാക്കറ്റിംഗ് സഹകരണ സംഘം എന്നപേരിൽ പൂയപ്പള്ളിയിൽ അടുത്ത കാലത്ത് പ്രവർത്തനം ആരംഭിച്ചിട്ടുള്ള സംഘത്തിന്റെ പ്രവർത്തനം തുടക്കത്തിലേ തകർച്ചയിലാണ്.

മേല്പറഞ്ഞ സഹകരണ സംഘങ്ങളുടെ പ്രവർത്തനം ശ്രദ്ധാപൂർവ്വം പരിശോധിച്ച് മെച്ചപ്പെടുത്തിയും, സംഭരണ വിതരണ രംഗത്ത് പുതിയ സഹകരണ സംഘങ്ങളും രൂപീകരിച്ചും, വനിതകളെക്കൊണ്ട് പ്രവർത്തിപ്പിക്കാവുന്ന പ്രത്യേക സഹകരണ സംഘങ്ങളും രൂപീകരിച്ചും, സഹകരണരംഗം ഈ പഞ്ചായത്തിൽ ഉയർത്തിക്കൊണ്ടുവരേണ്ടത് അടിത്തട്ടിലുള്ളവരുടെ സാമ്പത്തിക വളർച്ചക്ക് അത്യന്ത്യാപേക്ഷിതമാണ്.

00007

സഹകരണ സംഘങ്ങളുടെ വിവരങ്ങൾ അടങ്ങിയ പട്ടിക ചുവടെ ചേർക്കുന്നു.

സംഘം	സ്ഥാപിച്ച വർഷം	ഇനം	അംഗങ്ങളുടെ എണ്ണം	ജീവനക്കാരുടെ എണ്ണം	ഓഹരി മൂലധനം	ടേൺഓവർ
						Rs
പൂയപ്പള്ളി സർവ്വീസ് സഹകരണ ബാങ്ക് നമ്പർ 3964	1960	വായ്പ	10516	9	1626520	22200690
പൂയപ്പള്ളി പഞ്ചായത്ത് ഹരിജൻ സർവ്വീസ് സഹകരണ സംഘം. നമ്പർ. കൃ.ു. 898	1984	വായ്പ	172	1	1750	
ക്ഷീരോല്പാദക സഹകരണ സംഘം കൊട്ടറ കൃ.ു 222	1990	ക്ഷീരോല്പാദനം	121		1390	72527 ലിറ്റർ
ക്ഷീരോല്പാദക സഹകരണ സംഘം മൈലോട് കൃ 234	1991	''	79		950	23392 ലിറ്റർ
ക്ഷീരോല്പാദക സഹകരണ സംഘം ചെങ്കുളം കൃ 225	1991	''	65		700	32852 ലിറ്റർ
ക്ഷീരോല്പാദക സഹകരണ സംഘം മരുതമൺപള്ളി കൃ 233	1991	''	107		1340	60462 ലിറ്റർ
ക്ഷീരോല്പാദക സഹകരണ സംഘം പൂയപ്പള്ളി കൃ 269	1992	''	78		1060	31032 ലിറ്റർ
കൊട്ടറ ഹാൻറ് ലൂം വീവേഴ്സ് സഹകരണ സംഘം കൃ 15		നെയ്ത്ത്	168	സെക്രട്ടറി 1 നെയ്ത്തുകാർ 15		
ദേശാഭിമാനി കൈത്തറി സഹകരണ സംഘം കൊട്ടറ എച്ച് 17	1954	നെയ്ത്ത്	183	1	36600	
കൊട്ടാരക്കര ബ്ലോക്ക് കാഷ്യൂ/റബർ ഗ്രോത്ത് പ്രോസസിംഗ് & മാർക്കറിംഗ് സഹകരണ സംഘം നമ്പർ 1717	രേഖകൾ കോടതിയിൽ ആയതിനാൽ വിവരം ലഭ്യമല്ല					

000074

പ്രശ്നങ്ങൾ

1) പൂയപ്പള്ളി സർവ്വീസ് സഹകരണ ബാങ്കിന്റെ പ്രവർത്തനം വേണ്ടത്ര ആയിട്ടില്ല.

2) ഹരിജൻ സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തിലുള്ള പോരായ്മ.

3) സംഘം മാനേജ്മെൻറുകളുടെ കാര്യക്ഷമത കുറവ്.

4) പുതിയ പ്രവർത്തന മേഖലകൾ കണ്ടെത്തുന്നില്ല.

5) സാങ്കേതിക നവീകരണത്തിന്റെ അഭാവം.

6) മേൽത്തട്ടിലുള്ള ബാങ്കുകളുടെ പിടിമുറുക്കം.

7) വായ്പകൾ വേണ്ടത്ര യഥാസമയം കിട്ടുന്നില്ല.

സാദ്ധ്യതകൾ

1) പഞ്ചായത്തിൽ കൂടുതൽ സഹകാരികൾക്ക് ഗുണം ലഭിക്കാൻ പൂയപ്പള്ളിയിൽ ഒരു ബ്രാഞ്ച് തുടങ്ങണം.

2) ഹരിജൻ സഹകരണ സംഘങ്ങളുടെ ഇന്നത്തെ സ്ഥിതി നിഷ്കൃഷ്ടമായി പരിശോധിച്ച് പ്രവർത്തനം മെച്ചപ്പെടുത്തണം

3) മിക്ക സഹ: സംഘങ്ങളുടേയും മാനേജ്മെൻറ് പ്രവർത്തനം കുറേക്കൂടി മെച്ചപ്പെടുത്തണം.

4) സർവ്വീസ് സഹകരണ ബാങ്കിനും ഹരിജൻ സഹകരണ സംഘത്തിനും പുതിയ പ്രവർത്തന മേഖലകൾ കണ്ടെത്തണം.

5) കൈത്തറി സഹകരണ സംഘങ്ങളുടെ കാര്യത്തിൽ ആധുനിക സാങ്കേതിക നവീകരണ രീതികൾ ഏർപ്പെടുത്തണം.

6) സംസ്ഥാന ജില്ലാനിലവാരത്തിലുള്ള ബാങ്കുകൾക്ക് പ്രാദേശിക സംഘങ്ങളിന്മേലുള്ള അനാവശ്യ നിയന്ത്രണങ്ങൾ ഒഴിവാക്കേണ്ടതാണ്.

7) അപേക്ഷകന് കാലതാമസം കൂടാതെ ആവശ്യാനുസരണം വായ്പ ലഭ്യമാക്കേണ്ടതാണ്.

പട്ടികജാതി പട്ടികവർഗ്ഗവികസനം

1991-ലെ സെൻസസ് പ്രകാരം ഈ പഞ്ചായത്തിൽ പട്ടികജാതി വിഭാഗത്തിൽ 2893 പേരാണ് ഉള്ളത്. പ്രധാനമായും നാല് ജാതിക്കാരാണുള്ളത് കുറവർ, പറയർ, പുലയർ, വേടർ എന്നിവരാണ്. വിദ്യാഭ്യാസ രാഷ്ട്രീയ സാമൂഹ്യ രാഷ്ട്രീയ രംഗങ്ങളിൽ ഉയർന്നുനിലയ്ക്കുന്നത്. പുലയരും, പറയരും, കുറവരുമാണ്. വേടർ ഇനിയും വേണ്ടത്ര ഉയർന്നുവന്നിട്ടില്ല.

96-97 വർഷത്തിലേക്ക് 40 പട്ടികജാതി കുടുംബാംഗങ്ങളെ IRDP സർവ്വേ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 5000 രൂപവരെ സബ്സിഡി അനുവദിക്കുന്നതാണ്.

പഞ്ചായത്തിൽ ഉണ്ടായിരുന്ന വീടുകളുടെ 97 ശതമാനവും താമസയോഗ്യമായിരുന്നില്ല ഇവ പരിഹരിക്കാൻ ഇവർ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങൾ എടുത്തുകൊണ്ട് കോളനികളായി അംഗീകരിക്കുകയും അവിടെയുള്ളവർക്കെല്ലാം പല പദ്ധതികളിൽ ഉൾപ്പെടുത്തി വീടുകളും അതിനോട് ചേർന്ന് കക്കൂസും, വയറിംഗും നടത്തി കൊടുക്കുകയും ചെയ്തിട്ടുള്ളതാണ്. അങ്ങനെയുള്ള കോളനികളുടെ പേരും വീടുകളും കുടുംബാംഗങ്ങളുടെ എണ്ണവും താഴെ ചേർക്കുന്നു.

	കോളനിയുടെ പേര്	വീട് വേണ്ടവർ	ആകെ കുടുംബങ്ങൾ	വീടുകൾ കിട്ടിയവർ
1)	കൊട്ടറ പാലമുക്ക് IHDP	10	40	30
2)	പാലൂർക്കോണം–നാൽക്കവല	20	25	5
3)	തച്ചക്കോട് do	7	10	3
4)	കോണത്ത് പൂയപ്പള്ളി കിഴക്ക്	17	40	23
5)	കപ്പുമാംവിള do	1	14	13
6)	കാഞ്ഞിരംപാറ do	16	21	5
7)	നെല്ലിപ്പറമ്പ് വേടർ	7	10	3
8)	ഓട്ടുമല IHDP കോഴിക്കോട്	10	70	60
9)	മുടിയൂർക്കോണം ചെങ്കുളം	35	75	40
10)	പറണ്ടോട് do	5	15	10
11)	വേങ്കോട്–കോഴിക്കോട്, മരുതമൺപള്ളി	11	20	9
12)	കട്ടച്ചൽ വേടർ	9	21	12
13)	വാച്ചിക്കോണം	—	13	13
	ആകെ	148	374	226

നഴ്സറി, എൽ. പി., അംഗൻവാടി ഹൈസ്ക്കൂൾ തലങ്ങളിൽ പഠിക്കുന്നവരും സ്ക്കൂളിന്റെ പേരും ചുവടെ ചേർക്കുന്നു.

പ്രീ പ്രൈമറി

		ആൺ	പെൺ	ആകെ
1	ജീവാ നഴ്സറി	2	—	2
2	മൈലോട് പ്രീ പ്രൈമറി	2	5	7
			ആകെ	9

അംഗൻവാടി

		ആൺ	പെൺ	ആകെ
1	ഓട്ടുമല	10	7	17
2	ചെങ്കുളം	5	9	14
3	മുടിയൂർക്കോണം	20	14	34
4	പുന്നക്കോട്	7	3	10
	ആകെ	42	33	75

000076

L. P. വിഭാഗം

	പേര്		ആൺ	പെൺ	
1	ഗവ: എൽ പി എസ് കൊട്ടറ നാൽക്കവല വാർഡ്	V	5	2	
2	ഗവ: W: എൽ പി എസ് ഓട്ടുമല കോഴിക്കോട് വാർഡ്	VI	19	15	
3	എൽ പി എസ് കോഴിക്കോട്		13	9	
4	എൽ പി എസ് മാലയിൽ		28	24	
5	SNV എൽ പി എസ് കാഞ്ഞിരത്തിങ്കൽ കൊട്ടറ	I.	19	20	
6	SNV UPS മരുതമൺപള്ളി പുന്നക്കോട്	X	8	13	
7	MIMUPS കട്ടച്ചൽ പുന്നക്കോട്	X	27	38	
8	MGMLPS പുന്നക്കോട്	X	16	28	
9	LMS എൽ. പി. എസ്., മീഷ്യൻവിള, മരുതമൺപള്ളി		27	9	
		ആകെ	162	158	320

ഹൈസ്ക്കൂൾ വിഭാഗം			ആൺ	പെൺ	ആകെ
ഗവ: ഹൈസ്ക്കൂൾ, പൂയപ്പള്ളി	വാർഡ്	III	34	41	75
SMHS കൊട്ടറ	,,	I	40	56	96
TEM ഹൈസ്ക്കൂൾ മൈലോട്	,,	V	208	100	308
സെൻറ് തോമസ് ഹൈസ്ക്കൂൾ-പുന്നക്കോട്		X	41	39	80
			323	236	559

13 അംഗീകൃത കോളനിയിലും 8 പട്ടികജാതി സങ്കേതങ്ങളിലും 3 ലക്ഷംവീട് കോളനിയിലും 2 ജയന്തികോളനിയിലും ഒറപ്പെട്ട് കോളനിക്ക് വെളിയിലുമായി ഏകദേശം 652 കുടുംബങ്ങളിലായി 91ലെ സെൻസസ് അനുസരിച്ച് 8923 പട്ടികജാതിക്കാർ ഉള്ളതാണ്. പുരുഷൻമാരിൽ സ്ഥിരമായി 20% കർഷകതൊഴിലാളികളും 40% ഭാഗികമായും കർഷകതൊഴിലാളികളാണ്. ഈ 40% ഭാഗികമായി മറ്റ് നിർമ്മാണ മേഖലയിൽ പണികണ്ടെത്തുമ്പോൾ 22 ശതമാനം സ്ഥിരമായി മറ്റ് നിർമ്മാണമേഖലയിൽ പണിചെയ്തുവരുന്നു. 5 ശതമാനം ടാപ്പിംഗ്തൊഴിലാണ്. 43 ശതമാനം വിദ്യാർത്ഥികളും 6.75ശതമാനം വാർദ്ധക്യം ചെന്നവരും അസുഖം മൂലം പണിചെയ്യാത്തവരുമാണ്. 25 ശതമാനം സർക്കാർ ജീവനക്കാരും മറ്റ് വിവിധ സംഘടിതമേഖലയിൽ തൊഴിൽ ഉള്ളവരുമാണ്.

സ്ത്രീകളിൽ 15 ശതമാനം സ്ഥിരമായി കർഷക തൊഴിലാളികളും 35 ശതമാനം കശുവണ്ടി വ്യവസായ തൊഴിലാളികളും 25 ശതമാനം ജീവനക്കാരും 10 ശതമാനം നിർമ്മാണതൊഴിലാളികളും ഏകദേശം 3 ശതമാനം വീട്ടമ്മമാരും വാർദ്ധക്യം ചെന്നവരും അസുഖംമൂലം പണിയെടുക്കാൻ കഴിവില്ലാത്തവരുമാണ്.

പട്ടികജാതിക്കാരുടെ ഒരു കൈത്തറിസഹകരണസംഘത്തിൽ 40 ഓളം ആളുകൾ പണിചെയ്തിരുന്നു. ഈ മേഖലയേക്കാൾ വർദ്ധിച്ച വേതനം മറ്റുതൊഴിലിൽനിന്നും ലഭിക്കുന്നതുകൊണ്ട് ഇതിൽനിന്നും ആളുകൾ പിരിഞ്ഞുപോയതുകൊണ്ട് ഈ സംഘത്തിന്റെ ഈ സംഘത്തിന്റെ പ്രവർത്തനം നിലച്ചിരിക്കുന്ന അവസ്ഥയാണ്.

പൂയപ്പള്ളി [illegible] സഹകരണസംഘം 1984 ൽ രജിസ്റ്റർചെയ്ത് പ്രവർത്തനം ആരംഭിച്ചതാണ്. അപ്രകാരം ഒരുസംഘം ഉണ്ടെന്ന കാര്യംപോലും അജ്ഞാതമാണ്. വളരെയധികം പ്രവർത്തനസാദ്ധ്യതകൾ ഉള്ളതാണ്. നിലവിലുള്ള പ്രവർത്തനം വിലയിരുത്തി ഹരിജനങ്ങൾക്ക് പ്രയോജനകരമായ വിധം ഇതിന്റെ പ്രവർത്തനം രൂപപ്പെടുത്തേണ്ടതാണ്.

90 ശതമാനം കുടുംബങ്ങളും വിവിധ സ്ഥാപനങ്ങളിൽ നിന്ന് വായ്പ എടുത്തതിരിച്ചടയ്ക്കാൻ കഴിയാതെ കടക്കെണിയിലാണ്. ശരാശരി വർഷികവരുമാനം 6000 രൂപയിൽ അധികരിക്കില്ല ഇതുകൊണ്ടുതന്നെ മറ്റു ജനവിഭാഗങ്ങൾക്കുള്ള മെച്ചപ്പെട്ട സൗകര്യങ്ങൾ

000007

ഉണ്ടാക്കുവാനോ ആരോഗ്യപരമായ ജീവിതം നയിക്കുവാനോ കഴിയുന്നില്ല

ജനപ്രതിനിധികളായി ഗ്രാമപഞ്ചായത്തിൽ ഒരാളും, സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ ഒരു പ്രതിനിധിയുമാണുള്ളത്.

8 സങ്കേതങ്ങളിൽ കോളനി സൗകര്യങ്ങളും ഉണ്ടാക്കാവുന്നതാണ്, സങ്കേതങ്ങളും ഏതൊക്കെയെന്ന് ആദ്യം തന്നെ കാണിച്ചിട്ടുണ്ട്.

നിലവിലുള്ള കോളനികളിൽ എല്ലാ അടിസ്ഥാന പ്രാഥമിക സൗകര്യങ്ങളും പൂർണ്ണമായിട്ടില്ല. വീട്, വൈദ്യുതി, വെള്ളം, കക്കൂസ് വഴി എന്നിവ. വൈദ്യുതി പല കോളനികളിലും എത്തി നോക്കിയിട്ടുണ്ടെങ്കിലും 90% വീടുകളിലും എത്തിയിട്ടില്ല. തെറ്റായ ആസൂത്രണത്തിന്റെഫലമാണിത്. ശുദ്ധജലം ഒരു കോളനിയിലും എത്തിയിട്ടില്ല ചില സംരംഭങ്ങളും തുടങ്ങിയത് അവിടെത്തന്നെ നിൽക്കുകയാണ്. കക്കൂസ് 20 ശതമാനം കുടുംബങ്ങൾക്കുകൂടി അനുവദിച്ചാൽ ആ പ്രശ്നത്തിന് ആശ്വാസമാകും. താമസയോഗ്യമായ 40 ശതമാനം വീടുകളും മൊത്ത പട്ടികജാതിക്കാരിലായിട്ടുള്ളൂ. അനുവദിച്ച വീടുകൾക്ക് നിയമാനുസൃതമുള്ള തുകയും അദ്ധ്വാനവും ഉൾപ്പെടുത്തിയാൽപോലും വീട് പൂർത്തീകരിക്കാൻ കഴിയാത്തതിനാൽ പല വീടുകളുടേയും പണി സ്തംഭനാവസ്ഥയിലാണ്. പുതിയ കോളനികൾ ഏറെടുക്കുവാനും ഈ അവസ്ഥ ഉണ്ടാകാതിരിക്കാനുള്ള ഉൾക്കാഴ്ചയോടുകൂടിയ ജനകീയാസൂത്രണം നടത്തേണ്ടതാണ്.

പ്രശ്നങ്ങൾ

1 പുത്തൻ തലമുറയുടെ ആരോഗ്യക്കുറവ്
2 പോഷക ആഹാരക്കുറവും, ആരോഗ്യക്കുറവും
3 ചികിൽസയുടെ അപര്യാപ്തത
4 അംഗൻവാടികളിൽ മതിയായ പ്രാതിനിധ്യം ഇല്ല.
5 ഇപ്പോഴും കുടിലുകളിൽ താമസിക്കുന്നവരുണ്ട്.
6 അനാചാരങ്ങളും അന്ധവിശ്വാസങ്ങളും നിലനിൽക്കുന്നു.
7 ശവസംസ്ക്കാര സൗകര്യക്കുറവ്
8 വിദ്യാഭ്യാസരംഗത്തെകൊഴിഞ്ഞുപോകൽ
9 വിദ്യാഭ്യാസനിലവാരത്തിലുള്ള കുറവ്
10 ഭൂരിപക്ഷവും ദാരിദ്ര്യരേഖയ്ക്ക് താഴെ
11 ഭൂമി വാങ്ങുന്നതിനും, വീടുവയ്ക്കുന്നതിനും നൽകുന്ന തുകയിലുള്ള അപര്യാപ്തത
12 കായിക കലാരംഗത്തുള്ള പ്രോൽസാഹക്കുറവ്

സാദ്ധ്യതകൾ:-

1 പുതിയ തലമുറയിൽ കണ്ടുവരുന്ന ആരോഗ്യക്കുറവ് പരിഹരിക്കാൻ കുട്ടികളായിരിക്കുമ്പോൾത്തന്നെ പോഷകാഹാരം ലഭിക്കുന്നതിനുള്ള പദ്ധതികളാവിഷ്ക്കരിക്കണം.
2 പോഷകാഹാരങ്ങളുടെ ലഭ്യത ഉറപ്പുവരുത്തി ആരോഗ്യസംബന്ധമായ കാരങ്ങളിൽ ബോധവത്ക്കരണം നടത്തണം
3 പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ ചികിൽസയ്ക്ക് സാമ്പത്തിക സഹായം നൽകുകയും, കോളനികളിൽ കൂടെക്കൂടെ രോഗപരിശോധന നടത്തുകയും ചികിൽസ നല്കുകയും വേണം
4 അംഗൻവാടികളിൽ പട്ടികജാതി വിഭാഗത്തിൽപെട്ട കുട്ടികളെ പൂർണ്ണമായും ഉൾപ്പെടുത്തുക.
5 കുടിലുകളിൽ താമസിക്കുന്ന പട്ടികജാതി കുടുംബങ്ങളെ കണ്ടെത്തി അവർക്ക് സൗജന്യമായി വീട് നിർമ്മിച്ചുനൽകണം
6 അനാചാരങ്ങൾക്കും, അന്ധവിശ്വാസങ്ങൾക്കും എതിരെ ബോധവൽക്കരണം നടത്തുക
7 കോളനികളിൽ അവിടെ അവിടെത്തന്നെ ശ്മശാനങ്ങൾക്കുള്ള സ്ഥലം നിക്കിവയ്ക്കണം
8 സ്ക്കൂളുകളിൽനിന്നുള്ള കൊഴിഞ്ഞുപോക്കലിന് നടപടി സ്വീകരിക്കണം
9 പഠനനിലവാരം കുറവുള്ള പട്ടികജാതി വിദ്യാർത്ഥികൾക്ക് സൗജന്യ ട്യൂഷൻ ഏർപ്പെടുത്തുക.
10 ദാരിദ്ര്യരേഖയ്ക്ക്താഴെനിൽക്കുന്ന ആളുകളെ ഉയർത്തിക്കൊണ്ടുവരുന്നതിന് പ്രത്യേക പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതാണ്
11 ഭൂമിവാങ്ങുന്നതിനും വീടുവയ്ക്കുന്നതിനുംഇന്ന് നല്കുന്ന തുക വർദ്ധിപ്പിക്കേണ്ടതാണ്
12 കലാ-കായികരംഗത്ത് അഭിരുചിയുള്ള കുട്ടികളെ കണ്ടെത്തി പ്രത്യേകപ്രോൽസാഹനം നല്കുക

XII വിഭവസമാഹരണം

കാർഷികപ്രധാനമായ സമ്പദ്വ്യവസ്ഥയുടെ ഒരു ഇടത്തരം പഞ്ചായത്താണ് പുയപ്പള്ളി. കാർഷികോൽപ്പാദനവുമായി ബന്ധപ്പെട്ട ഒരു വിഭവ സമാഹരണരീതി നിലവിലില്ല. പഞ്ചായത്തിന്റെ ഇന്നുള്ള സാമ്പത്തിക സ്ഥിതിയ്ക്ക് ആസ്പദമായിട്ടുള്ളത് കെട്ടിട നികുതി, തൊഴിൽ നികുതി, ഭൂമി കൈമാറ്റ നികുതി, വിനോദനികുതി അടിസ്ഥാന

നികുതിയുടെ ഭാഗം വെഹിക്കിൾ ടാക്സ് കോമ്പൻസേഷൻ, ഷോപ്പിംഗ് കോംപ്ലക്സ്, ഇറച്ചി ലേലത്തിൽ നിന്നുള്ള വരവ്, സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാൻറുകൾ, ഡെപ്പോസിറ്റുകൾ എന്നിവയാണ്. ഇതു സംബന്ധിച്ച് 1995-'95ലെ കണക്ക് ഇനി പറയും പ്രകാരമാണ്.

1 കെട്ടിട നികുതി 217811.
2 തൊഴിൽ നികുതി 165648
3 ഭൂമി കൈമാറ്റ നികുതി 256216
4 മറ്റിനങ്ങൾ 273973
5 സർക്കാർ ഗ്രാൻറ് 957998
6 ഡെപ്പോസിറ്റ് 221226

ആകെ - 20,92 872

ഗ്രാൻറ് ഇനത്തിൽ വർദ്ധനവ് വന്നത് ഈ വർഷമാണ്. ഇത്തിക്കരയാറിലെ മണൽ ലേലത്തിൽനിന്നുള്ള വരവ് ഈ പഞ്ചായത്തിന്റെ മുഖ്യ വരുമാനം ആയിരുന്നു. 1986 മുതൽ ആ വരുമാനം ഇല്ല. കോടതിനടപടികളിൽപെട്ട് ലേലം തടസപ്പെട്ട് കിടക്കുകയാണ് ഇന്നത്തെ നിലയിൽ ലേലം ചെയ്താൽ പ്രതിവർഷം 15 ലക്ഷം രൂപ അധികവരുമാനമുണ്ടാകും.

ചെലവ് സംബന്ധിച്ച വിവരങ്ങൾ താഴെപ്പറയും പ്രകാരമാണ്.

1 ഭരണപരം - 538592 രൂപ.
2 മരാമത്ത് - 93413 രൂപ.
3 വിദ്യാഭ്യാസം - 58231 രൂപ.
4 പൊതുജനാരോഗ്യം- 39731 രൂപ.
5 തെരുവുവിളക്കുകൾ- 125710 രൂപ
6 മറ്റ് ചെലവുകൾ - 881259 രൂപ
ആകെ - 17,37,036 രൂപ

10 ശതമാനത്തോളം നികുതി പിരിഞ്ഞുകിട്ടാതെ പോകുന്നുണ്ട്. കെട്ടിട നികുതി പുനർനിർണ്ണയിക്കുന്നത് 5 വർഷത്തിലൊരിക്കലാണ്. കെട്ടിടങ്ങൾക്ക് നിയമപ്രകാരം തീട്ടപ്പെടുത്താവുന്ന വാടകയുടെ 6% മുതൽ 10% വരെ കെട്ടിടനികുതി ചുമത്താമെന്നിരിക്കെ 6% എന്ന കണക്കിലാണ് ഈ പഞ്ചായത്തിൽ നികുതിചുമത്തിയിട്ടുള്ളത്. അതുതന്നെയും കെട്ടിട ഉടമകൾക്ക് അസംതൃപ്തി ഉണ്ടാക്കുന്നതുകൊണ്ട് ഈ നികുതിയിൽ വർദ്ധനവ് വരുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകൾ ഉണ്ട്. തൊഴിൽനികുതിയിൽ വർഷംതോറും വർദ്ധനവ് ഉണ്ടാകാറുണ്ട്, അത് ശമ്പളത്തിൽ വരുന്ന വർദ്ധനവ്കൊണ്ടാണ്. മറ്റ് ഇനങ്ങളിലുള്ള വരവുകൾ ആനുപാതികമായി വർദ്ധിക്കുന്നുണ്ട്.

പുതുതായി ഏർപ്പെടുത്താൻ സാധ്യതയുള്ളത് റബർ, തുടങ്ങിയ കാർഷിക വിളകളിൽ ഏർപ്പെടുത്താവുന്ന നികുതിയാണ്. മുഖ്യമായും ആശ്രയിക്കാവുന്നത് ഗവൺമെൻറിൽ നിന്നും ലഭിക്കാവുന്ന വർദ്ധിച്ച സാമ്പത്തിക സഹായമാണ്. ജനകീയാസൂത്രണ പദ്ധതിയിൽ മുഖ്യമായും കാണുന്നത് മനുഷ്യ വിഭവമാണ്. ഏതൊരു വികസന പ്രവർത്തനത്തിലും പണമായിട്ടുള്ള മുടക്കിനു പുറമേ മനുഷ്യാധ്വാനം കൂടി ചേർത്ത് ആ പ്രവർത്തനത്തെ ദ്വിഗുണീഭവിപ്പിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം '96 നവം: 1 നു നടന്ന പുനരർപ്പണ ദിനത്തിലെ വികാസപ്രവർത്തനങ്ങൾ ഉദാഹരണമാണ്.

വാണിജ്യബാങ്കായി ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നത് സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ പൂയപ്പള്ളി ബ്രാഞ്ചാണ്. ഈ ബാങ്കിൽ പ്രതിവർഷം ശരാശരി 4 കോടിരൂപയുടെ നിക്ഷേപം ലഭിക്കുന്നുണ്ട്. എന്നാൽ അതിന്റെ 10% വരെ മാത്രമേ വായ്പാനത്തിൽ പഞ്ചായത്തിൽ ചെലവഴിക്കുന്നുള്ളൂ. നിക്ഷേപത്തിന്റെ ന്യായമായ വിഹിതം ബാങ്കിന്റെ പരിധിക്കുള്ളിലുള്ളവർക്ക് വായ്പയായി ലഭിക്കേണ്ടതാണ്. പക്ഷേ സർക്കാരിന്റെ തൊഴിൽദാന പദ്ധതിക്കും IRDP പദ്ധതികൾക്കും ഈ ബാങ്കിൽനിന്നു വായ്പ നൽകുന്നതിന് വൈമനസ്യവും തടസങ്ങളും അനുഭവപ്പെടുന്നുണ്ട്.

വായ്പാരംഗത്ത് ഈ പഞ്ചായത്തിലെ പ്രധാനസ്ഥാപനം പൂയപ്പള്ളി സർവ്വീസ് സഹകരണബാങ്കാണ്. 1 കോടിയിൽപ്പരം രൂപ നിക്ഷേപം ഉണ്ട്. ഹ്രസ്വകാല വായ്പകളും മധ്യകാല വായ്പകളും ഈ ബാങ്കിൽനിന്നും ആവശ്യാനുസരണം നല്കുന്നുണ്ട്. ഇങ്ങനെ വായ്പ നല്കുന്നത് ജില്ലാ ബാങ്കുവഴി ലഭിക്കുന്നു. വായ്പകൾ കൂടി ഉപയോഗപ്പെടുത്തിയാണ് അടുത്തകാലത്തായി ജില്ലാ ബാങ്കിന്റെസഹായത്തോടെ കാർഷികേതരവായ്പകളും നൽകുന്നുണ്ട്. പക്ഷേ അതിന്റെപലിശ താങ്ങാനാവുന്നതിനപ്പുറമാണ്.

വ്യക്തികൾ നടത്തുന്ന ഒരുഡസനോളം സ്വകാര്യവായ്പാ സ്ഥാപനങ്ങളും പഞ്ചായത്തിൽ ഉണ്ട്. ബിസിനസ് മെച്ചപ്പെടുത്താനുള്ള സമീപനം കൊണ്ട് ആളുകൾ കൂടുതലായി ഈ സ്ഥാപനങ്ങളെ സമീപിക്കുന്നുണ്ട്. അതുകൊണ്ട് ഈ സ്ഥാപനങ്ങളെല്ലാം നല്ല വളർച്ചയിലാണ്.

മറ്റൊരു മുഖ്യ വിഭവം ഗൾഫ് പണമാണ് ഈ പഞ്ചായത്തിൽ നിന്നും 3000 ൽപരം ആളുകൾ ഗൾഫ് നാടുകളിലും മറ്റ് വി

080000000073

ദേശ രാജ്യങ്ങളിലും പണിയെടുത്ത് നാട്ടിലേയ്ക്ക് പണം അയക്കുന്നുണ്ട്. നല്ലൊരുവിഭാഗം ആളുകളുടെ ദാരിദ്ര്യം മാറാൻ ഈ മേഖല സഹായിച്ചിട്ടുണ്ട്. അവരിൽനിന്നും വരുന്ന നിക്ഷേപങ്ങളിൽ കൂടുതലും ഓയൂർ ഫെഡറൽ ബാങ്കിലാണ്. ബാക്കി സ്റ്റേറ്റ് ബാങ്കിലും ഈ നിക്ഷേപം ഒരു പ്രധാന വിഭവമായി കണ്ട് പഞ്ചായത്തിന്റെ വികസന രംഗത്ത് ഉപയോഗിക്കാവുന്നതാണ്.

പ്രശ്നങ്ങൾ:-

1 പഞ്ചായത്തിന്റെ വരുമാന സാദ്ധ്യതകളും പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നില്ല.
2 ഭാരിച്ച ഭരണച്ചെലവ്
3 കോൺട്രാക്ടർമാരും മറ്റ് ഇടത്തട്ടുകാരും തട്ടിയെടുക്കുന്നു അമിതലാഭം
4 ധനകാര്യസ്ഥാപനങ്ങളിൽ നിന്നുംവായ്പ ലഭിക്കുന്നതിനുള്ള തടസങ്ങളും
5 പ്രാദേശികാവശ്യങ്ങൾക്കനുസരിച്ചുള്ള സ്കീമുകളും തയ്യാറാക്കുന്നതിനുള്ള ബുദ്ധിമുട്ടുകളും
6 വായ്പകളുടെ ലക്ഷ്യംവിട്ടുള്ള വിനിയോഗം
7 പൊതുഫണ്ടുകളുടെ ദുർവിനിയോഗം
8 സന്നദ്ധപ്രവർത്തനങ്ങളിലുള്ള വിമുഖത
9 സുതാര്യതക്കുറവ്
10 സർവ്വീസ് സഹകരണബാങ്കുകളിൽ ആളുകൾക്ക്പണം നിക്ഷേപിക്കുന്നതിന് വൈമനസ്യം

സാദ്ധ്യതകൾ

1 ജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കാത്തിടത്തോളം പുതിയ നികുതികളും ഏർപ്പെടുത്തേണ്ടതാണ്. പിരിവ് കാര്യക്ഷമമാക്കുകയും വെട്ടിപ്പ് തടയുകയും വേണം.
2 ഭരണച്ചെലവ് കുറയ്ക്കാനുള്ള നടപടി.
3 ഇടത്തട്ടുകാരെ ഒഴിവാക്കിക്കൊണ്ടുള്ള വികസന പ്രക്രിയ
4 ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭിക്കുന്നതിന് വ്യവസ്ഥകൾ ലളിതമാക്കുക
5 സ്കീമുകൾ പ്രാദേശിക ആവശ്യങ്ങൾക്കനുസരിച്ച് രൂപപ്പെടുത്തുക. പഞ്ചായത്തിനൊരു ക്രെഡിറ്റ് പ്ലാൻ ഉണ്ടാക്കുക.
6 വായ്പകൾ അതുലക്ഷ്യം വയ്ക്കുന്ന കാര്യങ്ങൾക്ക് തന്നെ വിനിയോഗിക്കുക
7 പൊതുഫണ്ടുകളുടെ ദുർവിനിയോഗം കർശനമായി തടയുക
8 ജനകീയാസൂത്രണത്തിലെ സന്നദ്ധപ്രവർത്തനങ്ങളെപ്പറ്റിയുള്ള ബോധവൽക്കരണം
9 പഞ്ചായത്തിന്റെ ചെലവുകൾ സുതാര്യമാക്കുവാനുള്ള നടപടികൾ. ഉദാ: കണക്കുകൾ അച്ചടിച്ച് പ്രസിദ്ധീകരിക്കുക, ഗ്രാമസഭകളിൽ അവതരിപ്പിക്കുക
10 സർവ്വീസ് ബാങ്കുകൾക്ക് മറ്റ് ബാങ്കുകളെക്കാൾ പ്രാധാന്യം ഉണ്ടെന്ന ബോധം നിക്ഷേപകരിൽ വളർത്തുക.

Irene's Press & Book Depot Pooyappally.

000000080